

''നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ''

ഉല്പ. 41: 55

# വേദപ്രചാര
# മദ്ധ്യസ്ഥൻ


**ചങ്ങനാശേരി അതിരൂപത**

**സ്ഥാപിതം: മെയ് 20,1887**

**വാല്യം 90 ലക്കം12 ജൂൺ 2018**

# ഉള്ളടക്കം

പരിശുദ്ധ പിതാവിന്റെ സന്ദേശം ..................................... 5
സർക്കുലർ Ref: 18 Ch.198-273 .................................... 13
സർക്കുലർ 18 Ch.199-274 ......................................... 15
കച്ചേരിക്കാര്യം ........................................................... 19
വൈദികസമ്മേളന റിപ്പോർട്ട് ......................................... 21
അതിരൂപതാദിനാചരണ റിപ്പോർട്ട് ................................ 23
അനുസ്മരണം ............................................................ 27
പഞ്ചവത്സര അജപാലനപദ്ധതി .................................... 30
പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി ............................. 34
പാസ്റ്ററൽ കൗൺസിൽ.................................................. 35
സന്ദേശനിലയം .......................................................... 36
ചെറുപുഷ്പ മിഷൻലീഗ് ............................................. 41
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........... 43
ഫാമിലി അപ്പോസ്റ്റലേറ്റ്. ................................................ 45
പ്രവാസി അപ്പോസ്റ്റലേറ്റ് ............................................. 47
യുവദീപ്തി ............................................................... 48
ജീവകാരുണ്യനിധി ട്രസ്റ്റ് ............................................... 51
ആവേമരിയ .............................................................. 52
ഫ്രാൻസിസ്കൻ അല്മായസഭ ...................................... 53
ചാസ് ....................................................................... 55
ആത്മതാകേന്ദ്രം ........................................................ 64
ദലിത് കത്തോലിക്കാ മഹാജനസഭ ............................... 65
വിൻസെൻഷ്യൻ വേദി ................................................ 67
കെയർ ഹോംസ്.......................................................... 69
കെ.സി.എസ്.എൽ. ................................................... 71
ചാരിറ്റി വേൾഡ് ട്രസ്റ്റ് .................................................. 73
കരിസ്മാറ്റിക് നവീകരണം ........................................... 75
പൗരോഹിത്യ ആദ്ധ്യാത്മികത ........................................ 77
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ................................ 84
Engagements. .......................................................... 96

Annual Subscription: Rs. 120/-

ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3086/K-5/KCBC/OL/DS 05.05.2018

# ലോക മാധ്യമദിന സന്ദേശം – 2018
## ഫ്രാൻസിസ് മാർപാപ്പ

**"സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)**

## വ്യാജവാർത്തകളും സമാധാനത്തിനുവേണ്ടിയുള്ള മാധ്യമപ്രവർത്തനവും

പ്രിയ സഹോദരീസഹോദരന്മാരേ,

വാർത്താവിനിമയം, നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ഭാഗവും പരസ്പരം സൗഹൃദം അനുഭവിച്ചറിയാനുള്ള സത്താപരമായ മാർഗവുമാണ്. നമ്മുടെ സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ട് സത്യവും നല്ലതും സുന്ദരവുമായതെല്ലാം പ്രകടിപ്പിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കും. നമ്മുടെ അനുഭവങ്ങളെയും നമുക്കുചുറ്റുമുള്ള ലോകത്തെയും വിവരിക്കുന്നതിലൂടെ സംഭവങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ ഓർമ്മയും ധാരണയും സൃഷ്ടിക്കാൻ നമുക്കു കഴിയും. എന്നാൽ അഹന്തയ്ക്കും സ്വാർത്ഥതയ്ക്കും നാം കീഴ്പ്പെടുമ്പോൾ ആശയവിനിമയത്തിനുള്ള നമ്മുടെ സാധ്യത വികലമാക്കപ്പെടും. ഇത് ആദിമകാലം മുതൽ കാണുന്ന ഒന്നാണ്. കായേൻ, ആബേൽ എന്നിവരെയും ബാബേൽ ഗോപുരത്തെയും സംബന്ധിച്ച് ബൈബിളിൽ കാണുന്ന കഥകളിൽ അതുകാണാം (cf ഉത്പ 4:4–16; 11:1–9). സത്യത്തെ വളച്ചൊടിക്കാനുള്ള കഴിവ്, വ്യക്തികളെന്ന നിലയിലും സമൂഹങ്ങളെന്ന നിലയിലുമുള്ള നമ്മുടെ അവസ്ഥയുടെ ലക്ഷണമാണ്. മറുവശത്ത്, നാം ദൈവത്തിന്റെ പദ്ധതിയോടു വിശ്വസ്തത പുലർത്തുമ്പോൾ ആശയവിനിമയം സത്യത്തിനുവേണ്ടിയുള്ള നമ്മുടെ ഉത്തരവാദിത്വപൂർണമായ അന്വേഷണത്തിന്റെയും നന്മയെ പിന്തുടരുന്നതിന്റെയും കാര്യക്ഷമമായ പ്രകാശനമായിത്തീരും.

ഇന്ന്, വാർത്താവിനിമയത്തിന്റെയും ഡിജിറ്റൽ സംവിധാനങ്ങളുടെയും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് "വ്യാജവാർത്തകൾ" എന്നറിയപ്പെടുന്നവയുടെ വ്യാപനത്തിന് നാം സാക്ഷ്യംവഹിക്കേണ്ടിവരുന്നു. ഇത് നമ്മുടെ വിചിന്തനം ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് ഈ ലോക സമ്പർക്ക മാധ്യമദിന സന്ദേശത്തിൽ സത്യമെന്ന വിഷയം വീണ്ടും അവതരിപ്പിക്കാൻ ഞാൻ നിശ്ചയിച്ചത്. ഈ വിഷയം പലകാലങ്ങളിലും എന്റെ

മുൻഗാമികൾ ഉയർത്തിക്കാണിച്ചിട്ടുള്ളതാണ്. പോൾ 6-ാമൻ മാർപാപ്പ അതു തുടങ്ങിവച്ചു. അദ്ദേഹത്തിന്റെ 1972-ലെ സന്ദേശം "സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സത്യത്തിനുള്ള സേവനത്തിന്" എന്നതായിരുന്നു. ഈ വിചിന്തനങ്ങളോട് പങ്കുചേർന്ന് വ്യാജവാർത്തകളുടെ വ്യാപനത്തെ കണ്ടെത്താനും വാർത്താവിനിമയത്തിന്റെ മഹത്ത്വത്തെയും സത്യം അറിയിക്കാൻ വാർത്താവിതരണക്കാർക്കുള്ള വ്യക്തിപരമായ കടമയെയും പ്രചോദിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**1. വ്യാജവാർത്തയെ സംബന്ധിച്ച "വ്യാജം" എന്താണ്?**

വ്യാജവാർത്തകൾ എന്ന പദം വലിയ ചർച്ചയ്ക്കും വാദപ്രതിവാദത്തിനും വിഷയമായിട്ടുണ്ട്. പൊതുവേ, തെറ്റായ വിവരം ഓൺലൈൻവഴിയോ പരമ്പരാഗതമാധ്യമങ്ങൾ വഴിയോ പ്രചരിപ്പിക്കുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇല്ലാത്തതോ വികലമാക്കപ്പെട്ടതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വായനക്കാരനെ വഞ്ചിക്കാനും ദുരുപയോഗിക്കാനും വേണ്ടി തെറ്റായ വിവരങ്ങൾ നല്കലാണത്. വ്യാജവാർത്തകളുടെ പ്രചരിപ്പിക്കൽ പ്രത്യേക ലക്ഷ്യങ്ങൾ നേടാനും രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാനും സാമ്പത്തിക കാര്യങ്ങൾ സാധിക്കാനും സഹായകമാകും.

വ്യാജവാർത്തകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന്റെ കാരണം, ഒന്നാമതായി യഥാർത്ഥ വാർത്ത തെറ്റായിരിക്കാമെന്ന് തോന്നുംവിധം അവതരിപ്പിക്കാനുള്ള സാമർത്ഥ്യംകൊണ്ടാണ്. രണ്ടാമതായി തെറ്റായ വാർത്തയെ വിശ്വസിപ്പിക്കാവുന്ന രീതിയിൽ അവതരിപ്പിക്കുന്ന വഞ്ചനാത്മകമായ അവതരണമാണ്. അത് സ്ഥിരവും പൊതുവുമായ മുൻവിധികളെ അനുകൂലിച്ച് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ആകുലത, വെറുപ്പ്, കോപം, മനോഭംഗം മുതലായി പെട്ടെന്നുണ്ടാകുന്ന വികാരങ്ങളെ അതു ചൂഷണം ചെയ്യുന്നു. സാമൂഹിക നെറ്റുവർക്കുകളുടെ ദുരുപയോഗത്തെയും അവയുടെ പ്രവർത്തന രീതിയെയും ആശ്രയിച്ചാണ് അത്തരം വ്യാജവാർത്തകൾ പ്രചരിപ്പിക്കാനുള്ള കഴിവുണ്ടാകുന്നത്. സത്യമല്ലാത്ത കഥകൾ പെട്ടെന്നു പ്രചരിക്കുകയും അവയുടെ ആധികാരിക നിഷേധങ്ങൾ അതുവഴിയുണ്ടായ നാശത്തെ തടയാൻ അപര്യാപ്തമാകുകയും ചെയ്യും.

വ്യാജവാർത്തകളെ തുറന്നു കാണിക്കാനും ഒഴിവാക്കാനും പ്രയാസമുണ്ട്. കാരണം, അനേകം ആളുകൾ വ്യത്യസ്തവീക്ഷണങ്ങളും അഭിപ്രായങ്ങളും കടന്നുചെല്ലാത്ത സ്ഥിരം ഡിജിറ്റൽ സാഹചര്യങ്ങളോടാണ് പ്രതികരിക്കുന്നത്. അങ്ങനെ, മുൻവിധികളെ കാര്യക്ഷമമായി വെല്ലുവിളിക്കാനും സർഗാത്മകമായ സംഭാഷണമുണ്ടാകാനും സഹായിക്കുന്ന മറ്റുള്ള ഗുണപരമായ ആശയവിനിമയ ഉറവിടങ്ങൾ ഇല്ലാത്തതുകൊണ്ട്

വികലമാക്കൽ പ്രക്രിയ വളർന്നു പുഷ്പിക്കുന്നു. അടിസ്ഥാനമില്ലാത്ത തെറ്റായ ആശയങ്ങളെ പ്രചരിപ്പിക്കാൻ, മനസ്സില്ലെങ്കിലും അവർ പ്രേരിപ്പിക്കപ്പെടുന്നു. തെറ്റായ വിവരം നല്കുന്നതിന്റെ ദുരന്തം ഇതാണ്: അതു മറ്റുള്ളവരെ ശത്രുക്കളായി ചിത്രീകരിച്ചുകൊണ്ട് അപമാനിക്കുകയും അവരെ ദുഷ്ടാത്മാക്കളായി ചിത്രീകരിച്ച് സംഘട്ടനത്തിലേക്കുവരെ നയിക്കുന്നു. സഹനശേഷിയില്ലാത്തതും അമിതവികാരംകൊള്ളിക്കുന്നതുമായ മനോഭാവങ്ങളുടെ അടയാളമാണ് വ്യാജവാർത്തകൾ. അത് മർക്കടമുഷ്ടിയും വിദ്വേഷവും പ്രചരിപ്പിക്കാൻ പ്രേരിപ്പിക്കുകയേ ഉള്ളൂ.

**2. വ്യാജവാർത്തകളെ നമുക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും?**

അസത്യങ്ങളെ നേരിടുകയെന്ന കടമയിൽനിന്ന് ഞാൻ ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് വിചാരിക്കാൻ നമുക്ക് ആർക്കും സാധ്യമല്ല. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, വ്യാജവാർത്തകൾ മിക്കപ്പോഴും മന:പൂർവം സൂത്രത്തിൽ ഒഴിഞ്ഞുമാറുന്നതും സൂക്ഷ്മതയോടെ വഴിതെറ്റിക്കുന്നതുമായ പ്രഭാഷണവിദ്യയിൽ അടിയുറപ്പിച്ചിരിക്കും. ചിലപ്പോൾ കുതർക്കങ്ങൾ ഉള്ള മനശ്ശാസ്ത്രപരമായ സമ്പ്രദായങ്ങൾ പ്രയോഗിച്ചിരിക്കും. മാധ്യമങ്ങൾ നല്കുന്ന വിവരങ്ങൾ വ്യാഖ്യാനിക്കാനും വിലയിരുത്താനും ജനങ്ങളെ സഹായിക്കുന്ന വിദ്യാഭ്യാസപരമായ പദ്ധതി സൃഷ്ടിക്കാൻ ഇന്നു പ്രശംസനീയമായ പരിശ്രമങ്ങൾ നടക്കുന്നുണ്ട്. തെറ്റായ വിവരങ്ങൾ ചിന്താശൂന്യരായി പ്രചരിപ്പിക്കാൻ സഹായിക്കാതെ തെറ്റുകളെ തുറന്നുകാണിക്കുന്നതിൽ സജീവമായി പങ്കുചേരാൻ അവ പഠിപ്പിക്കും. ആ പ്രതിഭാസത്തെ നിയന്ത്രിക്കാൻ സ്ഥാപനപരവും നിയമപരവുമായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്നതും പ്രശംസനീയമാണ്. ദശലക്ഷക്കണക്കിനുള്ള ഡിജിറ്റൽ പ്രൊഫൈലുകളിൽ ഒളിച്ചുവച്ചിട്ടുള്ള വ്യക്തിപരമായ വിവരങ്ങൾ പരിശോധിച്ചറിയാനുള്ള മാനദണ്ഡങ്ങൾ സാങ്കേതികവും മാധ്യമപരവുമായ കമ്പനികൾ ചെയ്യുന്നുണ്ടെന്നതിനെ സംബന്ധിച്ച് ഒന്നും പറയേണ്ടതില്ലല്ലോ.

എന്നാലും വ്യാജവാർത്താപ്രചാരണത്തിന്റെ രീതിയെ തടയുകയും അതിനെ തിരിച്ചറിയുകയും ചെയ്യുകയെന്നത് വിവേചിച്ചറിയലിന്റെ അഗാധവും ശ്രദ്ധാപൂർവകവുമായ പ്രക്രിയ ആവശ്യപ്പെടുന്നുണ്ട്. “നിഗൂഢ വിപത്തുണ്ടാക്കുന്ന തന്ത്രങ്ങൾ” എന്നു വിളിക്കപ്പെടാവുന്നതിനെ നാം തുറന്നുകാണിക്കണം. ഏതു സമയത്തും ഏതു സ്ഥലത്തും ശ്രദ്ധയാകർഷിക്കാൻ വേണ്ടി തങ്ങളെതന്നെ വേഷപ്രച്ഛന്നരാക്കുന്നവരാണ് ആ തന്ത്രങ്ങൾ പ്രയോഗിക്കുന്നത്. ഈ സമരതന്ത്രം തന്നെയാണ് ഉത്പത്തി പുസ്തകത്തിലെ “തന്ത്രശാലിയായ പാമ്പ്” പ്രയോഗിച്ചത്. അത് മനുഷ്യവംശത്തിന്റെ ആരംഭത്തിൽത്തന്നെ വ്യാജവാർത്ത സൃഷ്ടിച്ച് (cf ഉത്പ 3:1-15) മാനുഷിക പാപത്തിന്റെ ദുരന്തം തുടങ്ങിവച്ചു. സഹോദരനെ കൊല്ലുന്നതുവരെ അതു എത്തി (cf ഉത്പ 4). ദൈവത്തിനും അയൽക്കാരനും സമു

ദായത്തിനും സൃഷ്ടിക്കും എതിരായി ചെയ്യപ്പെട്ട അസംഖ്യം തിന്മകൾ അന്നുതുടങ്ങി. സമർത്ഥനായ "നുണകളുടെ പിതാവിന്റെ" (യോഹ 8:44) സമര തന്ത്രം കൃത്യമായി പറഞ്ഞാൽ മിമിക്രിയാണ്. വശീകരിക്കലിന്റെ കപടവും അപകടകരവുമായ രൂപമാണത്. അത് തെറ്റായതും വശീകരിക്കുന്നതുമായ വാദമുഖങ്ങളോടെ ഹൃദയത്തിലേക്ക് ഇഴഞ്ഞുകയറുന്നു.

ആദിമപാപത്തിന്റെ വിവരണത്തിൽ പരീക്ഷകൻ സ്ത്രീയെ, അവളുടെ കൂട്ടുകാരനെന്ന ഭാവത്തിൽ സമീപിക്കുന്നു. അവളുടെ ക്ഷേമത്തിൽ മാത്രം താത്പര്യമുള്ളവനായി ഭാവിക്കുന്നു. ഭാഗികമായി മാത്രം സത്യമായ ഒരു കാര്യം പറഞ്ഞുകൊണ്ടു തുടങ്ങുന്നു. "തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്ന് ദൈവം യഥാർത്ഥത്തിൽ കല്പിച്ചിട്ടുണ്ടോ?" (ഉത്പ 3:1). ദൈവം യഥാർത്ഥത്തിൽ ആദത്തോട് ഏതു മരത്തിൽനിന്നും ഭക്ഷിക്കരുത് എന്ന് ഒരിക്കലും പറഞ്ഞില്ല. ഒരു മരത്തിൽനിന്നു ഭക്ഷിക്കരുതെന്നേ പറഞ്ഞുള്ളൂ. നന്മയുടെയും തിന്മയുടെയും അറിവിന്റെ മരത്തിൽനിന്ന് ഭക്ഷിക്കരുതെന്നേ ദൈവം കല്പിച്ചിട്ടുള്ളൂ (ഉത്പ 2:17). സ്ത്രീ സർപ്പത്തെ തിരുത്താൻ ശ്രമിച്ചു. പക്ഷേ, അവന്റെ പ്രലോഭനത്തിനു വഴങ്ങിപ്പോയി. "എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്. ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്" (ഉത്പ 3:2) എന്ന് അവൾ പറഞ്ഞു. അവളുടെ ഉത്തരം നിയമപരവും നിഷേധപരവുമായ വാക്കുകളിൽ പൊതിഞ്ഞതായിരുന്നു. വഞ്ചകനെ കേൾക്കുകയും യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് അവൻ നല്കിയ വ്യാഖ്യാനം അംഗീകരിക്കുകയും ചെയ്തപ്പോൾ സ്ത്രീ വഴിതെറ്റിക്കപ്പെട്ടു. അവൾ ആ വഞ്ചകർ നല്കിയ ഉറപ്പ് ശ്രദ്ധിച്ചു: "നീ മരിക്കുകയില്ല" (ഉത്പ 3:4).

പരീക്ഷകന്റെ അഴിച്ചുപണിയൽ സത്യത്തിന്റെ ഭാവം സ്വീകരിക്കുന്നു: "അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം" (ഉത്പ 3:5). ദൈവത്തിന്റെ പിതൃസഹജമായ കല്പന - അവരുടെ നന്മയ്ക്കുവേണ്ടി നല്കപ്പെട്ടത് - ശത്രുവിന്റെ ആകർഷകമായ വശീകരണംവഴി അവിശ്വസനീയമാക്കപ്പെട്ടു: "ആ മരത്തിന്റെ പഴം രുചികരവും കണ്ണിനു കൗതുകകരവും അറിവുനല്കാൻ കഴിവുള്ളതുമാകയാൽ ആഗ്രഹിക്കത്തക്കതാണെന്ന് അവൾ കണ്ടു" (ഉത് 3:6).

ബൈബിളിലെ ഈ സംഭവം നമ്മുടെ പരിചിന്തനത്തിനുള്ള സത്താപരമായ ഒരു ഘടകത്തെ പ്രകാശിപ്പിക്കുന്നു. ദ്രോഹം ചെയ്യാത്ത വളച്ചൊടിക്കൽ പോലെ മറ്റൊന്നില്ല. എന്നാൽ അബദ്ധത്തെ വിശ്വസിച്ചാൽ അതിൽനിന്ന് കഠിനമായ അനന്തരഫലങ്ങളുണ്ടാകും. സത്യത്തിന്റെ നിസ്സാരമെന്നു തോന്നാവുന്ന വളച്ചൊടിക്കലും അപകടകരമായ അന്തരഫലങ്ങൾ ഉണ്ടാക്കും.

നമ്മെ അപകടത്തിലാക്കുന്നത് അത്യാഗ്രഹമാണ്. തെറ്റായ വാർത്തകൾ പെട്ടെന്നു പ്രചരിക്കുന്നതിനാൽ അതിനെ പിടിച്ചുനിറുത്താനാവാത്തവിധം വ്യാപിക്കും. അത് സാമൂഹികമാധ്യമങ്ങളെ പ്രചോദിപ്പിക്കുന്ന പങ്കുവക്കൽ ബോധംമൂലമല്ല. പിന്നെയോ മനുഷ്യജീവികളിൽ പെട്ടെന്ന് ഉണർത്താൻ കഴിവുള്ള തൃപ്തിപ്പെടുത്താനാവാത്ത അത്യാഗ്രഹത്തെ അത് അനുകൂലിക്കുന്നതുകൊണ്ടാണ്. തെറ്റായ വിവരദാനത്തെ തീറ്റിപ്പോറ്റുന്നത് സാമ്പത്തികവും കൃത്രിമവുമായ ലക്ഷ്യങ്ങളാണ്. അവയാകട്ടെ അധികാരത്തിനുവേണ്ടിയുള്ള ദാഹത്തിലും സമ്പാദിച്ചുകൂട്ടാനും സന്തോഷിക്കാനുള്ള ആഗ്രഹത്തിലും അടിയുറപ്പിച്ചിരിക്കുന്നു. അതാകട്ടെ നമ്മെ ആത്യന്തികമായി കൂടുതൽ ദുരന്തത്തിലെത്തിക്കുന്നു: തിന്മയുടെ വഞ്ചനാത്മകമായ ശക്തിയാണത്. അത് നമ്മുടെ ആന്തരിക സ്വാതന്ത്ര്യത്തെ ഒരു മാർഗത്തിൽനിന്നു മറ്റൊരു വഴിയിലേക്ക് തട്ടിക്കൊണ്ടുപോകുന്നു. അതുകൊണ്ടാണ് സത്യത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം, നമ്മുടെ ഏറ്റവും ആഴത്തിലുള്ള ആഗ്രഹങ്ങളെയും പ്രവണതകളെയും തിരിച്ചറിയാനും വിലയിരുത്താനും മനസ്സിലാക്കാനും ജനങ്ങളെ പഠിപ്പിക്കാനുള്ളതായിരിക്കേണ്ടത്. നന്മയായതിനെ സംബന്ധിച്ച കാഴ്ച നഷ്ടപ്പെടാതിരിക്കാനും ഓരോ പ്രലോഭനത്തിനും കീഴ്പ്പെടാതിരിക്കാനും വേണ്ടിയാണത്.

### 3. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)

വഞ്ചനാത്മകമായ ഭാഷകൊണ്ടുള്ള സ്ഥിരം ദുഷിപ്പിക്കൽ നമ്മുടെ ആന്തരിക ജീവിതത്തെ അവസാനം ഇരുണ്ടതാക്കിത്തീർക്കും. ഡൊസ്റ്റോവിസ്കിയുടെ നിരീക്ഷണം പ്രകാശം നല്കുന്ന ഒന്നാണ്: "തങ്ങളോടു തന്നെ നുണപറയുകയും സ്വന്തം നുണയെ ശ്രവിക്കുകയും ചെയ്യുന്നവർ തങ്ങളിൽത്തന്നെയും മറ്റുള്ളവരിലും ഉള്ള സത്യത്തെ തിരിച്ചറിയാനോ ശ്രവിക്കാനോ കഴിയാത്ത സ്ഥിതിയിലെത്തിച്ചേരും. അങ്ങനെ തങ്ങളെപ്പറ്റിയും ചുറ്റുമുള്ള മറ്റുള്ളവരെപ്പറ്റിയും ഉണ്ടായിരിക്കേണ്ട ബഹുമാനം നഷ്ടപ്പെടും. അവർ ആദരവില്ലാത്തതുകൊണ്ട് സ്നേഹിക്കാത്തവരും തങ്ങളെത്തന്നെ നിലനിറുത്താൻ ഏകാഗ്രതയില്ലാത്തവരുമായി തീവ്ര വികാരങ്ങളിലേക്കും. മര്യാദയില്ലാത്ത സുഖങ്ങളിലേക്കും നീങ്ങും. അവർ തങ്ങളുടെ തിന്മകളിൽ മൃഗീയതയിലേക്കു മുങ്ങിത്താഴും. എല്ലാം തങ്ങളോടു തന്നെയും മറ്റുള്ളവരോടും നിരന്തം നുണപറഞ്ഞതുകൊണ്ടുതന്നെ" (കാരമസോവ് ബ്രദേഴ്സ് II,2).

അതുകൊണ്ട് നമ്മൾ എങ്ങനെ സ്വയം സംരക്ഷിക്കും? തെറ്റിന്റെ രോഗാണുവിനെതിരായ ഏറ്റവും മൗലികമായ മറുമരുന്ന് സത്യംകൊണ്ടുള്ള വിശുദ്ധീകരിക്കലാണ്. ക്രിസ്തുമതത്തിൽ സത്യം എന്നത് കാര്യങ്ങളെ സത്യമെന്നോ തെറ്റെന്നോ നിർവചിച്ച് എങ്ങനെ വിധിക്കുന്നു എന്ന വെറും സങ്കല്പപരമായ യാഥാർത്ഥ്യമല്ല. ഒളിച്ചുവച്ചിരിക്കുന്ന കാര്യ

ങ്ങളെ വെളിച്ചത്തുകൊണ്ടുവരൽ, "യാഥാർത്ഥ്യത്തെ വെളിപ്പെടുത്തൽ" – മാത്രമല്ല സത്യം. പ്രാചീന ഗ്രീക്കുഭാഷയിൽ *അലെത്തേയിയ* (അ-ലെത്തെസ് = മറഞ്ഞിരിക്കാത്തത്) എന്നാണ് പറഞ്ഞിരുന്നത്. അത് നമ്മെ വിശ്വാസത്തിലേക്കു നയിക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ സത്യം നമ്മുടെ മുഴുവൻ ജീവിതത്തെയും ബാധിക്കുന്ന ഒന്നാണ്. ബൈബിളിൽ പിന്തുണയുടെയും ഐക്യദാർഢ്യത്തിന്റെയും വിശ്വാസത്തിന്റെയും ഒരർത്ഥം അതിനുണ്ട്. 'അമാൻ' എന്ന ക്രിയാധാതുവിന് ആ അർത്ഥമാണുള്ളത്. ലിറ്റർജിപരമായ നമ്മുടെ 'ആമ്മേൻ' എന്ന പ്രയോഗത്തിന്റെ മൂലധാതു അതാണ്. മറിഞ്ഞുവീഴാതെ ചാരിനില്ക്കാവുന്ന ഒന്നാണ് സത്യം. ബദ്ധപൂർവകമായ ഈ അർത്ഥത്തിൽ യഥാർത്ഥത്തിൽ ആശ്രയിക്കാവുന്നതും വിശ്വാസയോഗ്യമായിരിക്കുന്നതും ഒരാൾ മാത്രമാണ്. നമുക്ക് ആശ്രയിക്കാൻ പരിഗണിക്കാവുന്ന ഏകവ്യക്തി. ആ വ്യക്തിയാണ് ദൈവം. അതുകൊണ്ട് യേശുവിന് ഇങ്ങനെ പറയാനാവും: "ഞാനാണു സത്യം" (യോഹ 14:6). നമ്മെ സ്നേഹിക്കുന്നവന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും സത്യത്തെ അനുഭവിച്ചറിയുമ്പോൾ നാം സത്യത്തെ കണ്ടെത്തുകയും വീണ്ടും കണ്ടെത്തുകയും ചെയ്യും. നമ്മെ സ്വതന്ത്രരാക്കാൻ ഇതിനുമാത്രമേ കഴിയുകയുള്ളൂ: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32).

### തെറ്റിൽനിന്നുള്ള സ്വാതന്ത്ര്യവും ബന്ധത്തിനുവേണ്ടിയുള്ള അന്വേഷണവും:

നമ്മുടെ വാക്കുകളും ആംഗ്യങ്ങളും സത്യസന്ധവും യഥാർത്ഥവും വിശ്വാസയോഗ്യവുമാകണമെങ്കിൽ ഈ രണ്ടു ഘടകങ്ങളും ഉണ്ടായിരിക്കണം. സത്യത്തെ വിവേചിച്ചറിയുന്നതിന് ഐക്യത്തെ പ്രോത്സാഹിപ്പിക്കുകയും നന്മയെ വളർത്തുകയും ചെയ്യുന്ന എല്ലാറ്റിനെയും തിരിച്ചറിയണം. ഒറ്റപ്പെടുത്താനും വിഭജിക്കാനും എതിർക്കാനും പ്രേരിപ്പിക്കുന്നവയെ മനസ്സിലാക്കണം. അതുകൊണ്ട് സത്യത്തെ വ്യക്തിത്വമില്ലാത്ത ഒന്നായി ബാഹ്യലോകത്തുനിന്ന് അടിച്ചേല്പിക്കുമ്പോൾ നാം യഥാർത്ഥത്തിൽ, അങ്ങിനെ സ്വീകരിക്കുന്നില്ല. എന്നാൽ വ്യക്തികൾ തമ്മിലുള്ള സ്വതന്ത്രമായ ബന്ധങ്ങളിൽനിന്ന് പരസ്പര ശ്രവണത്തിൽനിന്ന് – ഉണ്ടാകുമ്പോൾ മാത്രമാണ് സ്വീകരിക്കുന്നത്.

സത്യാന്വേഷണം ഒരിക്കലും നിർത്തിവയ്ക്കാനും സാധ്യമല്ല. എന്തെന്നാൽ അസത്യം എപ്പോഴും കയറിക്കൂടാം. സത്യമായ കാര്യങ്ങൾ പറയുമ്പോൾപോലും അതുണ്ടാകാം. തെറ്റുവരാനാവാത്ത ഒരു വാദമുഖം യഥാർത്ഥത്തിൽ നിഷേധിക്കാനാവാത്ത യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമാണ്. എന്നാൽ അത് മറ്റൊരാളെ ദ്രോഹിക്കാനും മറ്റുള്ളവരുടെ മുമ്പിൽ അയാളെ വിശ്വസിക്കാനാവാത്തവനായി കാണിക്കാനും ഉപയോഗിച്ചാൽ, അത് എത്ര ശരിയായി കാണപ്പെട്ടാലും സത്യപൂർണമായിരിക്കുകയില്ല.

പ്രസ്താവനകളുടെ സത്യസന്ധതയെ അവയുടെ ഫലങ്ങളിൽനിന്ന് നമുക്കു തിരിച്ചറിയാം. അവ വഴക്കുകൾക്കു കാരണമാകുന്നുണ്ടോ? വിഭജനമുണ്ടാക്കുന്നുണ്ടോ? പിന്തിരിയാൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? അതോ സർഗാത്മകമായ സംഭാഷണത്തിലേക്കും ഫലപൂർണമായ അനന്തരഫലങ്ങളിലേക്കും നയിക്കുന്ന വിവരങ്ങൾ അറിയുന്ന പക്വമായ വിചിന്തനത്തിലേക്കു നയിക്കുന്നുണ്ടോ?

**4. സമാധാനമാണ് യഥാർത്ഥ വാർത്ത**

അബദ്ധങ്ങൾക്കെതിരായിട്ടുള്ള ഏറ്റവും നല്ല മറുമരുന്നുകൾ സമരതന്ത്രങ്ങളല്ല, പിന്നെയോ വ്യക്തികളാണ്: അത്യാഗ്രഹമില്ലാത്ത മനുഷ്യർ, കേൾക്കാൻ തയ്യാറായിട്ടുള്ളവർ. സത്യം പുറത്തുവരുന്നതിന് ആത്മാർത്ഥമായ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശ്രമിക്കുന്നവർ, നന്മയാൽ ആകർഷിക്കപ്പെടുന്നവർ, ഭാഷയുടെ ഉപയോഗത്തെക്കുറിച്ച് ഉത്തരവാദിത്വം വഹിക്കാൻ തയ്യാറുള്ളവർ. വ്യാജവാർത്തകളുടെ പ്രചാരണത്തിനുള്ള പ്രത്യുത്തരം ഉത്തരവാദിത്വമാണെങ്കിൽ വിവരങ്ങൾ നല്കുകയെന്ന ജോലി ചെയ്യുന്നവർക്ക് - ജേർണലിസ്റ്റുകൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. അവർ വാർത്തകളുടെ സംരക്ഷകരാണ്. ഒരർത്ഥത്തിൽ അവരുടേത് ഇന്നത്തെ ലോകത്ത് വെറും ജോലിയല്ല. അത് ഒരു ദൗത്യമാണ്. ഉന്മാദത്തെ തീറ്റിപ്പോറ്റുന്നതിന്റെയും വാർത്തകൾ തട്ടിയെടുത്തു പെട്ടെന്നു പ്രചരിപ്പിക്കാനുള്ള ഭ്രാന്തുപിടിച്ച ഓട്ടത്തിന്റെയും മധ്യത്തിൽ അവർ ഒരു കാര്യം ഓർക്കണം: വിവരദാനത്തിന്റെ ഹൃദയം റിപ്പോർട്ടുചെയ്യുന്നതിലുള്ള ധൃതിയല്ല, അത് ശ്രോതാക്കളിൽ ചെലുത്തുന്ന സ്വാധീനവുമല്ല, പിന്നെയോ വ്യക്തികളാണ്. മറ്റുള്ളവർക്ക് അറിവുപകരുകയെന്നതിന്റെ അർത്ഥം മറ്റുള്ളവരെ പരിശീലിപ്പിക്കുകയെന്നതാണ്. ജനങ്ങളുടെ ജീവിതവുമായി ബന്ധമുണ്ടായിരിക്കുകയെന്നതാണ്. അതുകൊണ്ടാണ് ഉറവിടങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതും വിവരദാനത്തെ സംരക്ഷിക്കുന്നതും നന്മയെ വളർത്താനും വിശ്വാസ്യതയെ ജനിപ്പിക്കാനും കൂട്ടായ്മയ്ക്കും സമാധാനത്തിനുമുള്ള മാർഗം തുറക്കാനും വേണ്ടിയുള്ള യഥാർത്ഥ മാർഗമായിരിക്കുന്നത്.

അതുകൊണ്ട്, സമാധാനത്തിന്റെ ജേർണലിസത്തെ വളർത്താൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഇതുവഴി, ഗൗരവമുള്ള പ്രശ്നങ്ങളെ അംഗീകരിക്കാതെ മധുരിപ്പിക്കുന്ന ജേർണലിസം എന്നോ തീവ്രവികാരത്തെ ഉദ്ദീപിക്കുന്ന ജേർണലിസമെന്നോ ഞാൻ ഉദ്ദേശിക്കുന്നില്ല. നേരേമറിച്ച്, സത്യസന്ധവും തെറ്റുകളെയും തർക്കപരമായ മുദ്രാവാക്യങ്ങളെയും വികാരതീവ്രതയുണ്ടാക്കുന്ന തലവാചകങ്ങളെയും എതിർക്കുന്ന ജേർണലിസമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ സൃഷ്ടിക്കപ്പെട്ട, എല്ലാവർക്കും സേവനം ചെയ്യുന്ന - പ്രത്യേകിച്ച് നമ്മുടെ ലോകത്തിൽ ഭൂരിപക്ഷമായിട്ടുള്ള ശബ്ദമില്ലാത്തവർക്ക് സേവനംചെയ്യുന്ന

ജേർണലിസംതന്നെ. അത് ബ്രേക്കിംഗ് ന്യൂസുകളിൽ കുറച്ചുമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കണം. സംഘട്ടനങ്ങളുടെ അടിയിലുള്ള കാരണങ്ങളെ കണ്ടെത്തുന്നതും കൂടുതൽ ആഴത്തിൽ ധാരണയുണ്ടാകാനും ഗുണകരമായ പ്രക്രിയയിലൂടെ അവയുടെ പരിഹാരത്തിനു സഹായിക്കുന്നതുമായിരിക്കണം. അലറുന്ന പരാക്രമത്തിനും വാക്കുകൊണ്ടുള്ള അക്രമത്തിനും പകരമായിട്ടുള്ളവ ചൂണ്ടിക്കാണിക്കുന്നതിന് സ്വയം സമർപ്പിക്കുന്ന ഒരു ജേർണലിസമാണു വേണ്ടത്.

ഈ ലക്ഷ്യത്തിനായി വ്യക്തിയായിത്തീർന്ന സത്യത്തിലേക്ക് ഫ്രാൻസിസ്കൻ പ്രാർത്ഥനയിൽനിന്നു പ്രചോദനം സ്വീകരിച്ച് നമുക്കു തിരിയാം:

കർത്താവേ, ഞങ്ങളെ അങ്ങയുടെ സമാധാനത്തിന്റെ
ഉപകരണങ്ങളാക്കണമേ.
കൂട്ടായ്മയെ സൃഷ്ടിക്കാത്ത വിവരദാനപ്രക്രിയയിൽ ഒളിഞ്ഞിരിക്കുന്ന
തിന്മയെ തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കണമേ.
ഞങ്ങളുടെ ന്യായവിധികളിൽനിന്ന് വിഷംമാറ്റിക്കളയാൻ
ഞങ്ങളെ സഹായിക്കണമേ.
മറ്റുള്ളവരെ ഞങ്ങളുടെ സഹോദരീസഹോദരന്മാരായി
കണ്ട് സംസാരിക്കാൻ ഞങ്ങളെ സഹായിക്കണമേ,
അവിടന്ന് വിശ്വസ്തനും വിശ്വാസയോഗ്യനുമാകുന്നു,
ഞങ്ങളുടെ വാക്കുകൾ ലോകത്തിനു നന്മയുടെ വിത്തുകളായിരിക്കട്ടെ:
ആക്രോശമുള്ളിടത്ത് ഞങ്ങൾ ശ്രവണം പരിശീലിക്കട്ടെ.
ആശയക്കുഴപ്പമുള്ളിടത്ത് ഞങ്ങൾ സമന്വയത്തെ പ്രചോദിപ്പിക്കട്ടെ.
സംശയമുള്ളിടത്ത് ഞങ്ങൾ വ്യക്തത കൊണ്ടുവരട്ടെ.
പരിവർജ്ജനമുള്ളിടത്ത് ഞങ്ങൾ ഐക്യദാർഢ്യം നല്കട്ടെ.
പ്രക്ഷോഭമുള്ളിടത്ത് ഞങ്ങൾ സമചിത്തത ഉപയോഗിക്കട്ടെ.
ഉപരിപ്ലവത്വമുള്ളിടത്ത് ഞങ്ങൾ യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കട്ടെ.
മുൻവിധിയുള്ളിടത്ത് ഞങ്ങൾ വിശ്വാസ്യതയെ ഉണർത്തട്ടെ.
ശത്രുതയുള്ളിടത്ത് ഞങ്ങൾ ബഹുമാനം കൊണ്ടുവരട്ടെ.
അബദ്ധമുള്ളിടത്ത് ഞങ്ങൾ സത്യം കൊണ്ടുവരട്ടെ.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

N.B: *ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും മാധ്യമദിനമായ 2018 ജൂൺ 3-ാം തീയതി വായിക്കുകയോ, സന്ദേശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.*

**സർക്കുലർ** 18 Ch. 198-273

# ചാസ് സുവർണ്ണ ജൂബിലി സ്മാരക 'കെയർ എ ഫാമിലി' പ്രോഗ്രാം

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ,
സഹോദരീ സഹോദരന്മാരേ,

സുവർണ്ണ ജൂബിലി പിന്നിട്ട ചാസ്, വിവിധങ്ങളായ ക്ഷേമപ്രവർത്തനങ്ങളിലൂടെ സാമൂഹിക സേവനത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. ചാസിന്റെ കുടുംബോദ്ധാരണ പ്രവർത്തനങ്ങളിൽ മുഖ്യമായ ഒന്നാണ് 'സേവ് എ ഫാമിലി' പ്ലാൻ. വിദേശ രാജ്യങ്ങളിലെ സന്മനസുള്ള വ്യക്തികളുടെ സഹകരണത്തോടെ നിർദ്ധന കുടുംബങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്നതാണ് 'സേവ് എ ഫാമിലി' പ്ലാൻ. മോൺസിഞ്ഞോർ അഗസ്റ്റിൻ കണ്ടത്തിൽ 1965-ൽ കാനഡയിൽ ആരംഭിച്ച ഈ പദ്ധതിയുമായി ചാസ് സഹകരിച്ചു തുടങ്ങിയിട്ട് 50 വർഷം പൂർത്തിയാവുകയാണ്. നാളിതുവരെ ജാതി, മതഭേദമന്യേ 8188 കുടുംബങ്ങളെ ഈ കുടുംബോദ്ധാരണ പദ്ധതിയിലൂടെ സഹായിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മുമ്പ് 650-700 കുടുംബങ്ങളെ ഒരേസമയത്ത് സഹായിച്ചിരുന്നെങ്കിലും ഇപ്പോൾ സഹായിക്കുന്നവരുടെയും ഫണ്ടിന്റെയും അഭാവംമൂലം 300 കുടുംബങ്ങൾക്ക് മാത്രമേ സഹായമെത്തിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നുള്ളൂ.

ഈ സാഹചര്യത്തിൽ, കൂടുതൽ സാധുകുടുംബങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ചാസിന്റെ സുവർണ്ണ ജൂബിലി സ്മാരകമായി 'കെയർ എ ഫാമിലി' പ്രോഗ്രാം എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിരിക്കുന്നു. 20 ഗുണഭോക്താക്കൾക്ക് സഹായം നൽകിക്കൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. വിദേശ ഉപകാരികളെ കൂടുതലായി ലഭിക്കാനുള്ള സാദ്ധ്യത ഇല്ലാത്തതിനാലും, സഹായം അർഹിക്കുന്ന സാധുകുടുംബങ്ങൾ നമ്മുടെ ഇടയിൽ വളരെയേറെ ഉള്ളതുകൊണ്ടും നമ്മുടെയിടയിൽ നിന്നുതന്നെ ഉപകാരികളെ കണ്ടെത്താൻ ശ്രമിക്കേണ്ടിയിരിക്കുന്നു. സഹായമർഹിക്കുന്ന വിധവകളും നിത്യരോഗികളും ഭിന്നശേഷിയുള്ളവരും അന്തിയുറങ്ങാൻ സ്വന്തമായി സ്ഥലം ഇല്ലാത്തവരും നമ്മുടെ ഇടയിലുണ്ട്. ഈ പശ്ചാത്തലത്തിൽ, സാമ്പത്തിക ഭദ്രതയുള്ളവരും സേവനസന്നദ്ധരുമായ നല്ല മനസ്സുള്ള

വ്യക്തികളെ 'കെയർ എ ഫാമിലി' പദ്ധതിയിൽ സഹകാരികളും ഉപകാരികളുമാകാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

സാമ്പത്തികസഹായം അർഹിക്കുന്നവരെ അവരുടെ ആത്മാഭിമാനത്തിന് കോട്ടംതട്ടാതെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും സ്വയംപര്യാപ്തതയിലെത്തിക്കാനുമാണ് 'കെയർ എ ഫാമിലി'പ്രോഗ്രാം ശ്രമിക്കുന്നത്. ജാതി-മത-വർഗ-രാഷ്ട്രീയ പരിഗണനകൾക്കതീതമായിട്ടായിരിക്കും പദ്ധതിയുടെ പ്രവർത്തനം. വ്യക്തികൾക്കും കുടുംബങ്ങൾക്കും ഉപകാരികളാകാം.

പദ്ധതിയുടെ കാലാവധി മൂന്നു വർഷമായിരിക്കും. തുടർന്നും സഹായിക്കാൻ തയ്യാറുള്ളവർക്ക് മറ്റൊരു കുടുംബത്തെ സഹായിക്കാം. ഉപകാരികൾ മൂന്നുവർഷത്തേക്ക് മാസം 1000 രൂപ വീതം സംഭാവന നൽകണം. അല്ലെങ്കിൽ മൂന്നുമാസത്തിലൊരിക്കൽ 3000 രൂപ വീതമോ, ആറുമാസത്തിലൊരിക്കൽ 6000 രൂപ വീതമോ, പ്രതിവർഷം 12000 രൂപ വീതമോ സഹായം നൽകാൻ അവസരമുണ്ട്.

വർഷത്തിലൊരിക്കൽ ഉപകാരികളുടെ സംഗമം നടത്തുന്നതും വാർഷിക റിപ്പോർട്ടും വരവുചെലവ് കണക്കും അവതരിപ്പിക്കുന്നതുമാണ്. ദൈവം നമുക്കു നൽകിയിരിക്കുന്ന സമൃദ്ധമായ അനുഗ്രഹങ്ങൾക്കുള്ള നന്ദി പ്രകാശനമായി മറ്റുള്ളവരെ സഹായിക്കാൻ നാം തയ്യാറാകണം. 'കെയർ എ ഫാമിലി' പദ്ധതി അതിന് വഴിയൊരുക്കിയിരിക്കയാണ്. ഈ പദ്ധതി ആസൂത്രണം ചെയ്തു നേതൃത്വം നൽകിവരുന്ന ചാസിന്റെ സേവനങ്ങളെ നന്ദിപൂർവ്വം ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഉപകാരികൾ എന്ന നിലയിൽ ഈ പദ്ധതിയോട് സഹകരിക്കാൻ മനസ്സും കഴിവുമുള്ള എല്ലാവരെയും അതിനായി ഞാൻ ക്ഷണിക്കുന്നു. അനേകം സാധുകുടുംബങ്ങളുടെ കണ്ണീരൊപ്പാൻ 'കെയർ എ ഫാമിലി' പദ്ധതിയിലൂടെ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നമ്മോടു കൂടെ ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B: ഈ സർക്കുലർ ജൂൺ 17-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

**സർക്കുലർ** 18 Ch. 199-274

# ജയ്പൂർ മിഷൻ: ചങ്ങനാശേരി അതിരൂപതയുടെ പുതിയ പ്രേഷിതദൗത്യം

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ,
സഹോദരീ സഹോദരന്മാരേ,

രാജസ്ഥാനിലെ ജയ്പൂർ കേന്ദ്രീകരിച്ച് ഒരു പുതിയ മിഷൻ ചങ്ങനാശേരി അതിരൂപത ഏറ്റെടുത്തിരിക്കുന്ന കാര്യം ഏറെ സന്തോഷത്തോടെ എല്ലാവരെയും ഞാനറിയിക്കുന്നു. സീറോമലബാർ സഭയുടെ ഇന്ത്യയിലെ ഏറ്റവും വിസ്തൃതമായ ഷംഷബാദ് രൂപതയിൽപ്പെട്ട പ്രദേശമാണ് ജയ്പൂർ മിഷൻ. ഉത്തരപ്രദേശ് രാജസ്ഥാൻ തുടങ്ങിയ 24 സംസ്ഥാനങ്ങൾ ഉൾപ്പെടുന്നതും ഇന്ത്യയുടെ ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗം വരുന്നതുമായ വലിയൊരു ഭൂവിഭാഗമാണ് ഷംഷബാദ് രൂപതയുടെ പരിധിയിൽപ്പെടുന്നത്. തന്റെ രൂപതയിൽ പ്രേഷിത രംഗങ്ങൾ ഏറ്റെടുത്ത് സഹകരിക്കാൻ ഷംഷബാദ് രൂപതയുടെ അദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവ് കേരളത്തിലെ സീറോമലബാർ രൂപതകളെ ക്ഷണിക്കുകയുണ്ടായി. ചങ്ങനാശേരി അതിരൂപത ഒരു മിഷൻ ഏറ്റെടുക്കാൻ സന്നദ്ധത അറിയിക്കുകയും, രാജസ്ഥാനിലെ ജയ്പൂർ മിഷൻ അതിരൂപതയെ ഏൽപ്പിക്കുകയും ചെയ്തു. ജയ്പൂർ മിഷന്റെ സുപ്പീരിയർ ആയി ചങ്ങനാശേരി അതിരൂപതയുടെ സിഞ്ചെല്ലൂസ് എന്ന പദവിയിൽ ഇതുവരെയും ശുശ്രൂഷ ചെയ്തിരുന്ന പെരിയ ബഹുമാനപ്പെട്ട പാലക്കൽ ജയിംസച്ചനെ 2018 മെയ് 20 മുതൽ നിയമിച്ചിരിക്കകയാണ്.

താഴെപ്പറയുന്ന 7 സിവിൽ ഡിസ്ട്രിക്ടുകൾ ഉൾപ്പെടുന്ന പ്രദേശമാണ് ജയ്പൂർ മിഷന്റെ പരിധിയിൽ വരുന്നത്: Jaipur, Karauli, Sawai-Madhopur, Dausa, Alwar, Bharatpur, Dholpur എന്നിവ. ഇവയിൽ ഭരത്പൂറും, ദ്രോൽപൂറും ആഗ്രാ അതിരൂപതയിൽ ഉൾപ്പെട്ട രണ്ട് ജില്ലകളാണ്. 1975 മുതൽ ചങ്ങനാശേരി അതിരൂപത ഏറ്റെടുത്തു നടത്തുന്ന ഇറ്റാവ മിഷൻ ഇപ്പോൾ കൂടുതൽ വിസ്തൃതമായിരിക്കയാണ്. ഉത്തരപ്രദേശിലെ ആറു ജില്ലകളിലായി (Etawah, Mainpuri, Farrukhabad, Auraiya, Kanauj, Firozabad) വ്യാപിച്ചുകിടന്നിരുന്ന ഇറ്റാവാ മിഷനോട് 10 ജില്ലകൾകൂടി ചേർക്കപ്പെട്ടിരിക്കുകയാണ്. അവ താഴെപ്പറയുന്നവയാണ്: Agra, Mathura, Aligarh, Badaun, Bulandshahr, Etah, Hathras, Kasganj, Kanpur Urban, Kanpur Rural എന്നിവ. ഇപ്രകാരം ഇറ്റാവാ മിഷൻ വിസ്തൃതമാക്കപ്പെട്ടതോടെ ഇറ്റാവാ മിഷനോട് ചേർന്നു കിടക്കുകയാണ് ജയ്പൂർ മിഷന്റെ പ്രദേശങ്ങൾ. ഈ രണ്ടു മിഷനുകളുടെയും പ്രദേശങ്ങൾ ഇപ്പോൾ സീറോമലബാർ സഭയുടെ

ഷംഷബാദ് രൂപതയുടെ കീഴിൽ വരുന്ന പ്രദേശങ്ങൾ തന്നെയാണ്. അതേസമയം, ആഗ്രാ അതിരൂപതയും ഇറ്റാവാ മിഷനും തമ്മിൽ നാളിതു വരെ നിലനിന്നു പോന്നിരുന്ന ഹൃദ്യമായ ബന്ധം ഭാവിയിലും കാത്തു സൂക്ഷിക്കുക തന്നെ ചെയ്യും.

ഇറ്റാവ മിഷന്റെയും ജയ്പൂർ മിഷന്റെയും പ്രത്യേക ചുമതലയുള്ള സിഞ്ചെള്ളൂസായി ഷംഷബാദ് രൂപതാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവ് ബഹുമാനപ്പെട്ട പാലക്കൽ ജയിംസച്ചനെ 2018 മെയ് 20 മുതൽ നിയമിച്ചിരിക്കയാണ്. ചങ്ങനാശേരി അതിരൂപതയുടെ പ്രേഷിത ആഭിമുഖ്യത്തിനും പ്രേഷിതസാക്ഷ്യത്തിനുമുള്ള അംഗീകാരമായി പുതിയക്രമീകരണങ്ങളെ അതിരൂപത വിലമതിക്കുന്നു. സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനോടും ഷംഷബാദ് രൂപതാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവിനോടും ചങ്ങനാശേരി അതിരൂപത നന്ദി രേഖപ്പെടുത്തുന്നു. പുതിയ സംഭവവികാസങ്ങളിൽ ആഗ്രാ ആർച്ചുബിഷപ്പ് അഭിവന്ദ്യ ആൽബർട്ട് ഡിസൂസ പിതാവ് നൽകിയ പിന്തുണയും പ്രോത്സാഹനവും ഏറെ വിലപ്പെട്ടതാണ്. പിതാവിനെയും ആഗ്രാ അതിരൂപതയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

### അർപ്പിത മനസ്സോടെയുള്ള പ്രേഷിത ശുശ്രൂഷ

വൈദികരും സമർപ്പിതരുമായ നിരവധി മിഷനറിമാരെ പ്രദാനം ചെയ്തിട്ടുള്ള അതിരൂപതയാണ് ചങ്ങനാശേരി. വിവിധ സഭകളിലും സമർപ്പിതസമൂഹങ്ങളിലുമായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ ത്യാഗനിർഭരമായ പ്രേഷിതസാക്ഷ്യം നൽകി ദൈവരാജ്യത്തിനുവേണ്ടി സ്വയം സമർപ്പിച്ച മിഷനറിമാരെയും അല്മായ പ്രേഷിതരെയും അഭിമാനത്തോടും നന്ദിയോടും കൂടെ നമുക്ക് സ്മരിക്കാം. 1950-കളിൽ ചങ്ങനാശേരി അതിരൂപതയ്ക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് പ്രേഷിതമേഖല തുറന്ന് കിട്ടിയപ്പോൾ തന്നെ അവിടേയ്ക്ക് പ്രേഷിത ദൗത്യവുമായി കടന്നു ചെല്ലുകയുണ്ടായി. അങ്ങനെ ഇന്നത്തെ അമ്പൂരി, കൊല്ലം, തിരുവനന്തപുരം എന്നീ മേഖലകൾ ഉൾക്കൊള്ളുന്ന പ്രദേശം ചങ്ങനാശേരി അതിരൂപതയുടെ തെക്കൻ മിഷൻ രംഗമായി. 1960-ൽ അതിരൂപത കന്യാകുമാരി ജില്ലയിലേക്ക് സുവിശേഷസന്ദേശവുമായി എത്തി. ഇന്നത് തക്കല രൂപതയായി വളർന്നു.

1975-ലാണ് ലത്തീൻ സഭയുടെ ആഗ്രാ അതിരൂപതയിൽ ഇറ്റാവാ കേന്ദ്രമായി നമ്മുടെ അതിരൂപത മിഷൻ ഏറ്റെടുത്തത്. ബഹുമാനപ്പെട്ട കുരുവിള കോക്കാട്ടച്ചൻ മിഷൻ സുപ്പീരിയറായും, ആരംഭം മുതലേ ബഹുമാനപ്പെട്ട ജോസ് പൂവത്തുങ്കൽ അച്ചനും പിന്നീട് ബഹുമാനപ്പെട്ട വർഗീസ് കോടിക്കലച്ചനും സഹപ്രവർത്തകരായും അടിസ്ഥാനമിട്ടു വളർത്തിയ ഇറ്റാവാ മിഷൻ, മുഖ്യമായും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും സാമൂഹിക

ക്ഷേമയത്നങ്ങളിലൂടെയും ഈ പ്രദേശത്ത് ഒരു സാമൂഹിക സാംസ്കാരിക വിപ്ലവം തന്നെ സൃഷ്ടിച്ചു. ഈ മിഷന്റെ വളർച്ചയിൽ പങ്കുവഹിച്ച വൈദികരുടെയും സന്യസ്തരുടെയും അല്മായരുടെയും ത്യാഗപൂർണമായ സേവനങ്ങൾ വിസ്മരിക്കാനാവില്ല. കോക്കാട്ടച്ചനു ശേഷം ബഹുമാനപ്പെട്ട തോമസ് എഴികാട്ടച്ചൻ മിഷൻ സുപ്പീരിയറായി ഇറ്റാവാ മിഷന് നേതൃത്വം നൽകുന്നു. ആഗ്രാ അതിരൂപതയുമായി ചങ്ങനാശേരി അതിരൂപതയ്ക്കും ഇറ്റാവാ മിഷനും എന്നും നല്ല ബന്ധം പുലർത്താൻ കഴിഞ്ഞത് നന്ദിയോടും സന്തോഷത്തോടുംകൂടി അനുസ്മരിക്കുന്നു. ലത്തീൻ സഭയിലെയും സീറോമലബാർ സഭയിലെയും രണ്ട് അതിരൂപതകൾ തമ്മിൽ അജപാലനപരവും പ്രേഷിതപരവുമായ സഹകരണത്തിന്റെ ഉത്തമമാതൃകയാണ് ഇറ്റാവാ മിഷൻ. കത്തോലിക്കാ സഭയിലെ വിവിധ സഭകളും റീത്തുകളും തമ്മിലുണ്ടായിരിക്കേണ്ട സഭാത്മക ബന്ധത്തിന്റെയും സഹകരണത്തിന്റെയും സുന്ദര മാതൃക.

**ജയ്പൂർ മിഷൻ**

ഇറ്റാവാ മിഷനെന്നപോലെ ഏതാണ്ട് ഇല്ലായ്മയിൽനിന്ന് വളർത്തിയെടുക്കേണ്ടതാണ് ജയ്പുർ മിഷനും. ഏകദേശം രണ്ടായിരത്തിഅഞ്ഞൂറോളം വരുന്ന സീറോമലബാർ സഭാംഗങ്ങൾ ജയ്പൂർ മിഷൻ പ്രദേശത്ത് പ്രവാസികളായി കഴിയുന്നുണ്ട്. മാതൃസഭയിൽ നിന്നുള്ള അജപാലന ശുശ്രൂഷ ലഭ്യമല്ലാതിരുന്ന ഈ സഭാമക്കൾക്ക് മാതൃസഭയുടെ ശരിയായ പാരമ്പര്യങ്ങൾക്ക് അനുസൃതമായി സഭാത്മകവും ആരാധനക്രമപരവുമായ പരിശീലനം നൽകുക എന്നതാണ് പ്രഥമ പ്രാധാന്യമർഹിക്കുന്നത്. മാതൃസഭയെ കൂടുതലായി അറിയാനും സ്നേഹിക്കാനും അവരെ സഹായിക്കേണ്ടതുണ്ട്. ഈ പ്രവാസിമക്കളുടെ അജപാലന ശുശ്രൂഷയ്ക്കായി സീറോമലബാർ സഭയിൽ നിന്ന് ആദ്യമായി നിയോഗിക്കപ്പെട്ടത് ചങ്ങനാശേരി അതിരൂപതയിലെ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ശൗര്യാമാക്കലച്ചനാണ്. അത് 2015 -ലായിരുന്നു. വളരെയേറെ പ്രതികൂല സാഹചര്യങ്ങളുടെ നടുവിൽ ത്യാഗബുദ്ധിയോടെ പ്രവർത്തിച്ചുകൊണ്ട് ജയ്പൂർമിഷന് തുടക്കം കുറിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കുറച്ചുകാലത്തേക്ക് ഇറ്റാവാമിഷനിൽനിന്നുള്ള ബഹുമാനപ്പെട്ട വർഗീസ് പള്ളിക്കിഴക്കേതിലച്ചന്റെ സേവനവും ജയ്പൂർ മിഷനു ലഭിച്ചു. ഏതാനും മാസങ്ങളായി ബഹുമാനപ്പെട്ട പോൾ പീടിയേക്കലച്ചന്റെ സ്തുത്യർഹമായ സേവനം ജയ്പൂർ മിഷനു കൂടുതൽ ശക്തിയും ദിശാബോധവും നൽകുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട വർഗീസ് പുന്നക്കാലായിലച്ചന്റെ സേവനവും ജയ്പൂർ മിഷനു ലഭിക്കുന്നു.

ജയ്പൂർ മിഷന്റെ സുപ്പീരിയറായി നിയമിക്കപ്പെട്ട ബഹുമാനപ്പെട്ട ജയിംസ് പാലയ്ക്കലച്ചനെ ഇറ്റാവാ, ജയ്പൂർ മിഷനുകളുടെ പൊതു ചാർജ് വഹിക്കുന്ന സിഞ്ചെള്ളൂസായി ഷംഷാബാദ് രൂപതയിൽ മാർ റാഫേൽ

തട്ടിൽ പിതാവ് നിയമിച്ചിരിക്കുകയാണ്. 2018 മെയ് 20 മുതൽ ഈ രണ്ട് ചുമതലകളും അദ്ദേഹം ഔദ്യോഗികമായി ഏറ്റെടുത്തിരിക്കുന്നു. ബഹുമാനപ്പെട്ട പാലയ്ക്കലച്ചന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.


നമ്മുടെ അതിരൂപതയുടെ പുതിയ മിഷൻ എന്ന നിലയിൽ ഈ മിഷനെ എല്ലാ വിധത്തിലും സഹായിച്ച് വളർത്താനുള്ള ചുമതല അതിരൂപതയ്ക്കുണ്ട്. തിരുസഭയെ കർത്താവ് ഏല്പിച്ച പ്രേഷിത ദൗത്യനിർവ്വഹണത്തിൽ മാതൃസഭയോട് ചേർന്ന് പുതിയ പ്രേഷിത രംഗങ്ങളിൽ സജീവമായി സഹകരിക്കുവാൻ നമുക്കു സാധിക്കുന്നത് ഒരനുഗ്രഹവും ഭാഗ്യവുമായിട്ടാണ് നമ്മൾ കാണേണ്ടത്. സ്വതേ പ്രേഷിതയായ സഭയുടെ മക്കളും പ്രേഷിതദൗത്യത്തിൽ പങ്കുചേരുമ്പോഴാണ് മിശിഹായുടെ യഥാർത്ഥ അനുയായികളാകുന്നത്. നമ്മുടെ സഭയുടെയും അതിരൂപതയുടെയും ഇപ്പോഴത്തെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ കൂടുതൽ പ്രേഷിത ദൈവവിളികൾ അനിവാര്യമായിരിക്കുന്നു. അതിരൂപതയുടെ ആവശ്യമനുസരിച്ച് മിഷൻ രംഗങ്ങളിൽ സേവനം ചെയ്യുന്നതിന് വൈദികരും സമർപ്പിതരും തയ്യാറാകണം. ഇറ്റാവാ മിഷനിൽ നമ്മൾ ആരംഭിച്ചിരിക്കുന്ന മൈനർ സെമിനാരിയിൽ ചേർന്ന് പരിശീലനം നേടി തീക്ഷണതയും വിശുദ്ധിയുമുള്ള മിഷനറിമാരാകാൻ ദൈവവിളിയുള്ള മക്കളെ ഒരുക്കുവാനും പ്രോത്സാഹിപ്പിക്കാനും മാതാപിതാക്കളും വൈദികരും ശ്രദ്ധിക്കണം. ദൈവവിളികൾ പരിപോഷിപ്പിക്കുന്നതിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും മതാദ്ധ്യാപകർക്കും വലിയ പങ്കുണ്ട്. ദൈവവിളി പ്രോത്സാഹിപ്പിക്കുകയും പ്രേഷിതചൈതന്യം വളർത്തുകയും ചെയ്യുക എന്നത് ചെറുപുഷ്പമിഷൻ ലീഗിന്റെ പ്രത്യേക ലക്ഷ്യമാണല്ലോ. നമ്മുടെ മിഷൻ സംബന്ധിച്ചുള്ള വിവരങ്ങൾ കുട്ടികളെ അറിയിക്കാനും അവരെക്കൊണ്ട് പ്രാർത്ഥിപ്പിക്കാനും വൈദികരും മറ്റും ഉത്സാഹിക്കണം. ജയ്പൂർ മിഷനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. ജയ്പൂർ മിഷന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വസിക്കുന്നവർ ഈ മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ നിർദ്ദേശം നല്കണമെന്നും അവിടെയുള്ള നമ്മുടെ ബഹുമാനപ്പെട്ട അച്ചന്മാരുമായി ബന്ധപ്പെടണമെന്നും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B: ഈ സർക്കുലർ ജൂൺ 24-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

*Contact Numbers:* Very Rev. Fr James Palackal: 9495691585,
Rev. Fr Paul Peediakal: 9249779603, Rev. Fr Wilson Punnakkalayil: 9496184231




## I

## 131 -മത് അതിരൂപതാദിനത്തിൽ പള്ളികൾ സംബന്ധിച്ച് നടത്തിയ പ്രഖ്യാപനങ്ങൾ

2018 മെയ് 19 ന് തുരുത്തി മർത്ത് മറിയം ഫൊറോന പള്ളിയിൽ നടന്ന 131-ാ മത് അതിരൂപതാദിന സമ്മേളനത്തിൽ ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ കീഴിലായിരുന്ന മനക്കച്ചിറ സെന്റ് ജോസഫ് കുരിശുപള്ളിയെയും (C.18/ PY- MAA 600), തിരുവന്തപുരം ലൂർദ്ദ് ഫൊറോനപ്പള്ളിയുടെ കീഴിലായിരുന്ന കണ്ണമ്മൂല വി. മദർതെരേസാ കുരിശുപള്ളിയെയും (C.18/ PY- KAO 601) സ്വതന്ത്രഇടവകകളായും, തിരുവന്തപുരം ലൂർദ്ദ് ഫൊറോനപ്പള്ളിയുടെ കീഴിലായിരുന്ന കേശവദാസപുരം മാർ ഗീവർഗീസ് സഹദാ പാസ്റ്ററൽ സെന്ററിനെ കുരിശുപള്ളിയായും (C.18/ PY-KES 599) പ്രഖ്യാപിച്ചു.

## II

## മാർസ്ലീവാ മല്പാനേറ്റ്

2018 മെയ് 10-ാം തീയതി നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ ദിവസം, ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത സീറോമലബാർ സഭയിലെ മല്പാനായ ബ. മാത്യു വെള്ളാനിക്കലച്ചന്റെ ഇപ്പോഴത്തെ വാസസ്ഥലമായ മാങ്ങാനം സ്പിരിച്വാലിറ്റി സെന്ററിനെ അതിരൂപതാപദവിയിലുള്ള മല്പാനേറ്റായി ഔദ്യോഗികമായി അംഗീകരിച്ചു. (Prot. No. C.18/GL 81, dated 10 May 2018) 2018 മെയ് 19-ാം തീയതി തുരുത്തി മർത്ത് മറിയം ഫൊറോനാ പള്ളിയിൽ നടന്ന അതിരൂപതാ ദിനാഘോഷത്തിൽ അഭിവന്ദ്യ പിതാവ് ഈ മല്പാനേറ്റിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തുകയും ചെയ്തു. 'മാർസ്ലീവാ മല്പാനേറ്റ്' എന്നായിരിക്കും ഈ മല്പാനേറ്റ് അറിയപ്പെടുക. സീറോ മലബാർ സഭയുടെ അജപാലനപരവും സുവിശേഷപ്രഘോഷണപരവുമായ ആഗോളവ്യാപകമായ ഇന്നത്തെ സാന്നിദ്ധ്യത്തിന്റെ പശ്ചാത്തലത്തിൽ സഭാംഗങ്ങൾക്ക് (വൈദികർക്കും സമർപ്പിതർക്കും അൽമായർക്കും) സഭാത്മകവും ആത്മീയവുമായ തുടർപരിശീലനം നൽകുക എതാണ് ഈ മല്പാനേറ്റിന്റെ ലക്ഷ്യം.

## III
## കടമുള്ള ദിവസങ്ങൾ

ജൂൺ 29 പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാളും ജൂലൈ 3 ദുക്റാനത്തിരുനാളും കടമുള്ള ദിവസങ്ങളാകയാൽ വിശ്വാസികളേവർക്കും സംബന്ധിക്കത്തക്കവിധം പരി. കുർബാന ഇടവകകളിൽ ക്രമീകരിക്കേണ്ടതാണ്.

## IV
## പ്രത്യേക പിരിവുകൾ

**1. പത്രോസിന്റെ കാശ്:**

പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോട് അനുബന്ധിച്ച് ജൂൺ 24-ാം തീയതിയിലെ സ്തോത്രകാഴ്ച പത്രോസിന്റെ കാശ് (Peter's Pence) ആയി പരി. പിതാവിന് സമർപ്പിക്കാനുള്ളതാണ്.

**2. സീറോ മലബാർ സഭാദിന ഫണ്ട്:**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ (ജൂലൈ 3) സഭാദിനമായി ആചരിക്കപ്പെടുന്നു. ജൂലൈ 3-ലെ സ്തോത്ര കാഴ്ച - ഒരാൾക്ക് രണ്ട് രൂപാവീതം - സീറോ മലബാർ സഭാ കാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകുവാനുള്ളതാണ്.

**3. ജൂലൈ 8 ഞായർ**

യുവജനദിനമാകയാൽ ഈ ദിവസത്തെ സ്തോത്രക്കാഴ്ച യുവജനങ്ങളുടെ വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ളതാണ്.

ടി പിരിവുകൾ 2018 ജൂലൈ 15 നു മുമ്പ് അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## V
## On- going Formation for Priests

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ കൂട്ടായ്മയും പഠനശിബിരവും ജൂൺ മാസം 19, 20 & 26, 27 തീയതികളിൽ അതിരൂപതാ കേന്ദ്രത്തിൽ നടത്തുകയാണ്. യഥാക്രമം 1994-1998, 1986-1994 ബാച്ചുകളിലെ വൈദികരാണ് ഇവയിൽ സംബന്ധിക്കേണ്ടത്. ആദ്യദിവസം രാവിലെ 9 മണിയ്ക്ക് ആരംഭിച്ച് രണ്ടാം ദിവസം ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്ന ഈ പഠനക്കൂട്ടായ്മയിൽ ടി ബാച്ചുകളിലെ വൈദികർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. On-going Formation ൽ ഇതുവരെ പങ്കെടുക്കാത്ത വൈദികർ ഈ രണ്ടു പഠനക്കൂട്ടായ്മകളിൽ ഏതെങ്കിലും ഒന്നിൽ പങ്കെടുക്കേണ്ടതാണ്.

65 മുതൽ 75 വയസുവരെ പ്രായമുള്ള വൈദികർക്കായുള്ള പരിശീലനപരിപാടി ജൂൺ 28 -ാം തീയതി ഇത്തിത്താനത്തുള്ള സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ രാവിലെ 09.30 മുതൽ ഉച്ചയ്ക്ക് 01.00 മണിവരെ നടത്തപ്പെടുന്നു. ടി പ്രായപരിധിയിലുള്ള വൈദികർ ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# വൈദികസമ്മേളന റിപ്പോർട്ട്

ഉയിർപ്പ് തിരുനാളിന് ശേഷം പതിവായി നടത്തിവരാറുള്ള വൈദികസമ്മേളനം 2018 ഏപ്രിൽ 3-ാം തീയതി ചൊവ്വാഴ്ച്ച രാവിലെ 10 മണിക്ക് സന്ദേശനിലയം മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിച്ചു. പെരിയ ബ. ജോസഫ് മുണ്ടകത്തിലച്ചൻ *ഖുത്താആ* പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തുടർന്ന്, പരേതരായ വൈദിക സഹോദരങ്ങളെ പ്രാർത്ഥനയിൽ സ്മരിച്ചുകൊണ്ട് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഒപ്പീസ് പ്രാർത്ഥന നടത്തി.

ചങ്ങനാശ്ശേരി അതിരൂപതയിലെ വിവിധ ശുശ്രൂഷാരംഗങ്ങളിൽ സേവനം ചെയ്യുന്ന ഇടവക-സന്യസ്ത വൈദികരെ അവരുടെ അജപാലന മേഖലകൾ സ്മരിച്ചുകൊണ്ടും സന്യസ്ത വൈദികരെ പരിചയപ്പെടുത്തിക്കൊണ്ടും അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് നടന്ന ആമുഖസന്ദേശത്തിൽ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് വീഴ്ച്ചകളെന്ന് തോന്നിക്കുന്ന കാലഘട്ടത്തിന്റെ ചില പശ്ചാത്തലങ്ങൾ ഓർമ്മപ്പെടുത്തിക്കൊണ്ട് പ്രത്യാശയിൽ ശാന്തമായി അതിനെ അതിജീവിക്കണമെന്നും ഇത്തരം സാഹചര്യങ്ങളിൽ സത്യസന്ധത, എളിമ, നന്മനിറഞ്ഞ മാതൃകകൾ തുടങ്ങിയ പുണ്യങ്ങൾ കൊണ്ട് മാർഗ്ഗദർശികളായ പുരോഹിതരുടെ ജീവിതങ്ങൾ കൂടുതൽ തെളിമയുള്ളതാകണമെന്നും ആഹ്വാനം ചെയ്തു. അർപ്പണബോധത്തോടെയുള്ള വൈദികരുടെ ശുശ്രൂഷയെ നന്ദിയോടെ സ്മരിച്ചുകൊണ്ടാണ് തുടർന്ന് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് തന്റെ സന്ദേശം ആരംഭിച്ചത്. വിശ്വാസികളുടെ പശ്ചാത്തലം പഠനവിഷയമാക്കുന്നവരാകണം വൈദികർ. അവരെ വിശ്വാസികൾ ആത്മീയരായിട്ടാണ് കാണുന്നത്. അപ്രകാരം വൈദികരെ ആത്മീയരാക്കുന്ന വൈദികരുടെ ധ്യാനം തുടർപരിശീലനം എന്നിവയിലുള്ള പങ്കാളിത്തം, ഭവന സന്ദർശനംവഴി വൈദികർക്ക് ദൈവജനത്തോട് ഉണ്ടാകേണ്ട അജപാലനപരമായ ബന്ധം, സാമ്പത്തിക അച്ചടക്കം, ദൈവവിളി പരിപോഷണം, അജപാലന പഞ്ചവത്സര പദ്ധതി തുടങ്ങിയവയൊക്കെ പിതാവിന്റെ പ്രസംഗത്തിൽ പരാമർശവിഷയങ്ങളാവുകയും ചെയ്തു.

തുടർന്ന് 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന ബ. തോമസ് പാറത്തോട്ടാൽ അച്ചന്റെ പുസ്തകരൂപേണയുള്ള പഠനസമാഹാരം ബ. തോമസ് കൊച്ചുതറ അച്ചൻ വിശദീകരിക്കുകയും അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് പ്രകാശനം ചെയ്ത് അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽപിതാവിന് നൽകുകയും ബ. തോമസ് പാറത്തോട്ടാൽ അച്ചൻ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു. അതേതുടർന്ന് പെരിയ ബ. ജയിംസ് പാലയ്ക്കൽ അച്ചൻ ചങ്ങനാശ്ശേരി അതിരൂപതയുടെ പഞ്ചവത്സര അജപാലന പദ്ധതിയും അതിന്റെ അടിസ്ഥാന ആഭിമുഖ്യങ്ങൾ, പൊതുനിർദ്ദേശങ്ങൾ, പഠനവിഷയങ്ങൾ, അജപാലനമേഖലകൾ എന്നിവ അടങ്ങുന്ന ലോഗോ വിശദീകരിച്ചു. തദവസരത്തിൽ എല്ലവർക്കും അതിന്റെ ഓരോ കോപ്പി വിതരണം ചെയ്തു.

അതിനുശേഷം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ പൊതുനിർദ്ദേശങ്ങൾ ആയിരുന്നു. പഞ്ചവത്സര അജപാലനപദ്ധതി ഗൗരവമായി

എടുത്ത് അതിന്റെ സന്ദേശം രൂപതയിലെ എല്ലാ ഇടങ്ങളിലും എത്തിക്കാൻ ഇടവക വികാരിമാർ ശ്രദ്ധിക്കണമെന്നും അതിന്റെ അടിസ്ഥാന ലക്ഷ്യം അജപാലനമേഖലയിലെ ഗുണപരമായ മാറ്റമാണെന്നും അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തി. എല്ലായിടത്തും എല്ലാവരെയും ആദരിച്ചുകൊണ്ട് മനുഷ്യത്വപരവും മാന്യവുമായ ഇടപെടലും ഉത്സാഹവും സേവനസന്നദ്ധതയും നിറഞ്ഞതായിരിക്കണം പൗരോഹിത്യ ശുശ്രൂഷകൾ. പുരോഹിതർ ഭവന സന്ദർശനങ്ങളിലൂടെ കുടുംബങ്ങളിലേക്ക് ഇറങ്ങണം, അവിടെയുള്ള പ്രശ്നങ്ങളിൽ ഇടപെട്ട് അത് പരിഹരിക്കണം. പൗരോഹിത്യ ജീവിതത്തിലെ ചില തടസ്സങ്ങളായ ആഴത്തിൽ വേരുപിടിക്കാത്ത ആദ്ധ്യാത്മികത, മാധ്യമങ്ങളുടെ ദുരുപയോഗം, ലാളിത്യത്തിന്റെയും എളിമയുടെയും കുറവ്, ലൗകിക ദാഹങ്ങൾ, പൗരോഹിത്യ മേൽക്കോയ്മ എന്നിവയും ആത്മപരിശോധനാർത്ഥം അഭിവന്ദ്യ പിതാവ് സൂചിപ്പിക്കുകയുണ്ടായി. തുടർന്ന് നവവൈദികർക്ക് വൈദികകൂട്ടായ്മയിലേക്ക് സ്വാഗതവും ജൂബിലിക്കാരായ വൈദികർക്ക് അനുമോദനങ്ങളും നേർന്നശേഷം അഭിവന്ദ്യ പിതാവ് സന്യസ്ത വൈദികരെ പരിചയപ്പെടുത്തുകയും ഈ വർഷം പ്രീസ്റ്റ്ഹോമിലേക്ക് പ്രവേശിക്കുന്ന വൈദികരുടെ വിലപ്പെട്ട സേവനങ്ങൾ നന്ദിയോടും സ്നേഹത്തോടും കൂടെ ഓർക്കുകയും ചെയ്തു. അവസാനമായി അഭിവന്ദ്യ പിതാവ് പഞ്ചവത്സര അജപാലനപദ്ധതിയിൽ ഇടവകകളിൽ നടത്തപ്പെടുന്ന ശുശ്രൂഷകളെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിനെക്കുറിച്ചും സിസ്റ്റേഴ്സിന്റെ 'എക്ലേസ്സിയ' എന്ന കൂട്ടായ്മയെക്കുറിച്ചും ലിറ്റർജിക്കൽ അപ്പോസ്തൊലേറ്റിന്റെ ആഭിമുഖ്യത്തിൽ ഉടൻ നടക്കുന്ന ദൈവാലയ ശുശ്രൂഷികളുടെയും അൾത്താര ബാലന്മാരുടെയും പരിശീലനശുശ്രൂഷകളെക്കുറിച്ചും അറിയിച്ചശേഷം പൊതുചർച്ചയിലേക്ക് പ്രവേശിച്ചു.

ഷംഷാബാദ് രൂപതയും ഇറ്റാവാ മിഷനും തമ്മിലുള്ള ബന്ധം, ജയ്പൂർ മിഷന്റെ സാദ്ധ്യതകൾ, തുരുത്തിയിൽ മെയ് 19 ന് നടത്തപ്പെടുന്ന അതിരൂപത ദിനാഘോഷം, പാറേൽ മരിയൻ തീർത്ഥാടനകേന്ദ്ര നിർമ്മാണ വരവ് തുക എന്നിവ പൊതുചർച്ചയുടെ ആദ്യഭാഗത്ത് വിശദമാക്കുകയും പിന്നീട് എസ്.ബി. കോളേജ് പ്രിൻസിപ്പാൾ പദവിയെക്കുറിച്ചും പാറേൽ നിർമ്മാണപ്രവർത്തനങ്ങളുടെ ചെലവ് തുകയെക്കുറിച്ചും വൈദികരുടെ സ്ഥലം മാറ്റം സംബന്ധിച്ച പരിഗണനകളെ സംബന്ധിച്ചും കുട്ടനാട് വികസനസമതിയുടെ പ്രശ്നങ്ങളെ സംബന്ധിച്ചും വിവിധ വൈദികർ ചോദ്യങ്ങൾ ചോദിക്കുകയും ചോദ്യങ്ങൾക്ക് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവും ഓരോ വിഷയവുമായി ബന്ധപ്പെട്ട വൈദികരും മറുപടി നൽകുകയും ചെയ്തു.

പിന്നീട് അതിരൂപതാദിനം പ്രമാണിച്ച് ബ. ഷാജി തുമ്പേച്ചിറ അച്ചൻ തയ്യാറാക്കിയ മൊബൈൽ ഡയലർടോൺ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് പ്രകാശനം ചെയ്തു. തുടർന്ന് നടന്ന പി.പി.എഫ്.എ. മീറ്റിഗിൽ വാർഷിക റിപ്പോർട്ട്, ഓഡിറ്റേഴ്സ് റിപ്പോർട്ട് എന്നിവ വായിക്കുകയും അഭിവന്ദ്യ പെരുന്തോട്ടം പിതാവ് വൈദികക്ഷേമത്തിനുവേണ്ടിയുള്ള പ്രത്യേക ഫണ്ടിനെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. പുതിയ ട്രഷറർ ആയി ബ. ജോർജ്ജ് വല്ലയിൽ അച്ചനെയും ഇന്റേണൽ ഓഡിറ്റേഴ്സായി ബ. ഷാജി അമ്പലത്തിങ്കൽ അച്ചൻ, ബ. എബി ചങ്ങംകരി അച്ചൻ എന്നിവരെയും തിരഞ്ഞെടുത്തു. തുടർന്ന് പെരിയ ബ. ഐസക് ആലഞ്ചേരി അച്ചൻ നന്ദി പ്രകാശിപ്പിക്കുകയും ഉച്ചകഴിഞ്ഞ് ഒന്നരയോടെ വൈദിക സമ്മേളനം സമാപിക്കുകയും എല്ലാവരും ഉച്ചഭക്ഷണത്തിനായി പിരിയുകയും ചെയ്തു.

# 131–ാമത് അതിരൂപതാദിനാചരണ റിപ്പോർട്ട്

2018 മെയ് 18–ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 03.30 ന് ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ കബറിടത്തിൽ നിന്നാരംഭിച്ച ദീപശിഖാ–ഛായാചിത്ര പ്രയാണത്തോടെ 131–ാമത് അതിരൂപതാ ദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. കത്തീഡ്രൽ പള്ളി വികാരി പെ. ബഹു. കുര്യൻ പുത്തൻപുരയച്ചൻ പ്രാർത്ഥനാശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും, അതിരൂപതാ പ്രൊക്കുറേറ്റർ പെ. ബഹു. ഫിലിപ്പ് തയ്യിലച്ചൻ ദീപശിഖ, വി. യൗസേഫ് പിതാവിന്റെ ഛായാചിത്രം, ഫാ. ബർണ്ണാർദ്ദ് തോമായുടെ ഛായാചിത്രം എന്നിവ യഥാക്രമം യുവദീപ്തി എസ്.എം.വൈ.എം. പ്രസിഡന്റ് ശ്രീ. ഷിജോ മാത്യു, ജന. സെക്രട്ടറി ശ്രീ. അഖിൽ ജോർജ് ചാക്കോ, വൈസ് പ്രസിഡന്റ് കുമാരി അഞ്ജലി പി. തോമസ് എന്നിവർക്ക് നൽകി. പ്രയാണം നൂറുകണക്കിന് സൈക്കിളുകളുടെ അകമ്പടിയോടെ 05.00 പി.എം. ന് തുരുത്തി മർത്ത് മറിയം ഫൊറോന ദൈവാലയത്തിൽ എത്തിച്ചേർന്നു. സഹായമെത്രാൻ മാർ തോമസ് തറയിൽ പ്രയാണത്തെ സ്വീകരിക്കുകയും സന്ദേശം നൽകുകയും ചെയ്തു. സിഞ്ചെള്ളൂസ് പെരിയ ബഹു. ജയിംസ് പാലക്കലച്ചൻ റംശാ പ്രാർത്ഥനയ്ക്ക് കാർമ്മികത്വം വഹിച്ചു. സിഞ്ചെള്ളൂസ് പെ. ബഹു. ജോസഫ് മുണ്ടകത്തിലച്ചനും ചടങ്ങുകളിൽ സന്നിഹിതനായിരുന്നു.

മെയ് 19 ശനിയാഴ്ച രാവിലെ 8.30 ന് തുരുത്തി ഫൊറോനയിലെ വിവിധ സൺഡേസ്കൂളുകൾ ചരിത്രപ്രദർശനം നടത്തി. 09.00 എ.എം.ന് രജിസ്ട്രേഷൻ ആരംഭിച്ചു. 09.00 ന് ബഹു. റ്റിജോ പുത്തൻപറമ്പിലച്ചന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ശ്രുതി മധുരമായ ഗാനശുശ്രൂഷ ആരംഭിച്ചു. 09.15 ന് വിശിഷ്ട വ്യക്തികളെ ബാന്റുസെറ്റിന്റെയും കേരളീയ തനതു സാംസ്കാരികലകളുടെയും, പരമ്പരാഗത മാർത്തോമ്മാ നസ്രാണിവേഷവിധാനങ്ങളുടെ അകമ്പടിയോടെയും സ്വീകരിച്ചു. ഫൊറോന വികാരി പെരിയ ബഹു. ഗ്രിഗരി ഓണകുളത്തച്ചൻ, കൈക്കാരൻ ശ്രീ. ജോണിച്ചൻ പുതുക്കുടി, പിതൃവേദി പ്രസിഡന്റ് ശ്രീ. റോയി കപ്പാങ്കൽ, മാതൃവേദി പ്രസിഡന്റ് ശ്രീമതി ജാൻസി വർഗീസ്, എ.കെ.സി.സി. പ്രസിഡന്റ് ശ്രീ. വർഗീസ് ആന്റണി എന്നിവർ ഷാളണിയിച്ചു. ലോക്കൽ കോ-ഓർഡിനേറ്റർ ശ്രീ. പ്രിൻസ് പാലാത്ര അതിരൂപതാദിന പതാകയും, പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീ. ജോസ് ആനിത്തോട്ടം യൗസേഫ് പിതാവിന്റെ ഛായാചിത്രവും, ശ്രീ. ആന്റണി മഠത്തിപറമ്പിൽ ഫാ. ബർണ്ണാർദ്ദ് തോമായുടെ ഛായാചിത്രവും, യുവദീപ്തി എസ്.എം.വൈ.എം. തുരുത്തിയൂണിറ്റ് പ്രസിഡന്റ് ശ്രീ. ടോണി ആന്റണി ദീപശിഖയും സംവഹിച്ചു.

അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. സോണി കണ്ടങ്കരി പതാക ഉയർത്തിയതോടെ പൊതുസമ്മേളനം ആരംഭിച്ചു. സിഞ്ചെള്ളൂസ് പെരിയ ബഹു. ജോസഫ് മുണ്ടകത്തിലച്ചൻ *ഖുദ്ശ് ആ* പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. അതിരൂപതാദിന ജനറൽ കൺവീനർ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് വിശിഷ്ടാതിഥികൾക്കും സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുരുത്തി ഫൊറോന വികാരി

പെരിയ ബഹു. ഗ്രിഗറി ഓണംകുളത്തച്ചൻ ഫാ. ബർണ്ണാർദ്ദ് തോമാ നഗറിനെ പരിചയപ്പെടുത്തി.

സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ച സീറോമലബാർ സഭാതലവൻ അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത സീറോ മലബാർ സഭയുടെ വളർച്ചയിൽ ചങ്ങനാശേരി അതിരൂപത നൽകിയിട്ടുള്ള സംഭാവനകളെ പ്രത്യേകം ശ്ലാഘിച്ചു. സഭയിലെ ഭിന്നസ്വരങ്ങളെക്കുറിച്ച് ആകുലരാകേണ്ടതില്ലെന്നും സഭയിലെ ആധികാരികമായ ആശയങ്ങൾ സമന്വയിപ്പിച്ച് ആരാധനക്രമരീതികൾക്ക് ഐക്യം കൊണ്ടുവരാമെന്ന ലക്ഷ്യം നാം മുന്നിൽ കാണണമെന്നും ആരാധനക്രമ പുനരുദ്ധാരണത്തിൽ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ നൽകിയ നേതൃത്വമാണ് ഈ രംഗത്ത് ക്രമവൽകൃത സ്വഭാവം കൈവരിക്കാനിടയാക്കിയത് എന്നും അദ്ദേഹം പറഞ്ഞു. സീറോ മലബാർ സഭയുടെ കൂട്ടായ്മയും ശക്തിയും ഭാരതസഭയ്ക്കും ആഗോള സഭയ്ക്കും പങ്കുവയ്ക്കാൻ, മാറുന്ന സാഹചര്യത്തിലും സഭാംഗങ്ങൾക്കു കൂടുതൽ ഉത്തരവാദിത്വമുണ്ടെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

പെന്തക്കുസ്താ അനുഭവത്തിൽ 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്ന ആപ്തവാക്യം നിറവേറ്റാനുള്ള പരിശ്രമം വേണമെന്ന് അദ്ധ്യക്ഷപ്രസംഗം നടത്തിയ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ബോധിപ്പിച്ചു. സീറോ മലബാർ സഭയ്ക്ക് ഭാരതം മുഴുവൻ പ്രവർത്തനസ്വാതന്ത്ര്യം ലഭിച്ചതിൽ അഭിമാനമുണ്ടെന്നും, ഇതിനു പരിശ്രമിച്ച മാർ ജോർജ് ആലഞ്ചേരി പിതാവിന് മാതൃരൂപതയുടെ അഭിനന്ദനം നേരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. സഭയിലുണ്ടാകുന്ന അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കാനും ശത്രുതാ മനോഭാവമില്ലാതെ പ്രവർത്തിക്കാനും കഴിഞ്ഞെങ്കിലേ അപചയങ്ങൾ ഒഴിവാക്കാനാകുകയുള്ളുവെന്ന് അദ്ദേഹം പറഞ്ഞു.

സാഗർ രൂപതാ മെത്രാൻ മാർ ജയിംസ് അത്തിക്കളത്തെ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ആദരിച്ചു. 10 കോടിയോളം വരുന്ന ഭവന നിർമ്മാണ പദ്ധതിയുടെ താക്കോൽദാനം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്ത കത്തീഡ്രൽ പള്ളി വികാരി വെ. റവ. ഫാ. കുര്യൻപുത്തൻപുര, പ്രെസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി റവ. ഫാ. ജോസ് നിലവന്തറ, പിതൃവേദി പ്രസിഡന്റ് ശ്രീ. വർഗീസ് നെല്ലിക്കൻ, മാതൃവേദി പ്രസിഡന്റ് ഡോ. റോസമ്മ സോണി എന്നിവർക്ക് നൽകികൊണ്ട് നിർവ്വഹിച്ചു. മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ ജീവിതത്തെക്കുറിച്ച് മീഡിയ വില്ലേജ് തയ്യാറാക്കിയ ഡോക്യുമെന്ററിയുടെ പ്രകാശനം മാർ ജോർജ് ആലഞ്ചേരി ശ്രേഷ്ഠ മെത്രാപ്പോലീത്ത, പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. റ്റി. കെ. ജോസിന് സി.ഡി. കൈമാറിക്കൊണ്ട് നിർവ്വഹിച്ചു. പഞ്ചവത്സരപദ്ധതിയുടെ പഠനഗ്രന്ഥവും തദവസരത്തിൽ പ്രകാശനം ചെയ്യപ്പെട്ടു. 'ഹരിത രൂപത'യുടെ ഭാഗമായി നാട്ടുമാവിൻ തൈ യുവദീപ്തി ഡപ്യൂട്ടി പ്രസിഡന്റ് കുമാരി ആൻ മരിയ ജോസിന് നൽകി. ന്യൂസ് & വ്യൂസിന്റെ പ്രകാശനം ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ശ്രീ. ജയിംസ് ഇലവുങ്കലിന് നൽകിക്കൊണ്ട് മാർ തോമസ് തറയിൽ നിർവ്വഹിച്ചു. മുഖ്യപ്രഭാഷണം നടത്തിയ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. റ്റി. കെ. ജോസ് മാറുന്ന സാഹചര്യത്തിൽ യുവജനങ്ങൾ വിശ്വാസത്തിൽ അടിയു

റച്ചവരായി വളരണമെന്നും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കി മുന്നേറണമെന്നും ഉദ്ബോധിപ്പിച്ചു.

അഡ്വ. ജോജി ചിറയിൽ എക്സലന്റ്സ് അവാർഡ് ജേതാവിനെയും പ്രത്യേകം ആദരിക്കപ്പെടുന്നവരെയും സ്റ്റേജിലേക്ക് ക്ഷണിച്ച് പരിചയപ്പെടുത്തി. എക്സലൻസ് അവാർഡ് ജേതാവായ ഡോ. മാത്യു പാറക്കൽ, വിവിധ മേഖലകളിൽ നേട്ടം കൈവരിച്ച സമീറ ഐ.എ.എസ്., ശ്രീ. ബിനു കണ്ണന്താനം, ശ്രീ. ജിമ്മി ഫിലിപ്പ്, ശ്രീ. ജോൺ പോൾ, ശ്രീ. ഫാന്റം പ്രവീൺ, ശ്രീ. ആൻസൻ എ. അത്തിക്കളം, ശ്രീ. സാവിയോ തോസ് സെബാസ്റ്റ്യൻ, ശ്രീ. സിബിൻ കായലിപ്പറമ്പിൽ, മാസ്റ്റർ സ്റ്റീഫൻ ജോസഫ്, ബെറ്റി ജോസഫ് പുഷ്പമംഗലം, കുമാരി അന്ന സോജൻ കളരിക്കൽ, ആന്റണി മൈക്കിൾ, ശ്രീ. വി. ജെ. തോമസ് വയലിൽ, ശ്രീ. അൽഫോൻസ് റ്റി. വയലിൽ, ശ്രീ. തോമസുകുട്ടി മണക്കുന്നേൽ, ജിജോ കെ. മോൻസി കൈതപ്പറമ്പിൽ, ജസ്റ്റിൻ ജോർജ് പ്ലാത്താനം, ശ്രീ. ബെന്നിച്ചൻ ലൂക്കോസ്, ശ്രീ. തോമസ് സി. ജെ. മണിമല, റവ. സി. ജയ്ൻ കൊട്ടാരം സി. എം. സി., റവ. സി. ത്രേസ്യാമ്മ ഒ.എം.എം. ഐ. എന്നിവരെ ആദരിച്ചു. ഏറ്റവും നല്ല പാരീഷ് കൗൺസിലിനുള്ള അവാർഡ് തെള്ളകം പുഷ്പഗിരി സെന്റ് ജോസഫ്സ് ഇടവകയ്ക്കും ഏറ്റവും മികച്ച ഡയറിക്കുള്ള സമ്മാനം തോട്ടക്കാട് സെന്റ് ജോർജ് ചർച്ച്, ചങ്ങങ്കരി സെന്റ് ജോസഫ്സ് ചർച്ച് എന്നിവയ്ക്കും രണ്ടാം സ്ഥാനം അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ്, വട്ടിയൂർക്കാവ് സെന്റ് ഫ്രാൻസിസ് ഡി. സാലസ് എന്നിവയ്ക്കും ലഭിച്ചു. ഏറ്റവും മികച്ച പാരീഷ് ബുള്ളറ്റിൻ തിരുവനന്തപുരം ലൂർദ്ദ് മാതാ, പള്ളിക്കൂട്ടുമ്മ ഫാത്തിമാ മാതാ എന്നീ ഇടവകകൾക്കും രണ്ടാം സ്ഥാനം അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ്, പുന്നത്തുറ സെന്റ് തോമസ് എന്നീ ഇടവകകൾക്കും ലഭിച്ചു.

മനക്കച്ചിറ സെന്റ് ജോസഫ്, കണ്ണമ്മൂല മദർ തെരേസ എന്നീ കുരിശുപള്ളികളെ ഇടവകകളായി ഉയർത്തുകയും യഥാക്രമം ഫാ. ജോസഫ് പനക്കേഴം, ഫാ. ബിവിൻ പ്ലാപ്പറമ്പിൽ എന്നിവരെ പ്രഥമ വികാരിമാരായി നിയമിക്കുകയും ചെയ്തു. കേശവദാസപുരം പാസ്റ്ററൽ സെന്ററിനെ കുരിശുപള്ളിയായി ഉയർത്തി. മല്പാൻ വെ. വെ. ഫാ. മാത്യു വെള്ളാനിക്കലിന്റെ താമസകേന്ദ്രമായ മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിനെ മല്പാനാറ്റോയി ഉയർത്തി. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തയുടെ പ്രഖ്യാപനങ്ങൾക്കുശേഷം ചാൻസിലർ വെ. റവ. ഡോ. ഐസക് ആലഞ്ചേരി ഇത് സംബന്ധിച്ചുള്ള കല്പന വായിച്ചു.

132-ാമതു അതിരൂപതാദിനത്തിന് ആതിഥ്യമരുളുന്ന അമ്പൂരി ഫൊറോനക്കുവേണ്ടി ഫൊറോന വികാരി പെ. ബഹു. ജോസഫ് ചൂളപറമ്പിലച്ചന്റെ നേതൃത്വത്തിൽ പ്രതിനിധികൾ അതിരൂപതാദിന പതാക ഏറ്റുവാങ്ങി. അതിരൂപതാദിന കോ-ഓർഡിനേറ്റർ ഫാ. ജോസ് മുകളേൽ നന്ദി പ്രകാശിപ്പിച്ചു.


131-ാമത് അതിരൂപതാദിന പരിപാടികൾക്ക് മാർ തോമസ് തറയിൽ വെ. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ, വെ. റവ. ഫാ. ഗ്രിഗറി ഓണകുളം, ഫാ. ജോസ് മുകളേൽ, ഫാ. ജോർജ് മാന്തുരുത്തി, ഫാ. ജോസഫ് ഇലഞ്ഞിമറ്റം, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, ഡോ. സോണി കണ്ടങ്കരി, പി. ആർ. ഒ.,

അഡ്വ. ജോജി ചിറയിൽ, ലോക്കൽ കൺവീനർ പ്രിൻസ് പാലാത്ര, ഫോറോന സെക്രട്ടറി ശ്രീ. ആന്റണി മഠത്തിപ്പറമ്പിലും ഫൊറോനയിലെ വൈദികരും, ബഹു. സിസ്റ്റേഴ്സും അല്മായ പ്രതിനിധികളും, ഫൊറോന കൗൺസിൽ അംഗ ങ്ങൾ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവരും നേതൃത്വം നൽകി. റവ. ഫാ. ഷാജി തുമ്പേച്ചിറയിലിന്റെ നേതൃത്വത്തിലുള്ള കലാപരിപാടികൾ അതിരൂപതാദിനത്തിന് മാറ്റുകൂട്ടി. പരിസ്ഥിതിസൗഹൃദ നഗ റും, ചരിത്രാവബോധ എക്സിബിഷനും ഈ വർഷത്തെ പ്രത്യേകതകളായി രുന്നു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 3050 പ്രതിനിധി കൾ സമ്മേളനത്തിൽ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**ഫാ. ജോസ് മുകളേൽ**
**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. ജോസഫ് ഇലഞ്ഞിമറ്റം**
(കോ-ഓർഡിനേറ്റേഴ്സ്)

## അനുസ്മരണം



റവ. ഫാ. ജോർജ് സ്രാമ്പിക്കൽ
(1933– 2018)

# ഊർജ്ജസ്വലനായ അജപാലകൻ

കുട്ടനാട്ടിലെ മുട്ടാർ ഗ്രാമത്തിൽ പുരാതനമായ സ്രാമ്പിക്കൽ (കരിമ്പുംപറമ്പിൽ) ഔതച്ചൻ–മാമ്മി ദമ്പതികളുടെ നാലാമത്തെ സന്താനമായി 1933 ജൂലൈ 16 ന് ജോർജച്ചൻ ജനിച്ചു. മുട്ടാർ (ഓൾഡ്) സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് മാമ്മോദീസ സ്വീകരിച്ചു. ജോർജച്ചന് രണ്ട് സഹോദരന്മാരും മൂന്ന് സഹോദരിമാരും ആണുള്ളത്. ഇപ്പോൾ ജീവിച്ചിരിക്കുന്ന രണ്ടു സഹോദരങ്ങളിൽ ഒരാൾ ദിവ്യകാരുണ്യ ആരാധനാ സന്യാസിനി സമൂഹാംഗം സിസ്റ്റർ ആനി മരിയ എസ്.എ.ബി.എസ്. കൂത്രപള്ളിയിലുള്ള റീത്താ ഭവനിൽ വിശ്രമജീവിതം നയിക്കുന്നു.

മുട്ടാർ സെന്റ് ജോർജ് എൽ.പി. സ്കൂളിലും തലവടി ടി.എം.ടി. ഇംഗ്ലീഷ് മിഡിൽ സ്കൂളിലും എടത്വാ സെന്റ് അലോഷ്യസ് ഹൈസ്കൂളിലും വിദ്യാഭ്യാസം നടത്തി, പത്താംക്ലാസ് പാസ്സായശേഷം ജോർജച്ചൻ പാറേൽ മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിനായി ചേർന്നു. രണ്ടുവർഷത്തെ മൈനർ സെമിനാരി പരിശീലനത്തിനുശേഷം ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ ചേർന്ന് മൂന്നുവർഷം തത്വശാസ്ത്രവും നാലുവർഷം ദൈവശാസ്ത്രവും പഠിച്ച് 1959 മാർച്ച് 14ന് അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു. അതേ വർഷം മെയ് മാസത്തിൽ ചമ്പക്കുളം കല്ലൂർക്കാട് സെന്റ് മേരീസ് ഫൊറോനാപള്ളിയിൽ അസ്തേന്തിയായി നിയമിതനായി. റവ. ഫാ. കുര്യൻ ഒളശ്ശയിൽ ആയിരുന്നു വികാരിയച്ചൻ. ജോർജച്ചന്റെ ബാച്ചിൽപ്പെട്ട ബ. ആന്റണി ചേക്കാത്തറ അച്ചനും അസ്തേന്തിയായി ചമ്പക്കുളത്ത് നിയമിക്കപ്പെട്ടു. ബഹുമാനപ്പെട്ട ഗ്രിഗറി വെള്ളാപ്പള്ളി അച്ചൻ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായും ബഹുമാനപ്പെട്ട തോമസ് നാല്പതാംകളം അച്ചൻ ഹൈസ്കൂൾ അദ്ധ്യാപകനായും ചമ്പക്കുളത്ത് ഇതേ കാലഘട്ടത്തിൽ ശുശ്രൂഷ ചെയ്തിരുന്നു. രണ്ടു വർഷത്തെ വളരെ സജീവമായ അജപാലന ശുശ്രൂഷയ്ക്കുശേഷം കായൽപ്പുറം സെന്റ് ജോസഫ് പള്ളിയിൽ വികാരിയായി ബഹുമാനപ്പെട്ട ജോർജച്ചൻ നിയമിതനായി. കായൽപുറത്തുനിന്ന് മാറി പച്ച-ചെക്കിടിക്കാട്, കണ്ടങ്കരി,

മീൻകുളം, കരുവാറ്റ, പുളിങ്കുന്ന്, ചേന്നങ്കരി, ചങ്ങനാശേരി കത്തീഡ്രൽ, നെടുങ്കുന്നം, വെട്ടിമുകൾ, മുഹമ്മ, അയർക്കുന്നം, ചെറുവാണ്ടൂർ, തെക്കേക്കര, മുട്ടാർ ഓൾഡ് എന്നീ ഇടവകകളിൽ ശുശ്രൂഷ ചെയ്തു. 53 വർഷത്തെ പൗരോഹിത്യ ശുശ്രൂഷ പൂർത്തിയാക്കി 2011 ൽ സ്വന്തം ഇടവകയായ മുട്ടാറിൽ ശുശ്രൂഷയിൽ നിന്ന് വിരമിച്ച് ഇത്തിത്താനത്തുള്ള സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ 2018 ഏപ്രിൽ വരെ വിശ്രമജീവിതം നയിച്ചു.

പ്രീസ്റ്റ് ഹോമിലെ ആദ്യത്തെ മൂന്നാലു വർഷങ്ങളിൽ അച്ചന് സാമാന്യം നല്ല ആരോഗ്യം ഉണ്ടായിരുന്നു. അവസാനത്തെ മൂന്നു വർഷം ഒരു ബൈസ്റ്റാൻഡറിന്റെ സഹായം അച്ചന് വേണ്ടി വന്നു. ഇതിനിടയിൽ അച്ചന് ഒരു ആൻജിയോപ്ലാസ്റ്റി ചെയ്യേണ്ടിവന്നു. പ്രീസ്റ്റ്ഹോമിലെ വിശ്രമജീവിതത്തിൽ അച്ചൻ സംതൃപ്തനായിരുന്നു. വൈദിക ജീവിതത്തിലുടനീളം വളരെ സജീവമായിരുന്ന ജോർജച്ചൻ 2018 ഏപ്രിൽ 19ന് രാവിലെ ശാന്തനായി തന്റെ ജീവിതം കർത്താവിന്റെ കരങ്ങളിൽ സമർപ്പിച്ച് അവിടുത്തെപ്രതി സമ്മാനത്തിനായി സ്വർഗ്ഗത്തിലേക്ക് യാത്രയായി.

തന്റെ അജപാലന ശുശ്രൂഷയിൽ വളരെ സജീവത്വം പുലർത്തിയ വൈദികനായിരുന്നു ബഹുമാനപ്പെട്ട ജോർജച്ചൻ. വ്യക്തിബന്ധങ്ങൾ പോഷിപ്പിക്കുന്നതും സാമൂഹിക പ്രതിബദ്ധത പാലിക്കുന്നതിലും അച്ചൻ ശ്രദ്ധിച്ചിരുന്നു. അച്ചന്റെ സുഹൃത്ത് വലയത്തിൽ വൈദികർ മാത്രമല്ല ഉൾപ്പെട്ടിരുന്നത്. സാഹിത്യകാരന്മാരും രാഷ്ട്രീയ നേതാക്കന്മാരും സാമൂഹിക പ്രവർത്തകരുമായും അച്ചന് നല്ല ബന്ധമുണ്ടായിരുന്നു. ശ്രീ ജോസഫ് മറ്റം, മാത്യു ഉലകംതറ, ജോൺ കച്ചിറമറ്റം, കാവാലം നാരായണ പണിക്കർ എന്നിവർ അവരിൽ ചിലർ മാത്രം. ചെറുവാണ്ടൂരിൽ നടത്തിയ (2003) സപ്തതി ആഘോഷവേളയിൽ ഈ മഹാരഥന്മാർക്ക് ഒന്നിച്ചു കൂടുവാനുള്ള അവസരം നൽകി. കുട്ടനാട് കലാ സാഹിത്യ സമിതി, കേരള ഹിസ്റ്ററി കോൺഗ്രസ്, എ.കെ.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി, നിലയ്ക്കൽ എക്യുമെനിക്കൽ കമ്മിറ്റി, ദീപിക പബ്ലിസിറ്റി കമ്മിറ്റി എന്നീ സമിതികളിൽ ജോർജച്ചൻ വളരെ സജീവമായി പ്രവർത്തിച്ചിരുന്നു. യുവജന പ്രസ്ഥാനവും അല്മായ പ്രേക്ഷിതത്വവും അച്ചന് പ്രത്യേക താൽപര്യമുള്ള പ്രവർത്തന മേഖലകളായിരുന്നു. *സഭയ്ക്കും സമൂഹത്തിനും* എന്ന ജോർജച്ചന്റെ പുസ്തകത്തിൽ ഇതിന്റെ വിശദാംശങ്ങൾ കാണാം.

കഠിനാധ്വാനവും പരന്ന വായനയും അച്ചന്റെ സവിശേഷതകളായിരുന്നു. ദിനപത്രങ്ങളുടെ എഡിറ്റോറിയൽ ഉച്ചയ്ക്ക് വിശ്രമം എടുക്കാതെ അച്ചൻ വായിച്ചിരുന്നു. കേരളത്തിലെയും ഭാരതത്തിലെയും രാഷ്ട്രീയസ്ഥിതിയെപ്പറ്റി അച്ചൻ കൃത്യമായി വിലയിരുത്തിയിരുന്നു. ഇന്ത്യയിലെ അടിയന്തരാവസ്ഥ കാലത്ത് (1975) അച്ചൻ റോമിൽ തീർത്ഥാടനത്തിനായി വന്നപ്പോൾ ഡമഷീനൊ കോളേജിലെ മലയാളി അച്ചന്മാരുടെ ചോദ്യങ്ങൾക്കെല്ലാം കൃത്യമായ ഉത്തരങ്ങൾ നൽകി നടത്തിയ പ്രസ് കോൺഫറൻസ് ഇപ്പോഴും ഞാനോർക്കുന്നു. അച്ചന്റെ സാഹിത്യവാസനയുടെയും പഠനത്തിന്റെയും ഫലമാണ് അച്ചൻ രചിച്ച 11 പുസ്തകങ്ങൾ. 'സ്രാമ്പിക്കൽ കുടുംബ ചരിത്രം' എഴുതി പ്രസാധനം ചെയ്തതിന്റെ പിന്നിലും ജോർജച്ചന്റെ അനുഗ്രഹീത കരങ്ങളാണ് പ്രവർത്തിച്ചത്. ജീവിച്ചിരുന്നപ്പോൾ തന്നെ പല പുരസ്കാരങ്ങളും അച്ചനെ തേടിയെത്തിയിട്ടുണ്ട്. സ്രാമ്പിക്കൽ അച്ചന്റെ സാമൂഹികൗത്സുക്യത്തിന്റെ

സ്മാരകങ്ങളിൽ ചിലതാണ് കരുവാറ്റ സെന്റ് ജോസഫ് ഹോസ്പിറ്റൽ, കരുവാറ്റ വള്ളംകളി, പുളിങ്കുന്ന് സെന്റ് മേരീസ് പാരലൽ കോളേജ്, സെന്റ് മേരീസ് ഐ.ടി.സി., ചില്ലിംഗ് പ്ലാൻറ് എന്നിവ. അച്ചന്റെ ആത്മവിശ്വാസത്തിന്റെയും തീക്ഷ്ണതയുടെയും തെളിവാണ് തന്റെ അജപാലന ശുശ്രൂഷയ്ക്കായി അറുപതാം വയസ്സിലും സൈക്കിളും സ്കൂട്ടറും കാറും ഓടിക്കാൻ പഠിച്ചത്. 1975 ൽ അച്ചൻ നടത്തിയ യൂറോപ്യൻ പര്യടനത്തിൽ U Rail ടിക്കറ്റ് എടുത്ത് വെസ്റ്റേൺ യൂറോപ്പിലെ രാജ്യങ്ങളെല്ലാം തനിച്ച് ട്രെയിനിൽ യാത്ര ചെയ്ത് സന്ദർശിച്ചശേഷം മുപ്പതാം ദിവസം പറഞ്ഞ സമയത്ത് മ്യൂണിക്കിൽ തിരിച്ചെത്തിയത് ഞങ്ങളെ വിസ്മയിപ്പിക്കുക തന്നെ ചെയ്തു.

തന്റെ വൈദിക ശുശ്രൂഷ യുടെ 59 വർഷങ്ങളിൽ വളരെ തിരക്കേറിയ ജീവിതത്തിലും കുടുംബബന്ധങ്ങളും സുഹൃദ്ബന്ധങ്ങളും പ്രോത്സാഹിപ്പിക്കാൻ അച്ചൻ സമയം കണ്ടെത്തിയിരുന്നു. വ്യക്തിഗത ജീവിതത്തിലെ കൃത്യമായ ചിട്ടയും ക്രമവും ലാളിത്യവും സന്തോഷവും കഠിനാധ്വാനവും പ്രാർത്ഥനയും അർപ്പണബോധവും മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാനുള്ള മനോഭാവം അച്ചനിൽ നിന്ന് പഠിക്കേണ്ട വലിയ പാഠങ്ങൾ ആണ്. “ശുശ്രൂഷിക്കുന്നവൻ ദൈവം തനിക്കു നൽകിയ ശക്തികൊണ്ട് എന്നതുപോലെ ശുശ്രൂഷിക്കട്ടെ” എന്ന പത്രോസ് ശ്ലീഹായുടെ വാക്കുകൾ (1 പത്രോസ് 4,11) ജോർജച്ചൻ എന്നും ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. അച്ചന്റെ ആറു പതിറ്റാണ്ട് കാലത്തെ സ്തുത്യർഹമായ പൗരോഹിത്യ ശുശ്രൂഷയ്ക്ക് നിത്യപുരോഹിതനായ ഈശോ, അച്ചനെ നിത്യമഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അച്ചന് നിത്യശാന്തി നേരുന്നു.

# പഞ്ചവത്സര അജപാലനപദ്ധതി

ഈശോയിൽ പ്രിയരേ,

പഞ്ചവത്സര അജപാലനപദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ഇടവക വികാരിയുടെ നേതൃത്വത്തിൽ നിർവാഹക സമിതികൾ രൂപീകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ടെന്ന് കരുതുന്നു. പഞ്ചവത്സര അജപാലന പദ്ധതിയുടെ കോർഡിനേറ്ററായി നാളിതുവരെ സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത പെ. ബഹു. പാലയ്ക്കൽ ജയിംസ് അച്ചനെ പ്രത്യേകം നന്ദി അറിയിക്കുന്നു.

ആദ്യവർഷത്തെ പഠനഗ്രന്ഥം (സഭാജീവിതം-സഭാചരിത്രം-സമുദായബോധം) അതിരൂപതാദിനത്തിൽ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. കുടുംബകൂട്ടായ്മകളിൽ ഈ ഗ്രന്ഥം ചർച്ചയ്ക്കും, പഠനത്തിനും വിധേയമാക്കാവുന്ന രീതിയിൽ ജൂലൈ മാസത്തെ സത്യദർശനത്തിൽ ലളിതമായി പ്രതിപാദിക്കുന്നതാണ്. ഇതര സംഘടനകൾ എല്ലാം തന്നെ അവരുടെ പഠനത്തിനും, ചർച്ചകൾക്കും ഈ പഠനഗ്രന്ഥം പ്രയോജനപ്പെടുത്തേണ്ടതാണ്. പഠനഗ്രന്ഥത്തിന്റെ രൂപീകരണത്തിന് യത്നിച്ച പെ. ബഹു. തോമസ് പാടിയത്ത്, റവ. ഡോ. ഡൊമിനിക് മുരിയങ്കാവുങ്കൽ, റവ. ഡോ. ജോസഫ് കൊല്ലാറ, റവ, ഫാ. ജോസഫ് പനക്കേഴം എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. ശ്ലീഹാക്കാലത്തിൽ നമ്മൾ കൂടുതൽ ശ്രദ്ധ കൊടുക്കുന്ന അജപാലന മേഖലകൾ പ്രേഷിത ദൗത്യം, വിദ്യാഭ്യാസം എന്നിവയാണ്. ആ അജപാലന മേഖലകളിലെ പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഇടവകയിലെ പഞ്ചവത്സര അജപാലനപദ്ധതി നിർവാഹകസമിതിയംഗങ്ങൾ പ്രത്യേകം ശ്രദ്ധ വയ്ക്കണമെന്നോർമ്മിപ്പിക്കുന്നു.

**പഞ്ചവത്സര കർമ്മപരിപാടികളുടെ ഭാഗമായി മെയ് മാസം ധ്യാനങ്ങൾ നടന്ന ഇടവകകൾ**

| | | |
|---|---|---|
| ഹോളിഫാമിലി മാന്നില | – | മെയ് 4, 5 |
| ലിറ്റിൽ ഫ്ളവർ മാടപ്പള്ളി | – | മെയ്. 16 |
| മേരിമാതാ അഞ്ചൽ | – | മെയ്. 6 |
| സെന്റ് തോമസ്, പഴയയേരൂർ | – | മെയ്. 12 |
| സെന്റ് തോമസ്, കൊല്ലം | – | മെയ്. 13 |
| സെന്റ് ജോസഫ്സ് ഫിൽഗിരി | – | മെയ്. 27 |

## ഇടവകകൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന സമർപ്പിത സമൂഹങ്ങൾ

**F C C Congregation**

Christ the King Ayoor - F C Convent Devamatha Provincial House, Chry

St. Josephs Anakkualam - F C Convent Arumannoor

| | |
|---|---|
| Mary Matha Anchal | - F C Convent Changanacherry |
| Nithya Sahaya matha Chenkulam | - F C Convent Assissi Bhavan, Chry |
| St. Sebastians Cheriyavelinalloor | - F C Convent, Ettumannoor |
| Infant Jesus Cherukadavu | - F C Convent, Chukappara |
| St. George Edappalayam | - F C Convent, Eravuchira |
| Nithya sahaya matha Karavalloor | - F C Convent, Balika Bhavan, Fathimapuram |
| St. Thomas Kollam | - F C Convent Kannady |
| St. Thomas Kottarakkara | - F C Convent Alvernia Bhavan, Kannady |
| St. Sebastians Kulathupuzha | - F C Convent Lisieux Kavalam |
| Christ the king Makkannor | - F C Convent St. Josephs Pulincunnu |
| Lourde Matha Meenkulam | - F C Convent KIdangara |
| St. Marys Narikkalle | - F C Convent Kolladu |
| Mar Aprem Pathanapuram | - F C Convent Kudamalloor |
| St. Thomas Pazhayaeroor | - F C Convent Villoonni |
| St. Josephs Philgiri | - F C Convent, Perumpanachy |
| S. H, Punalur | - F C Convent, Jeevodaya, Kurumpanadom |
| St. George Venchempu | - F C Convent, Sreekandamangalam |
| Holy Cross Rajakkup | - F C Convent, Moncompu |
| St. Xaviers Forane church, Thrikodithanam | - F C Convent, Shanthi Bhavan Hostel Mudiyoorkkara |
| Mar Sleeva Adoor | - F C Convent L.F. Purackade |
| Our Lady Of Lourdes Ayroor | - F C Convent, Puthuppally |
| St. Sebastians Chanjodi | - F C Convent Thekkekara |
| Mary Matha Chengannor | - F C Convent Veroor |
| Fathima matha Fathimapuram | - F C Convent Vavode |
| St. Sebastians Kodinattukunnu | - F C Convent, Vechuchira |

**C M C Congregation**

| | |
|---|---|
| St. Marys B Champakkulam | - Holy Queens Convent, Changanacherry |
| Lourde Matha Chennamkary | - CMC Kainakary, Snehasadan Kainakary |
| St. Josephs Chennamkary | - CMC Little Flower Kainakary |
| St. Joseph Kandankary | - CMC Vezhapra, Pallikkuttumma |
| St. Joseph Kondackal | - CMC Alappuzha |
| St. Sebastians Narbonapuram | - CMC Mithrakary |
| St. Jeroms Nazarath | - CMC Changanacherry |
| St. Josephs Padaharam | - CMC Paipadu, Thiruvalla |
| Mar Sleeva Ponga | - CMC Carmel Villa, Chethipuzha |
| Holy Family Pullangady | - CMC Carmel Mount, Chethipuzha |
| St. Johns Thekkekara | - CMC Thrikodithanam, Philgiri |
| Sacred Heart Thottuvathala | - CMC Pallathuruthy, Venchempu |
| St. George Vadakkeamichakary | - CMC Muhamma & Muhamma Deepti |
| St. Antonys Vaisumbhagam | - CMC |
| St. George Edathua | - CMC Pulincunnu |
| St. Marys Ambalppuzha | - CMC Lisieux carmel & Asha Bhavan Ithithanam |
| St. Nicholas Karumady | - CMC Poonthope & Thiruvananthapuram |
| St. Josephs Karuvartta | - CMC Thakazhy & Kanjiramkulam |
| Our Lady Of Dolours Kelamangalam | - CMC Thadiyoor & Snekaniketham Ithithanam |
| HolyFamily East Mithrakkary | - CMC Nedumkunnam |
| St. Joseph Koduppunna | - CMC Thottackadu & Vimala Hostel |
| St. Alphonsa Mavelikka | - CMC Nooranadu & Niranam |
| St. Thomas Muttar | - CMC Manganam & Manimala |
| St.George Muttar | - CMC Arpookkara & Chavara Bhavan |

| | |
|---|---|
| Lourde Matha Pacha | - CMC Aikkarachira & Kottackappuram |
| Fathima matha Pandy | - CMC Aruvikuzhy & Santhineketham Kottayam |
| St.Xaviers Puthukkary | - CMC Thazhathuvadakara & Pious Hostel |
| St. Antonys Thayamkary | - CMC Holy Family & Pope John Manganam |

( തുടരും )

നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഇടവകകളെ വി. കുർബ്ബാനയിൽ ഡിപ്റ്റിക്സിൽ ഓർത്തു പ്രാർത്ഥിക്കേണ്ടതാണ്. ഇടവകകളിലെ പ്രത്യേക നിയോഗങ്ങൾക്കുവേണ്ടി വികാരിയച്ചന് തങ്ങൾക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന സന്യാസ ഭവനത്തോട് പ്രാർത്ഥനാ സഹായം തേടാവുന്നതാണ്.

സ്നേഹപൂർവ്വം

**ഫാ. വർഗീസ് താനാമാവുങ്കൽ**
(കോർഡിനേറ്റർ - പഞ്ചവത്സര അജപാലനപദ്ധതി)

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

## ന്യൂസ് ആന്റ് വ്യൂസ് പ്രസിദ്ധീകരിച്ചു

സീറോമലബാർ സഭാ സിനഡ് സിൽവർ ജൂബിലി ആഘോഷിച്ച പശ്ചാത്തലത്തിൽ അതിരൂപതയുടെ പബ്ലിക് റിലേഷൻസ് ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ ഇപ്രാവശ്യത്തെ *ന്യൂസ് ആന്റ് വ്യൂസ്* സിനഡൽ ജൂബിലി സ്പെഷ്യൽ എന്ന നിലയിൽ പ്രസിദ്ധീകരിച്ചു. മെയ് 19ന് തുരുത്തി മർത്ത് മറിയം ഫൊറോനപ്പള്ളിയിൽ നടന്ന അതിരൂപതദിന സമ്മേളനത്തിൽ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കന് നൽകി *ന്യൂസ് ആന്റ് വ്യൂസ്* ഔദ്യോഗികമായി പ്രകാശനം ചെയ്തു.

സീറോമലബാർ സഭയ്ക്ക് ഇന്ത്യമുഴുവൻ അജപാലനാധികാരം സിദ്ധിച്ച പശ്ചാത്തലത്തിൽ സഭയെ കൂടുതൽ അടുത്തറിയുന്നതിനും സഭാസ്നേഹം വർധിപ്പിക്കുന്നതിനുമുള്ള വിഷയങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. അഭിവന്ദ്യ പിതാക്കന്മാരുടെ ലേഖനങ്ങളും സഭാതലവനുമായുള്ള അഭിമുഖവും മറ്റ് ഈടുറ്റലേഖനങ്ങളും സീറോമലബാർ സഭയെ പൊതുവിലും ചങ്ങനാശേരി അതിരൂപതയെ പ്രത്യേകമായും സംബന്ധിക്കുന്ന ധാരാളം പൊതുവിവരങ്ങളും ഇതിൽ സമഗ്രമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സെന്റ് സ്റ്റീഫൻസ് കോളേജിലെ അക്രമങ്ങളിൽ പ്രതിഷേധിച്ചു

ഡൽഹി സർവകലാശാലയ്ക്കു കീഴിലുള്ള സെന്റ് സ്റ്റീഫൻസ് കോളേജിന്റെ പരിസരത്തുള്ള കുരിശ് തകർക്കുകയും വർഗീയ വിദ്വേഷം പരത്തുന്ന വിധത്തിലുള്ള വാചകങ്ങൾ അവിടെ എഴുതി വയ്ക്കുകയും ചെയ്ത സംഭവത്തിൽ അതിരൂപതാ പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി പ്രതിഷേധിച്ചു. ഇത്തരം സംഭവങ്ങൾ രാജ്യത്തെ മതേതരത്വത്തിന് കളങ്കമാണെന്നും ഇവയെ സൂക്ഷമതയോടെയും ജാഗ്രതയോടെയും കാണണമെന്നും സമിതി വിലയിരുത്തി. ഇതിനു പിന്നിലുള്ള ശക്തികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കണമെന്നും കോളേജിന് മതിയായ പോലീസ് സംരക്ഷണം നൽകണമെന്നും കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

ന്യൂസ് ആന്റ് വ്യൂസ് അധികരിച്ച് ഒരു സഭാവബോധ ക്വിസ് 2018 ആഗസ്റ്റ് മാസത്തിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

# XIV PASTORAL COUNCIL
## ARCHEPARCHY OF CHANGANACHERRY

### പ്രഥമ ഗോൾഡൻ ജൂബിലി പ്രൈസ്
### പുഷ്പഗിരി സെന്റ് ജോസഫ്സ് ഇടവക പ്രതിനിധിയോഗത്തിന്

1967-ൽ സ്ഥാപിതമായ ചങ്ങനാശ്ശേരി അതിരൂപത പാസ്റ്ററൽ-പ്രസ്ബിറ്ററൽ കൗൺസിലുകളുടെ സുവർണ്ണ ജൂബിലി സ്മാരകമായി അതിരൂപതയിലെ ഏറ്റവും മികച്ച പ്രതിനിധിയോഗത്തിന് നൽകുന്ന ഗോൾഡൻ ജൂബിലി പ്രൈസിന് തെള്ളകം പുഷ്പഗിരി സെന്റ് ജോസഫ്സ് ഇടവക പ്രതിനിധി യോഗം അർഹമായി. മെയ് 19-ന് തുരുത്തി മർത്ത് മറിയം ഫൊറോന പള്ളി യിൽവെച്ച് നടന്ന 131-ാം അതിരൂപത ദിനത്തിൽ അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിൽനിന്നും വികാരി റവ. ഫാ. തോമസ് കമ്പിയിൽ, കൈക്കാ രൻ ജോം റ്റോം ജോണി, ഇടവക പ്രതിനിധികൾ തുടങ്ങിയവർ ചേർന്ന് ട്രോഫിയും സർട്ടിഫിക്കറ്റും ഏറ്റുവാങ്ങി.

അതിരൂപതാ നിർദ്ദേശങ്ങൾക്കനുസൃതം രൂപീകരിക്കുകയും ഏറ്റവും മാതൃ കാപരമായും മികച്ച രീതിയിലും പ്രവർത്തിക്കുകയും ചെയ്യുന്ന ഇടവക പ്രതി നിധിയോഗത്തിന് ഗോൾഡൻ ജൂബിലി പ്രൈസ് ഏർപ്പെടുത്തുന്ന വിവരം 2017 മെയ് 20 ന് നടന്ന അതിരൂപതാ ദിനത്തിൽ അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് പ്രഖ്യാപിച്ചിരുന്നു. 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് പ്രഥമ ഗോൾഡൻ ജൂബിലി പ്രൈസി നുള്ള ഇടവക പ്രതിനിധിയോഗത്തെ ജഡ്ജിംഗ് കമ്മിറ്റി നിശ്ചയിച്ചത്. ആയ തിനുള്ള അപേക്ഷാഫോറം/ചോദ്യാവലി 2018 ഫെബ്രുവരി മാസത്തെ മദ്ധ്യ സ്ഥനിലും അതിരൂപത വെബ്സൈറ്റിലും നൽകി.

ഇടവകയുടെ അജപാലന ശുശ്രൂഷയുടെ നിർവ്വഹണത്തിലും സാമ്പത്തി കകാര്യങ്ങളുടെ നടത്തിപ്പിലും ഇടവക വികാരിയോട് ചേർന്ന് സജീവമായി പ്രവർത്തിക്കുന്നതിന് പ്രതിനിധിയോഗങ്ങളെ ശക്തമാക്കുവാൻ ഗോൾഡൻ ജൂബിലി പ്രൈസ് സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു.

## പാസ്റ്ററൽ കൗൺസിൽ കുടുംബസംഗമം

14-ാമത് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ കുടുംബാംഗങ്ങൾ അഭിവന്ദ്യ പിതാക്കന്മാരോടും വൈദികരോടും സന്യസ്തരോടുമൊപ്പം അതിരൂപതാ ആസ്ഥാനത്ത് ഒത്തുകൂടുന്നു.

*തീയതിയും സമയവും :*

**2018 ജൂലൈ 7 ശനിയാഴ്ച രാവിലെ 10:30 മുതൽ ഉച്ചയ്ക്ക് 1:30 വരെ**

*വിശദവിവരങ്ങൾ കത്തുമുഖേന അറിയിക്കുന്നതാണ്.*

സ്നേഹപൂർവ്വം,

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

# സന്ദേശനിലയം

സ്നേഹമുള്ളവരേ,

പുത്തൻ മതബോധനവർഷത്തിന്റെ ആശംസകൾ ഏവർക്കും നേരുന്നു. മെയ് 20 മതബോധന ഞായർ ആയി നാം എല്ലാവരും ആഘോഷിക്കുകയും എല്ലാ ഇടവകകളിലും മതബോധനവർഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു.

നവമായ ചില മാറ്റങ്ങളുമായിട്ടാണ് നാം ഈ മതബോധനവർഷം ആരംഭിക്കുന്നത്. എഴുവർഷത്തെ ശുശ്രൂഷയുടെ നാളുകൾക്കുശേഷം സന്ദേശനിലയം-മിഷൻലീഗ് സാരഥ്യത്തിൽ നിന്നും ഞാൻ വിടവാങ്ങുകയാണ്. ജൂൺ 5-ാം തീയതി കുടമാളൂർ ഫൊറോനയിലെ പാറമ്പുഴ ഇടവകയുടെ വികാരിയായി ഞാൻ ചുമതലയേല്ക്കുന്നു. സന്ദേശനിലയം-മിഷൻലീഗ് ഡയറക്ടറായി ബഹുമാനപ്പെട്ട എബ്രാഹം (ജോബിൻ) പെരുമ്പളത്തുശേരിയച്ചൻ ചുമതലയേൽക്കുകയാണ്. തൃക്കൊടിത്താനം, പുളിങ്കുന്ന് ഇടവകകളിൽ അസി. വികാരിയായും, പാണ്ടി ഫാത്തിമ മാതാ ഇടവകയിൽ വികാരിയായും ചങ്ങനാശേരി മീഡിയാ വില്ലേജ് ബർസാർ, ഹോസ്റ്റൽ വാർഡൻ എന്നീ ശുശ്രൂഷകളും നിർവ്വഹിച്ച ജോബിനച്ചൻ ഒരു നല്ല സംഘാടകനും, വചനപ്രഘോഷകനും സർവ്വോപരി സമർപ്പിതനായ അജപാലകനുമാണ്. അദ്ദേഹത്തിന്റെ നേതൃത്വം സന്ദേശനിലയത്തിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ മിഴിവും കരുത്തും പകരും എന്നതിൽ സംശയമില്ല. അതിരൂപതയിലെ വിശ്വാസപരിശീലനരംഗത്ത് ഉജ്വലവും ത്യാഗപൂർണ്ണവുമായ നേതൃത്വം നല്കുന്ന നിങ്ങളോരോരുത്തരുടെയും പൂർണ്ണമായ സഹകരണവും പ്രാർത്ഥനയും അച്ചനു നല്കണമെന്നഭ്യർത്ഥിക്കുന്നു.

നന്ദിപൂർവ്വം വിടവാങ്ങട്ടെ... 2010 ഡിസംബർ 16-ാം തീയതി ബഹു. പനക്കേഴത്തച്ചനോടൊപ്പം ജോയിന്റ് ഡയറക്ടറായി ആരംഭിച്ച എന്റെ ശുശ്രൂഷ 2011 ജൂൺ 4 മുതൽ 2018 ജൂൺ 5 വരെ സന്ദേശനിലയം ഡയറക്ടർ എന്ന നിലയിൽ സന്തോഷകരമായി പൂർത്തീകരിക്കുവാൻ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്. സന്ദേശനിലയത്തിന്റെ പ്രവർത്തനങ്ങൾക്ക് കരുത്തു പകർന്ന് എന്നോടൊപ്പം ചേർന്നു നിന്നു പ്രവർത്തിക്കുകയും, കരുതലും പ്രോത്സാഹനവും പരിഗണനയും നല്കുകയും ചെയ്ത നിങ്ങളേവർക്കും നന്ദി. മുൻഗാമികൾ തെളിച്ച വഴികളിലൂടെ മുന്നേറുവാനും കാലഘട്ടത്തിനാവശ്യമായ മാറ്റങ്ങൾ ഉൾക്കൊളളുവാനും സാധിച്ചത് നിങ്ങളോരോരുത്തരുടെയും അകമഴിഞ്ഞ പ്രോത്സാഹനവും, സഹകരണവും കൊണ്ടു മാത്രമാണ്. എന്റെ ശുശ്രൂഷാ വഴികളിൽ കരുത്തായും, കരുതലായും ചേർന്നു നിന്ന പ്രിയങ്കരനായ ജോസ് ഫിലിപ്പ് മേടയിൽ സാറിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ പ്രണാമം. സൺഡേസ്കൂൾ മിഷൻലീഗ് ഫൊറോന - മേഖല ഓർഗനൈസറച്ചന്മാർ, ഡയറക്ടർമാർ, സെക്രട്ടറിമാർ, ജോ. ഡയറക്ടർമാർ, ഫൊറോന - മേഖലാ ഭാരവാഹികൾ എന്നിവരുടെ നിസ്സീമമായ പിന്തുണയെ നന്ദിപൂർവ്വം ഓർക്കട്ടെ. ഈ ശുശ്രൂഷയിൽ എന്നെ പ്രോത്സാഹിപ്പിച്ച, പരിഗണനാപൂർവ്വം സഹകരിച്ച അതിരൂപതാധികാ

രികൾക്കും, അതിരൂപതയിലെ മുഴുവൻ അജപാലകർക്കും, സഹപ്രവർത്ത കർക്കും നന്ദി. അതിലേറെ എന്റെ ശുശ്രൂഷയിലെ കരുത്ത് അതിരൂപതയിലെ കുഞ്ഞുമക്കളായിരുന്നു. അവരോടൊത്തുള്ള പ്രവർത്തനങ്ങളിൽ അവർ എന്നോടു കാട്ടിയ സ്നേഹത്തിനും വാത്സല്യത്തിനും പരിഗണനയ്ക്കും ഹൃദ യപൂർവ്വം നന്ദി.

വിശ്വാസപരിശീലനരംഗത്തെ പ്രവർത്തനങ്ങളിൽ എന്നോടൊപ്പം ചേർന്നു നിന്ന അതിരൂപതാ ഭാരവാഹികൾക്കും, അതിലുപരി സന്ദേശനിലയം - മിഷൻലീഗ് കുടുംബത്തിലെ എന്റെ പ്രിയങ്കരരായ സഹപ്രവർത്തകർക്കും ഹൃദ യത്തിന്റെ ഭാഷയിൽ നന്ദി. എന്റെ സഹപ്രവർത്തകരായിരുന്ന ബഹു. അറ യ്ക്കൽ ബിജോയ് അച്ചൻ, ബഹു. ജോസി പൊക്കാവരയത്തച്ചൻ തുടങ്ങി ഏവർക്കും എന്റെ ആശംസകൾ.

വിശ്വാസപരിശീലനത്തെ ഹൃദയത്തിലേറ്റുന്ന നിങ്ങൾക്കേവർക്കും സന്ദേ ശനിലയം ഡയറക്ടർ എന്ന നിലയിൽ നല്കുവാനുള്ള അവസാന വാക്കുകൾ നിയമാവർത്തന പുസ്തകത്തിൽ നിന്നാകട്ടെ. ഇസ്രായേലിന്റെ നേതൃത്വം ജോ ഷ്വായുടെ തോളുകളിലേൽപ്പിച്ച് വിടവാങ്ങുന്ന മോശയുടെ വാക്കുകൾ : ഞാനിന്ന് നിങ്ങളോടു കല്പിച്ചിരിക്കുന്ന ഈ നിയമത്തിലെ ഓരോ വാക്കും ശ്രദ്ധാപൂർവ്വം പാലിക്കാൻ നിങ്ങളുടെ മക്കളോട് ആജ്ഞാപിക്കുന്നതിനായി അവ ഹൃദയത്തിൽ സംഗ്രഹിക്കുവിൻ. എന്തെന്നാൽ ഇതു നിസ്സാരമായ കാര്യമല്ല, നിങ്ങളുടെ ജീവ നാണിത്" (നിയമാവർത്തനം 32 : 46 - 47)

പ്രിയമുള്ളവരേ, വിശ്വാസപരിശീലനം എന്ന ജീവിതനിയോഗം നിസ്സാര മായ കാര്യമല്ല, അതു നിങ്ങളുടെ ജീവനാകണം, ജീവിതശൈലിയാകണം. കർത്താവിൽ നമ്മുടെ അദ്ധ്വാനം നിഷ്ഫലമാവില്ല എന്ന പ്രത്യാശയോടെ നന്ദി യോടെ, സ്നേഹത്തോടെ, ആശംസകളോടെ,

നിങ്ങളുടെ

**ജോബിയച്ചൻ**

## അറിയിപ്പുകൾ

**ജൂൺ**

3 ഞായർ : **ശ്ലീഹാക്കാലം മൂന്നാം ഞായർ** ക്ലാസ്സ് - 1
വിശ്വാസപരിശീലന ക്ലാസ്സുകൾ ആരംഭിക്കുന്നു.

9 ശനി SS : മാർ അപ്രേം
**CML അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം**

10 ഞായർ : **ശ്ലീഹാക്കാലം നാലാം ഞായർ** ക്ലാസ്സ് - 2

11 തിങ്കൾ : വി. ബർണ്ണബാസ് ശ്ലീഹാ

14 വ്യാഴം : **Word & Media പരിശീലകരുടെ ക്യാമ്പ്** 14-ാം തീയതി വ്യാഴാഴ്ച 5.00 ന് ആരംഭിച്ച് 16 ശനിയാഴ്ച 3.30 ന് സമാപി ക്കുന്നു.

15 വെള്ളി PH: **Word & Media പരിശീലകരുടെ ക്യാമ്പ്**

17 ഞായർ : **ശ്ലീഹാക്കാലം അഞ്ചാം ഞായർ ക്ലാസ്സ് - 3**

23 ശനി : **BCT Day Scholar Batch - 1** ഒന്നാം ദിവസം

24 ഞായർ : **ശ്ലീഹാക്കാലം ആറാം ഞായർ ക്ലാസ്സ് - 4**
**CRT Training & General Body** (2.00 pm to 6.00 pm at Sandesanilayam,
വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.)

28 വ്യാഴം : വി. ഇരണേവൂസ്

29 വെള്ളി OH: മാർ കേപ്പാ പൗലോസ് ശ്ലീഹന്മാർ (ഓഫീസ് അവധി)
**കടമുള്ള ദിവസം**

30 ശനി : **BCT Day Scholar Batch - 1** രണ്ടാം ദിവസം
Last date for submitting CLT, MCC application

**ജൂലൈ**

1 ഞായർ : **ശ്ലീഹാക്കാലം 7-ാം ഞായർ ക്ലാസ്സ് - 5**

3 ചൊവ്വ OH: **മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ (ഓഫീസ് അവധി)**
**കടമുള്ള ദിവസം, അതിരൂപതാ മതാധ്യാപക ദിനം**

6 വെള്ളി : കർത്താവിന്റെ 70 ശിഷ്യന്മാർ

7 ശനി : **BCT Day Scholar Batch - 1** മൂന്നാം ദിവസം
**വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ** (തുരുത്തി 9.30 am to 4.00 pm)
**ആഘോഷമായ റംശ**

## കൈത്താക്കാലം
## (പഞ്ചവത്സര അജപാലന പദ്ധതി -വിശ്വാസപരിശീലനം)

8 ഞായർ : **കൈത്താക്കാലം ഒന്നാം ഞായർ ക്ലാസ്സ് - 6**
പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ
: **PTF & Sunday School Leaders Meet (Assumption College Indoor Stadium)**

13 വെള്ളി : നിസിബിസിലെ മാർ യാക്കോബ്

14 ശനി SS : CLT, MCC **കോഴ്സുകളുടെ ഉദ്ഘാടനം**

15 ഞായർ : **കൈത്താക്കാലം രണ്ടാം ഞായർ ക്ലാസ്സ് - 7**

16 തിങ്കൾ : **സ്ഥിതിവിവര കണക്കുകൾ സമർപ്പിക്കേണ്ട അവസാന തീയതി**

### പ്രത്യേകശ്രദ്ധയ്ക്ക്

സി.എൽ.റ്റി. 39-ാം ബാച്ച്, എം.സി.സി. 11-ാം ബാച്ച് എന്നിവയുടെ ഉദ്ഘാടനം ജൂലൈ 14 ശനിയാഴ്ച രാവിലെ 10ന് സന്ദേശനിലയം ഹാളിൽ വച്ച് നട

ക്കും. പുതിയ ബാച്ചുകളിലേയ്ക്കുള്ള പ്രവേശനഫോറം സന്ദേശനിലയം ഓഫീസിൽ നിന്നും ലഭ്യമാണ്. കോഴ്സിൽ ചേരുന്നവർ ജൂൺ 30നകം ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

ജൂൺ 17-ാം തീയതി ഞായറാഴ്ചയ്ക്കകം സൺഡേസ്കൂൾ ലീഡർ മാരെ തിരഞ്ഞെടുക്കേണ്ടതാണ്. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽനിന്നും ലീഡർമാരായി തിരഞ്ഞെടുക്കണം. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരിൽ 9-ാം ക്ലാസ്സിൽ നിന്നുള്ള ആൺകുട്ടിയും പെൺകുട്ടിയും സ്കൂൾ ലീഡർമാരായിരിക്കും.

## വേർഡ് & മീഡിയ ഫോർമേറ്റേഴ്സ് ക്യാമ്പ്

ബോധനമാധ്യമങ്ങൾ കൈകാര്യം ചെയ്യുവാൻ അധ്യാപകർ നന്നായി പരിശീലിച്ചെങ്കിൽ മാത്രമേ പഠന പ്രക്രിയയെ ആകർഷകവും രസപ്രദവുമാക്കി യഥാർത്ഥ്യങ്ങളെ മനസ്സിലാക്കി ജീവിതപരിവർത്തനത്തിലേയ്ക്ക് കുട്ടികളെ നയിക്കുവാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ അദ്ധ്യാപകരെ വാർത്തെടുക്കുന്ന ഒരു പരിശീലന പരിപാടിയാണ് **വേർഡ് & മീഡിയ ഫോർമേറ്റേഴ്സ് ക്യാമ്പ്.** ഒരു സൺഡേസ്കൂളിൽ നിന്നും 1 മുതൽ 9 വരെ ക്ലാസ്സുകളിൽ നിന്നും ഒരാളെയെങ്കിലും ഈ ക്യാമ്പിലേയ്ക്ക് പറഞ്ഞയയ്ക്കണം. സൺഡേസ്കൂളിലെ ഇതര അധ്യാപകരെ പരിശീലിപ്പിക്കുവാൻ കഴിവും താല്പര്യവുമുള്ള അധ്യാപകരെ ക്യാമ്പിനയ്ക്കണമെന്ന് താല്പര്യപ്പെടുന്നു. ക്യാമ്പ് 14-ാം തീയതി വ്യാഴാഴ്ച 5.00 pmന് ആരംഭിച്ച് 16-ാം തീയതി 3.30 pmന് സമാപിക്കുന്നു.

## പി.റ്റി. എഫ്. പ്രതിനിധികൾ

ജൂൺ 17-ാം തീയതിക്കകം പ്രതിനിധികളെ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുക.

## പി.റ്റി. എഫ്. സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്

സൺഡേസ്കൂൾ ലീഡേഴ്സ് പി.റ്റി. എഫ്. പ്രതിനിധികളുടെ അതിരൂപതാതലസമ്മേളനം ജൂലൈ 8-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്.

## അഭിനന്ദനങ്ങൾ

മെയ് 23, 24, 25 തീയതികളിൽ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് VII -ാം ക്ലാസ്സ് കുട്ടികൾക്കായി നടന്ന പ്രതിഭാസംഗമത്തിൽ പങ്കെടുത്ത ജോയൽ ടോമി പായിപ്പാട്, റോസ് ജോസഫ് മങ്കൊമ്പ്, ആഷ്ലി റോയി ചമ്പക്കുളം, നെവിൻ ബിജു ചമ്പക്കര, ജാസ്മിൻ ജോസഫ് ചെത്തിപ്പുഴ, ആൻഡ്രൂ ജോസ് സെബാസ്റ്റ്യൻ ചാഞ്ഞോടി എന്നിവർക്ക് അതിരൂപതയുടെ അഭിനന്ദനങ്ങൾ.

## പ്രത്യേക അറിയിപ്പ്

പാഠപുസ്തകത്തിന്റെയും വർക്കുബുക്കിന്റെയും തുക അടയ്ക്കാനുള്ളവർ താഴെ കാണുന്ന അക്കൗണ്ടിൽ പണം നിക്ഷേപിക്കാവുന്നതാണ്. പണം അടച്ചതിനുശേഷം 9495664623 ഈ നമ്പറിൽ വിളിച്ചറിയിക്കേണ്ടതാണ്.

| | | |
|---|---|---|
| Bank | : | South Indian Bank, Changanassery Branch |
| A/c Holder | : | Rev. Fr. Director, Sandesanilayam |
| A/c No. | : | 0013053000048380 |
| IFSC Code | : | SIBL 0000013 |

## ആദരാഞ്ജലികൾ

2015-ലെ സന്ദേശനിലയം നടയ്ക്കൽപുരസ്കാര ജേതാവും കായൽപ്പുറം സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപികമായിരുന്ന സി. ജോയ്സ് എഫ്.സി.സി. യുടെയും പള്ളിക്കൂട്ടുമ്മ ഫാത്തിമ മാതാ സൺഡേസ്കൂൾ മുൻ അധ്യാപകൻ ശ്രീ. തോമ്മാച്ചൻ കളപ്പുരയ്ക്കലിന്റെയും നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോൺസന്റെ പിതാവിന്റെയും പൊടിപ്പാറ ഹോളി ഫാമിലി സൺഡേസ്കൂൾ അധ്യാപികയും അതിരൂപതാ CRT അംഗവുമായ ശ്രീമതി. പ്രിൻസിയുടെ മാതാവിന്റെയും നാലുകോടി സെന്റ് തോമസ് സൺഡേസ്കൂൾ വിദ്യാർത്ഥി അശ്വിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2017 – 18 മതബോധനവർഷം മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച സൺഡേസ്കൂളുകൾക്ക് സന്ദേശനിലയം നല്കിയ ഗോൾഡൻ സ്റ്റാർ, സിൽവർ സ്റ്റാർ അവാർഡുകൾ നേടിയ സൺഡേസ്കൂളുകൾ.

**Golden Star 2018-19**

1. St. Mathews Kottackapuram
2. St. Joseph's Thellakom
3. St. Mary's Basilica Champakulam
4. S H Gagultha
5. St. Jeromes Nazereth
6. Lourde Matha Chennamkary
7. St. Thomas Ponga
8. St. Antony's Paral
9. Marth Mariam Pulimugham
10. St. George Edathua
11. Lourde Matha Pacha
12. Holy Family East Mithrakary
13. St. Antony's Puthupally
14. St. George Ikkarachira
15. LF Chunkapara
16. St. John the Baptist
17. St. Joseph Champakara
18. Pious 10th Moncompu
19. St. Ritas Kannady
20. Iscolamatha Punnakunnathusserry
21. St. Thomas Nalukody
22. St.Sebastian's Kodinattukunnu
23. Holy Family Mudiyoorkara

**Silver Star 2018-19**

1. St. Francis Assissi Poothoppu
2. Mar Sleeva Purakkad
3. St. Mary's Athirampuzha
4. St. Sebastian's Cheruvandoor
5. SH Thottuvathala
6. St. John's Thekkekara
7. St. Antony's Vettithuruthu
8. St. Mary's Parel
9. St. Alphonsa Mahendrapuram
10. St. Joseph's Koilmukk
11. Fathima Matha Pandy
12. St. Sebastian's Ayarkunnam
13. LF Kaduvakulam
14. St. Xavier's Villoonni
15. Little Flower Punnavely
16. St. Mary's Vaipur Old
17. St. Mary's Pulincunoo
18. St. Mary's Manalady
19. Fathima Matha Pallikoottumma
20. St. Pauls Vezhapara
21. Lourde Matha Paippad
22. Lourde TVM
23. SFS Vattyoorkavu
24. Holy Family Podippara

# ചെറുപുഷ്പ മിഷൻ ലീഗ്

**സ്നേഹമുള്ള കുഞ്ഞു മിഷനറിമാരേ,**

പുതിയ പ്രവർത്തന വർഷത്തിലേയ്ക്കു നാം പ്രവേശിക്കുകയാണ്. പുത്തൻ പ്രതീക്ഷകളോടെ, പുത്തൻ തീരുമാനങ്ങളോടെ, പ്രവർത്തനങ്ങൾ ആരംഭിക്കാം. നമ്മുടെ അതിരൂപതയുടെ പഞ്ചവത്സര അജപാലന മാർഗ്ഗരേഖയ്ക്കനുസരിച്ച് ഈ വർഷം സഭ, സഭാവബോധം, സമുദായ ബോധം എന്ന വിഷയത്തിനനുസൃതമായി നമ്മുടെ പ്രവർത്തന പരിപാടികൾ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ജൂൺ 9-ാം തീയതി അതിരൂപതാതലത്തിൽ നമ്മുടെ പ്രവർത്തന പരിപാടികളുടെ ഔദ്യോഗികമായ ഉദ്ഘാടനം നടക്കുകയാണല്ലോ. അതിനായി നിങ്ങളേവരേയും പ്രത്യേകം ക്ഷണിക്കുന്നു.

ഈ പ്രവർത്തനവർഷം മുതൽ ബഹുമാനപ്പെട്ട എബ്രാഹം (ജോബിൻ) പെരുമ്പളത്തുശ്ശേരിയച്ചൻ മിഷൻലീഗ് വൊക്കേഷൻ ബ്യൂറോ അതിരൂപതാ ഡയറക്ടറായി ചുമതലയേൽക്കുകയാണ്. 2018 ജൂൺ 5-ാം തീയതി അച്ചൻ തന്റെ ശുശ്രൂഷ ഔദ്യോഗികമായി ആരംഭിക്കും.

2011 ജൂൺ 4 മുതൽ അതിരൂപതാ മിഷൻലീഗിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ നിങ്ങളോടൊപ്പം സഹകരിക്കുവാൻ സാധിച്ചതിൽ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കുന്നു. മിഷൻലീഗ് സംഘടനയുടെ വളർച്ചയ്ക്കായി ഈ കാലയളവിൽ അതിരൂപതാ - മേഖലാ, ശാഖാ തലങ്ങളിൽ നേതൃത്വം നല്കിയ എല്ലാ ഭാരവാഹികൾക്കും കുഞ്ഞുമിഷനറിമാർക്കും ഹൃദയപൂർവ്വം നന്ദി. 2018 ജൂൺ 5-ാം തീയതി പാറമ്പുഴ ഇടവകയുടെ വികാരിയായി ഞാൻ ചുമതലയേൽക്കുകയാണ്. നിങ്ങൾക്കേവർക്കും നന്ദിയർപ്പിക്കുന്നതോടൊപ്പം നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും അനുസ്മരിക്കണമേ എന്ന് അപേക്ഷിക്കുന്നു.

സ്നേഹത്തോടെ,

**ജോബിയച്ചൻ**

## അറിയിപ്പുകൾ

**2018 ജൂൺ**

| | | |
|---|---|---|
| 2 ശനി | : | ചരമദിനം ധന്യൻ മാർ തോമസ് കുര്യാളശേരി |
| 9 ശനി | : | അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം, മാനേജിംഗ് കമ്മിറ്റി |
| 10 ഞായർ | : | പ്രവർത്തനവർഷ ഉദ്ഘാടനം (ശാഖകളിൽ) സംസ്ഥാന പ്രവർത്തന വർഷ ഉദ്ഘാടനം |
| 16 ശനി | : | പ്രവർത്തനവർഷ ഉദ്ഘാടനം (മേഖലകളിൽ) അതിരൂപതാ എക്സിക്യൂട്ടീവ് പ്രാർത്ഥന പഠന സായാഹ്നം |
| 17 ഞായർ | : | വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ ശാഖകളിൽ |
| 29 വെള്ളി | : | വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ, കടമുള്ള ദിവസം (ഓഫീസ് അവധി) |

**2018 ജൂലൈ**

2 തിങ്കൾ : അംഗത്വസ്വീകരണം, അതിരൂപതാതല ഉദ്ഘാടനം

3 ചൊവ്വ : വി. തോമ്മാശ്ലീഹായുടെ തിരുനാൾ, കടമുള്ള ദിവസം (ഓഫീസ് അവധി), അംഗത്വസ്വീകരണം ശാഖകളിൽ മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുകതിരുനാൾ

**കൈയ്യെഴുത്തു മാസിക 2017 – 18/ വിജയികൾ**

ഒന്നാം സമ്മാനം – സെന്റ് സേവ്യേഴ്സ് തൃക്കൊടിത്താനം

രണ്ടാം സമ്മാനം – സെന്റ് ജോസഫ്സ് ചമ്പക്കര

മൂന്നാം സമ്മാനം – സെന്റ് അൽഫോൻസാ മഹേന്ദ്രപുരം

**പ്രോത്സാഹനസമ്മാനങ്ങൾ**

1. മർത്ത് മറിയം തുരുത്തി
2. ഇമ്മാക്കുലേറ്റ് ഹാർട്ട് കൈതവന
3. സെന്റ് ജോസഫ്സ് ആറാട്ടുവഴി
4. സെന്റ് ജോസഫ്സ് കരുവാറ്റ
5. സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് നെടുങ്കുന്നം
6. സെന്റ് സെബാസ്റ്റ്യൻസ് ചെറുവാണ്ടൂർ

## പ്രത്യേകശ്രദ്ധയ്ക്ക്

മിഷൻലീഗ് അതിരൂപതാ നേതൃസംഗമവും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 9 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ എസ്. ബി. കോളേജ് കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. മേഖലാ ഡയറക്ടേഴ്സ്, അതിരൂപതാ മേഖലാ എക്സ്ക്യൂട്ടീവ് അംഗങ്ങൾ, മേഖലാ, ശാഖാ, ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ്, കുട്ടികളുടെ ഭാരവാഹികൾ (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ജൂണിയർ ഓർഗനൈസർ രണ്ടുപേർ, ഹെഡ്മാസ്റ്റർ) എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 60 രൂപ. പുതിയ പ്രവർത്തനവർഷ മാർഗ്ഗരേഖ വാങ്ങുവാൻ സൗകര്യമുണ്ടായിരിക്കും. സമ്മേളനാവസരത്തിൽ 2017–18 ബെസ്റ്റ് മേഖല, ബെസ്റ്റ് ശാഖ, കയ്യെഴുത്തു മാസിക, ഒന്നും രണ്ടും ഘട്ടങ്ങളിലെ മികച്ച ശാഖകൾ, മിഷൻ വോയ്സ് പത്രം, എക്ലേസിയ ക്വിസ്, മിഷൻ ആന്തം, ക്രിസ് കാർഡ് എന്നിവയുടെ സമ്മാനങ്ങളും വിതരണം ചെയ്യുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 5 ന് മുമ്പായി ഓഫീസിൽ അറിയിക്കുവാൻ ശ്രദ്ധിക്കുക.

**ആദരാഞ്ജലികൾ**

മിഷൻലീഗ് അതിരൂപതാ ഡയറക്ടറായിരുന്ന റവ. ഫാ. ജോർജ്ജ് കളത്തിലിന്റെ നിര്യാണത്തിൽ അനുശോചിക്കുകയും മൃതസംസ്കാര ശുശ്രൂഷകളിൽ അതിരൂപതാ ഡയറക്ടറും ഭാരവാഹികളും പങ്കെടുക്കുകയും ചെയ്തു.

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് അൽഫോൻസാ തീർത്ഥാടനത്തിനായി 'മാലാഖമാരൊത്തു വാനിൽ' എന്ന പ്രശസ്തഗാനം രചിച്ച പ്രിയപ്പെട്ട സി. ജോയിസ് F.C.C. യുടെ നിര്യാണത്തിലും മിഷൻലീഗ് അതിരൂപതാ ഓഡിറ്റർ പ്രിൻസി ആന്റണിയുടെ മാതാവിന്റെ നിര്യാണത്തിലും അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞവരേ,

**ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവകയിൽ ബസാലേൽ കൺവൻഷൻ നടത്തപ്പെട്ടു**

മെയ് 13-ാം തീയതി ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവകയിൽ കുടുംബക്കൂട്ടായ്മ ലീഡേഴ്സിനായി ബസാലേൽ കൺവൻഷൻ സംഘടിപ്പിച്ചു. വികാരി വെ. റവ. ഫാ. കുര്യൻ പുത്തൻപുര സ്വാഗതം ആശംസിച്ചു. ഗാനപരിശീലനത്തിനുശേഷം അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി കുടുംബക്കൂട്ടായ്മകൾ ക്രൈസ്തവ സാക്ഷ്യത്തിന് എന്ന വിഷയത്തിൽ പ്രബോധനം നൽകി. ഫൊറോന ഡയറക്ടർ ഫാ. റ്റിബിൻ ചെറുപുരയ്ക്കൽ ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്നുനടന്ന ചർച്ചകൾക്ക് അതിരൂപതാ കുടുംബക്കൂട്ടായ്മ കൺവീനർ ശ്രീ. ജോബ് ആന്റണി, ശ്രീ. ഷാജി പോൾ ഉപ്പൂട്ടിൽ, ഓഫിസ് സെക്രട്ടറി റ്റോമിച്ചൻ കൈതക്കളം എന്നിവർ നേതൃത്വം നൽകി. പ്രാർത്ഥനയോടെയും, സ്നേഹവിരുന്നോടെയും കൺവൻഷൻ സമാപിച്ചു.

**ഹോം മിഷൻ പരിശീലന ക്യാമ്പ്**

2018 മെയ് 20, 21, 22 തീയതികളിൽ പാസ്റ്ററൽ സെന്ററിൽവച്ച് ഹോം മിഷൻ രംഗത്ത് പ്രവർത്തിക്കുന്ന ബഹു. സിസ്റ്റേഴ്സിനായി അഗാപ്പേ ഹോം മിഷൻ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. 20-ന് വൈകുന്നേരം ആരംഭിച്ച് 22-ാം തീയതി വൈകുന്നേരം സമാപിച്ച പരിശീലന ക്യാമ്പിൽ അഭിവന്ദ്യ പിതാക്കന്മാരുടെ മഹനീയ സാന്നിദ്ധ്യമുണ്ടായിരുന്നു. 20 ന് അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവും, 21 ന് അഭിവന്ദ്യ തോമസ് തറയിൽ പിതാവും, 22-ന് അഭിവന്ദ്യ ജോസഫ് പൗവ്വത്തിൽ പിതാവും ക്യാമ്പ് സന്ദർശിക്കുകയും അനുഗ്രഹ പ്രഭാഷണങ്ങൾ നൽകുകയും ചെയ്തു. വെരി. റവ. ഡോ. മാണി പുതിയിടം, റവ. ഫാ. തോമസ് പാറത്തോട്ടാൽ, റവ. ഡോ. ജോൺ പതാലിൽ, റവ. ഫാ. റെജി കായംകുളത്തുശ്ശേരി, ശ്രീ. റ്റി. എം. മാത്യു തച്ചിലേട്ട് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. വിവിധ ദിനങ്ങളിൽ നടന്ന ശുശ്രൂഷകൾക്ക് വെരി. റവ. ഫാ. ഫിലിപ്പ് തയ്യിൽ, റവ. ഫാ. ജോസഫ് അറുപറയിൽ, ബ്രദർ ബിനിൽ പഞ്ഞിപ്പുഴ എന്നിവർ നേതൃത്വം വഹിച്ചു. 69 പേർ പരിശീലന ക്യാമ്പിൽ പങ്കെടുത്തു. പരിപാടിയുടെ സുഗമമായ ക്രമീകരണങ്ങൾക്കായി ഏറെ സഹായിച്ച റവ. ഫാ. റോജൻ നെൽപ്പുരയ്ക്കൽ, സി. ചെറുപുഷ്പം SABS, ശ്രീ. റ്റോമിച്ചൻ കൈതക്കളം തങ്കച്ചൻ എന്നിവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫൊറോനാ സന്ദർശനങ്ങൾ**

കൂട്ടായ്മ അതിരൂപതാ ഡയറക്ടറും ടീമും വിവിധ ഫൊറോനകൾ സന്ദർശിച്ച് കൂട്ടായ്മാ ജനറൽ കൺവീനേഴ്സിനെയും ആനിമേറ്റേഴ്സിനേയും സന്ദർശിക്കുകയുണ്ടായി. ഏപ്രിൽ 29 ന് ആലപ്പുഴ ഫൊറോനയിലും മെയ് 5 ന് കോട്ടയം,

കുടമാളൂർ, അതിരമ്പുഴ ഫൊറോനകളിലും മെയ് 16 ന് ചമ്പക്കുളം, എടത്വാ, പുളിങ്കുന്ന് ഫൊറോനകളിലും മെയ് 17 ന് മണിമല, നെടുംകുന്നം ഫൊറോന കളിലും മെയ് 25ന് ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം ഫൊറോനകളിലും സന്ദർശനം നടത്തി. പ്രസ്തുത ഫൊറോന കളിലെല്ലാം സ്വാഗതം ആശംസിക്കുകയും വേണ്ട ക്രമീകരണങ്ങൾ ചെയ്തു തന്ന് സഹായിക്കുകയും ചെയ്ത പെ. ബഹു. ഫൊറോന വികാരിയച്ചന്മാർക്കും ഡയറക്ടർമാർക്കും നന്ദി. കൂട്ടായ്മകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഡയറക്ടർ നൽകുകയുണ്ടായി. ചർച്ചയ്ക്ക് അതിരൂപതാ ടീം നേതൃത്വം നൽകി.

**ലോഗോസ് ക്വിസ് 2018**

ലോഗോസ് ക്വിസ് 2018 രജിസ്ട്രേഷൻ ജൂൺ 1-ാം തീയതി ആരംഭിച്ചു. ഓൺലൈനായിട്ടാണ് രജിസ്റ്റർ ചെയ്യേണ്ടത്. മുൻ വർഷങ്ങളേക്കാൾ കൂടു തൽ പങ്കാളിത്തം ഇക്കാര്യത്തിൽ നൽകി ലോഗോസ് ക്വിസ് 2018 ഏറെ വിജയ മാക്കിത്തീർക്കാൻ എല്ലാവരും പരിശ്രമിക്കണമേ. കൂട്ടായ്മാതലത്തിൽ ലോഗോസ് ക്വിസ് മത്സരത്തിനുള്ള പരിശീലനങ്ങൾ നൽകുന്നത് അഭികാമ്യ മാണ്. കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന കൂട്ടായ്മകളെ ഇടവകതലത്തിൽ സമ്മാനങ്ങൾ നൽകി ആദരിക്കേണ്ടതാണ്. ജൂലൈ 31 നു മുൻപായി രജിസ്ട്രേ ഷൻ നടത്തേണ്ടതാണ്.

**ലോഗോസ് പഠനസഹായി**

ബഹു. തോമസ് തെക്കേക്കരയച്ചൻ തയ്യാറാക്കിയ ലോഗോസ് ക്വിസ് 2018 പഠനസഹായി കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. വില. 70 രൂപ. 368 പേജുകളിലായി 3327 ചോദ്യങ്ങൾ. 10 ൽ കൂടുതൽ വാങ്ങുന്നവർക്ക് 20% കമ്മീഷൻ നൽകുന്നതാണ്.

ഈ വർഷത്തെ കാരിത്താസ് ചങ്ങനാശ്ശേരിക്കുവേണ്ടിയുള്ള തുക ഇനിയും അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ അടയ്ക്കാത്തവർ ഉടൻ തന്നെ അടയ്ക്കണമെന്നോർമ്മിപ്പിക്കുന്നു. അറിയിച്ചാൽ ഇടവകയിൽവച്ച് തുക ശേഖ രിക്കുന്നതാണ്. സഹകരിക്കുമല്ലോ.

**ജെന്നിയച്ചൻ**

# ഫാമിലി അപ്പോസ്തലേറ്റ്

സ്നേഹം നിറഞ്ഞ കുടുംബ പ്രേഷിതരേ,

സുഖമെന്നു വിശ്വസിക്കുന്നു. വിവരസാങ്കേതികതയുടെ വികാസവും നവമാധ്യമങ്ങളുടെ സ്വാധീനവും നമ്മുടെ കുടുംബബന്ധങ്ങളിൽപ്പോലും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ആഴമുള്ള ആത്മബന്ധങ്ങളുടെ അഭാവമാണ് നാമിന്നു നേരിടുന്ന വലിയ വെല്ലുവിളി. കുടുംബത്തിൽ സ്നേഹത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നതിലും നിലനിർത്തുന്നതിലും മാതാപിതാക്കൾ മക്കൾക്ക് മാതൃകയാവണം. വിശ്വാസക്കൈമാറ്റം സാധ്യമാകേണ്ടത് പഠനശാലകളിലല്ല മറിച്ച് കുടുംബത്തിലെ നല്ല മാതൃകകളിലൂടെയാവണം. ഈ വലിയ ഉത്തരവാദിത്വം മാതാപിതാക്കൾ സധൈര്യം ഏറ്റെടുത്തു നിറവേറ്റുമ്പോഴേ കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് വിശ്വാസം ജീവിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ സാധിക്കൂ. സഭയോടു ചേർന്നുനിന്ന് ഉത്തമ മൂല്യബോധമുള്ള സമൂഹസൃഷ്ടിയിൽ പങ്കുകാരാകാൻ നമുക്കും കൈകോർക്കാം.

സ്നേഹപൂർവ്വം,

**ഫാ ജോസഫ് ഇലഞ്ഞിമറ്റം** (അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)

## മാതൃ-പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ്

മാതൃ-പിതൃവേദി ഫൊറോന ഡയറക്ടേഴ്സിന്റെ മീറ്റിംഗ് മെയ് 2-ാം തീയതി സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെട്ടു.

മെയ് 2-ാം തീയതി മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗും 3-ാം തീയതി പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗും നടത്തപ്പെട്ടു. തുടർന്നുള്ള മാസങ്ങളിലെ പ്രോഗ്രാമുകൾ ചർച്ച ചെയ്തു.

## മാതൃ-പിതൃവേദി യൂണിറ്റ് ആനിമേറ്റേഴ്സ്

മാതൃ-പിതൃവേദി യൂണിറ്റ് ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് മെയ് 31-ാം തീയതി പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. ഇരുന്നൂറോളം ആനിമേറ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

കുടമാളൂർ ഫൊറോന നേതൃസംഗമം വില്ലൂന്നി സെന്റ് സേവ്യേഴ്സ് പള്ളിയിൽവച്ച് നടത്തി. ബഹു. ജോസഫ് ഇലഞ്ഞിമറ്റത്തിലച്ചൻ ക്ലാസ്സ് നയിച്ചു.

കുറുമ്പനാടം അസംപ്ഷൻ പള്ളിയിൽ മാതാപിതാക്കൾക്ക് ക്ലാസ്സ് മെയ് 3 വ്യാഴാഴ്ച ഉച്ച കഴിഞ്ഞ് 2 മണിക്ക് നടത്തി.

പുളിങ്കുന്ന് ഫൊറോന പള്ളിയിൽനിന്ന് കണ്ണാടി സെന്റ് റീത്താസ് പള്ളിയിലേക്ക് മാതൃവേദി - പിതൃവേദി പുളിങ്കുന്ന് ഫൊറോനായുടെ നേതൃത്വത്തിൽ തീർത്ഥാടനം മെയ് 18 വെള്ളിയാഴ്ച നടത്തി. മെയ് 26-ാം തീയതി പുളിങ്കുന്ന് ഫൊറോന വിധവാ സംഗമം നടത്തി. അന്ന് ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ മാതൃസംഗമം നടത്തി.

മെയ് 13 ഞായർ മാതൃദിനാഘോഷവും ദമ്പതീസംഗമവും ചമ്പക്കുളം ഫൊറോനായുടെ നേതൃത്വത്തിൽ തെക്കേക്കര സെന്റ് ജോൺസ് പള്ളിയിൽ വച്ച് നടത്തി. യുവ ദമ്പതീ സംഗമത്തിൽ മാതൃവേദി അതിരൂപതാ പ്രസിഡന്റ് പ്രൊ. റോസമ്മ സോണി ക്ലാസ് നയിച്ചു.

മെയ് 6-ാം തീയതി ആലപ്പുഴ ഫൊറോന മാതൃപിതൃ സംഗമം പുന്നമട പള്ളിയിൽവച്ച് നടത്തി. 'പേരന്റിംഗ്' എന്ന വിഷയത്തെക്കുറിച്ചാണ് സെമിനാർ നടത്തിയത്.

കുടമാളൂർ എക്സിക്യൂട്ടീവ് പ്രീസ്റ്റ് ഹോം സന്ദർശനം നടത്തും.

കുടമാളൂർ അഭയഭവനിൽ കുടമാളൂർ ഫൊറോനയുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി.

**കൃതജ്ഞതയും സ്വാഗതവും**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ അസി. ഡയറക്ടറായും കുടുംബ ജ്യോതി മാസികയുടെ ചീഫ് എഡിറ്ററായും വളരെ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച ശേഷം ജേർണ്ണലിസത്തിൽ ഉപരിപഠനത്തിനായി ബാംഗ്ലൂരിലേക്ക് പോകുന്ന ബഹു. ജോസഫ് ഇലഞ്ഞിമറ്റമച്ചന് ഫാമിലി അപ്പോസ്റ്റലേറ്റ് കുടുംബത്തിന്റെ പേരിൽ നന്ദി അറിയിക്കുകയും തുടർന്നുള്ള പഠനത്തിനും ശുശ്രൂഷയ്ക്കും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു.

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ അസി. ഡയറക്ടറും, കുടുംബജ്യോതി മാസികയുടെ ചീഫ് എഡിറ്ററുമായി നിയമിതനായിരിക്കുന്ന ബഹു. ജോൺസൺ ചാലക്കലച്ചന് ഹൃദ്യമായ സ്വാഗതം.

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഓഫീസിൽ 7 വർഷക്കാലം സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചശേഷം തൽസ്ഥാനത്ത് നിന്ന് മാറുന്ന ശ്രീമതി മഞ്ജു കല്ലുകളത്തിന് കുടുംബപ്രേഷിത ശുശ്രൂഷ വിഭാഗത്തിന്റെ പേരിൽ നന്ദി അറിയിക്കുന്നു.

## വിവാഹ ഒരുക്കധ്യാനം

| 2018 ജൂൺ | 2018 ജൂലൈ | 2018 ആഗസ്റ്റ് |
|---|---|---|
| 4, 5, 6 (Zion) | 6, 7, 8 (Chry) | 3, 4, 5 (Chry) |
| 18, 19, 20 (Chry) | 16, 17, 18 (Zion) | 13, 14, 15 (Zion) |
| 25, 26, 27 (Chry) | 23, 24, 25 (Chry) | 20, 21, 22 (Zion) |
| | | 27, 28, 29 (Chry) |

"Change the world from your home"

# പ്രവാസി അപ്പോസ്തോലേറ്റ്

ഈശോയിൽ സ്നേഹമുള്ള സഹോദരങ്ങളേ,

ആരാധനാവത്സരത്തിലെ ഈ ശ്ലീഹാക്കാലത്തിൽ പന്തക്കുസ്താ തിരുനാളിന്റെ എല്ലാ അനുഗ്രഹങ്ങളും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

പ്രവാസി അപ്പോസ്തോലേറ്റിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നൽകിവരുന്ന സഹായ സഹകരണങ്ങൾക്ക് ഈ അവസരത്തിൽ നന്ദി അർപ്പിക്കുന്നു.

**1. ട്രാവൽ ആന്റ് ടൂറിസം**

പ്രവാസി അപ്പോസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിരിക്കുന്ന ട്രാവൽ ആന്റ് ടൂറിസം മിനിസ്ട്രിക്ക് "ആവേ മരിയ" എന്ന പേര് ഗവൺമെന്റ് അംഗീകരിച്ച വിവരം ഏവരേയും സന്തോഷത്തോടെ അറിയിക്കുന്നു. തുടർ നടപടികൾക്കായി ആവേ മരിയയുടെ നിക്ഷേപകർ ശ്രീ. സെബാസ്റ്റ്യൻ പത്തിലിനെ (അതിരൂപത എക്സിക്യൂട്ടീവ്) ചുമതലപ്പെടുത്തിയിരിക്കുന്നു.

**2. പ്രവാസി അപ്പോസ്തോലേറ്റിന്റെ 3-ാം വാർഷികവും പ്രവാസി കുടുംബങ്ങളുടെ സംഗമവും.**

2018 ജൂലൈ 21 ശനിയാഴ്ച ചങ്ങനാശ്ശേരി അതിരൂപത കേന്ദ്രത്തിലെ മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ അദ്ധ്യക്ഷതയിൽ വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു. പ്രസ്തുത കുടുംബ സംഗമം സ്വിറ്റ്സർലന്റിന്റെയും വത്തിക്കാന്റെയും ഇൻഡ്യൻ അമ്പാസിഡറായ ശ്രീ. സിബി ജോർജ് IFS ഉദ്ഘാടനം ചെയ്യുന്നതാണ്.

ഈ വർഷം വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിൽ നിന്നും അവധിക്കാലം ആസ്വദിക്കാനായി നാട്ടിലെത്തുന്ന എല്ലാ പ്രവാസി കുടുംബങ്ങളെയും, നാട്ടിൽ തിരിച്ചെത്തിയ പ്രവാസി കുടുംബങ്ങളെയും പ്രവാസി മക്കളുടെ മാതാപിതാക്കളെയും, പ്രസ്തുത പ്രവാസി കുടുംബസംഗമത്തിലേയ്ക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

ചങ്ങനാശ്ശേരി അതിരൂപതയോടും അതിരൂപത അദ്ധ്യക്ഷനോടും എന്ന പോലെ തന്നെ പ്രവാസികൾ തമ്മിൽ തമ്മിലു സുദൃഢമായ ബന്ധം വളർത്തുന്നതിനും ഈ പ്രവാസി സംഗമം ഒരു വേദിയും അനുഗ്രഹവുമാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
(ഡയറക്ടർ)

# യുവദീപ്തി–എസ്.എം.വൈ.എം.

## ‘ജൈവം - 2018’

അതിരൂപതാ യുവദീപ്തി - എസ്സ്. എം. വൈ. എമ്മിന്റെ ആഭിമുഖ്യത്തിൽ യൂണിറ്റിനൊരു ജൈവകൃഷിത്തോട്ട മത്സരം നടത്തുന്നു. ഇതിനു മുന്നോടിയായിട്ടുള്ള ജൈവകൃഷി സെമിനാർ, അനുഭവം പങ്കുവയ്ക്കാൻ, വിത്തുവിതരണം കൃഷിത്തോട്ട മത്സര ഉദ്ഘാടനം എന്നിയ ഏപ്രിൽ 14-ാം തീയതി രാവിലെ 10 മുതൽ 1.30 വരെ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവെച്ച് സെന്റ് ജോസഫ്സ് ബുക്ക്സ് & പ്രസ്സ് മാനേജർ ഫാ. മാത്യു പടിഞ്ഞാറെക്കൂറ്റ് “ജൈവം - 2018” ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ട്ർ ഫാ. ജേക്കബ് ചക്കാത്ര ആമുഖ പ്രസംഗം നടത്തി. അഖിൽ ജോർജ് ചാക്കോ, സി. സെലിൻ ജോസ് എസ്. ഡി., ടോണി മണിമല പറമ്പിൽ, ആൻ മരിയ ജോസ്, അഞ്ജലി പി. തോമസ് എന്നിവർ പ്രസംഗിച്ചു. ശ്രീമതി ലീലാമ്മ കല്ലുവെട്ടത്ത്, ജോസ് ജേക്കബ് കൊല്ലറാട്ട്, ലാലിച്ചൻ മറ്റത്തിൽ എന്നിവർ അനുഭവങ്ങൾ പങ്കു വെച്ച് സംസാരിച്ചു.

## വനിതാസംഗമവും, ക്യാൻസർ രോഗികൾക്ക് മുടിദാനവും

യുവദീപ്തി എസ്സ്. എം. വൈ. എം. ന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 29 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 1.30 മുതൽ വെരൂർ സെന്റ് ജോസഫ്സ് യൂണിറ്റിൽ വച്ച് വനിതാ സംഗമവും ക്യാൻസർ രോഗികൾക്ക് മുടി ദാനവും നടത്തി. ഡെപ്യൂട്ടി പ്രസിഡന്റ്, പ്രസിഡന്റ് ആൻ മരിയ ജോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽവെച്ച് പാലാ മുൻസിപ്പൽ ചെയർ പേഴ്സൺ ഡോ. സെലിൻ റോയി വനിതാ സംഗമം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. വെരൂർ യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് പ്ലാപറമ്പിൽ അതിരൂപതയുടെ ആനിമേറ്റർ സി. സെലിൻ ജോസ് എസ്. ഡി. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. മാന്നാനം കെ. ഇ. കോളേജ് അസ്സോസിയേറ്റ് പ്രൊഫസ്സർ എലിസബത്ത് മോബി ക്ലാസ്സ് നയിച്ചു. അതിരൂപതാ സെക്രട്ടറി റോസ് മരിയ സെബാസ്റ്റ്യൻ സ്വാഗതവും, വൈസ് പ്രസിഡന്റ് അഞ്ജലി പി. തോമസ് നന്ദിയും പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് അമലാ ഷാജി പതാക ഉയർത്തൽ കർമ്മം നിർവ്വഹിച്ചു. സംഗമത്തിൽ വച്ച് ചെത്തിപ്പുഴ മേഴ്സിഹോം, കുന്നന്താനം പ്രൊവിഡൻസ് ഹോം, കുറുമ്പനാടം സ്നേഹ നിവാസ് എന്നീ സ്ഥാപനങ്ങളിലെ സുപ്പീരിയർമാരെ ആദരിക്കുകയുണ്ടായി. വെരൂർ സെന്റ് ജോസഫ്സ് യൂണിറ്റ്, കുന്നന്താനം സെന്റ് ജോസഫ്സ് യൂണിറ്റ്, മണിമല ഹോളി മജായിസ് യൂണിറ്റ് എന്നിവർ വനിതാ സംഗമത്തിൽ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. വിവിധ യൂണിറ്റുകളിലെ അമ്പത്തിമൂന്നു വനിതകൾ സംഗമത്തിൽ വച്ച് ക്യാൻസർ രോഗികൾക്ക് മുടിദാനം ചെയ്തു.

## ജലദിനാചരണം നടത്തി

ലോകജലദിനത്തിന്റെ ഭാഗമായി യുവദീപ്തി - എസ്സ്. എം. വൈ. എം. ഏപ്രിൽ 23 ന് ജലദിനം വിവിധതരം പ്രവർത്തനങ്ങളോടെ നടത്തുകയുണ്ടായി.

## കുടിവെള്ള വിതരണം

വാലുമ്മേൽചിറ, വണ്ടിപ്പേട്ട, മഹേന്ദ്രപുരം, എന്നീ സ്ഥലങ്ങളിൽ ഏപ്രിൽ 23 ന് അതിരൂപതാ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ കുടിവെള്ള വിതരണം നടത്തി. കുടിവെള്ളവിതരണ യാത്രയുടെ ഫ്ളാഗ് ഓഫ് കർമ്മം അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഡോ. ഫിലിപ്സ് വടക്കേക്കളം നിർവ്വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ജലദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. പ്രസിഡന്റ് ഷിജോ ഇടയാടി, ജലസംരക്ഷണത്തെക്കുറിച്ച് സന്ദേശം നൽകി. അഖിൽ ജോർജ് ചാക്കോ, റ്റോണി മണിമലപറമ്പിൽ, റോസ് മരിയ സെബാസ്റ്റ്യൻ, അഞ്ജലി പി. തോമസ്, അനു ആനി ജോസഫ് എന്നിവർ പ്രസംഗിച്ചു.

### മഴക്കുഴി നിർമ്മാണം

ലോകജലദിനത്തിന്റെ ഭാഗമായി യുവദീപ്തി – എസ്സ്. എം. വൈ. എം. അതിരൂപതയിലെ പതിനാറു ഫൊറോനാകളിലായി ആയിരത്തോളം മഴക്കുഴികൾ നിർമ്മിച്ചു നൽകി ജലസംരക്ഷണത്തിന് കരുത്തു പകർന്നു.

## തിരുവനന്തപുരം ഫൊറോനയ്ക്ക് പുതിയ ഭാരവാഹികൾ

തിരുവനന്തപുരം ഫൊറോനാ കൂടുതൽ പ്രവർത്തനനിരതമാകുന്നതിന്റെ ഭാഗമായി അവിടെ പുതിയ ഫൊറോനാ ഭാരവാഹികളെ നിശ്ചയിക്കുകയുണ്ടായി. മെയ് 20 ന് ഞായറാഴ്ച ഫൊറോനാ ഡയറക്ടർ ഫാ. പീലിപ്പോസ് കേഴപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽചേർന്ന യൂത്ത് അസംബ്ലിയിൽവച്ച് ഭാരവാഹികളെ നിശ്ചയിച്ചു.

| | |
|---|---|
| പ്രസിഡന്റ് | – അഗസ്റ്റിൻ സൂരജ് കെ. ജെ. ലൂർദ് തിരുവനന്തപുരം |
| ഡോപ്യൂട്ടി പ്രസിഡന്റ് | – ഷെറിറ്റ് പീറ്റേഴ്സ്, തിരുവല്ല |
| ജനറൽ സെക്രട്ടറി | – ജോസഫ് കെ. സജിത്, കേശവദാസപുരം |
| ട്രഷറർ | – ആന്റണി മണിമല, ആറ്റിങ്ങൽ |
| വൈസ് പ്രസിഡന്റ് | – മിൻസാ അന്നാ ജോൺ, കേശവദാസപുരം |
| സെക്രട്ടറി (എ) | – മാർട്ടിൻ റോളണ്ട്, തിരുമല |
| സെക്രട്ടറി (ബി) | – അനഹ ജെ. എസ്., വെള്ളായണി |
| സിൻഡിക്കേറ്റ് (എ) | – ജോയിസ് വിൻസന്റ്, തിരുവല്ലം |
| സിൻഡിക്കേറ്റ് (ബി) | – ആൻ തുഷാര അബ്രഹാം, ലൂർദ് തിരുവനന്തപുരം |

### കൊല്ലം ഫൊറോന

യുവദീപ്തി-എസ്സ്. എം. വൈ. എം. കൊല്ലം ഫൊറോനായുടെ ആഭിമുഖ്യത്തിൽ അഞ്ചൽ മേരി മാതാ യൂണിറ്റിൽ വച്ച് യുവജനങ്ങൾക്കായി കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിച്ചു. കരിയർ ഗൈഡൻസ് ജില്ലാ ഓഫീസർ

മാത്യു പ്രകാശ് കെ. എ. ക്ലാസ്സ് നയിച്ചു. പ്രസിഡന്റ് നിബിൻ സോയി, സിൻഡിക്കേറ്റ് മെമ്പർ ബെക്സൻ തോമസ്, ഫൊറോന ഡയറക്ടർ ഫാ. ജെയിംസ് കൊക്കവയലിൽ, സിൻഡിക്കേറ്റ് മെമ്പർ ഫെമി മരിയ ഫെലിക്സ് എന്നിവർ പ്രസംഗിച്ചു.

## ചങ്ങനാശ്ശേരി ഫൊറോനാ

ഫൊറോനാ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ എല്ലാ യൂണിറ്റുകളിലേയും, നിർധനരായ അഞ്ചു കുട്ടികൾക്കുവീതം പഠനോപകരണ കിറ്റുകൾ ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയിൽവെച്ച് മെയ് 27 ന് ഫൊറോനാ വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുര വിതരണം ചെയ്തു.

## പഠനോപകരണവിതരണം നടത്തി

അതിരൂപതാ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ മെയ് 27 ന് ഞായറാഴ്ച അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നോട്ട് ബുക്ക്, കുട, ഇൻസ്ട്രമെന്റ് ബോക്സ്, പെൻസിൽ, റബ്ബർ, കട്ടർ, സ്കെയിൽ എന്നിവ അടങ്ങുന്ന പഠനോപകരണ കിറ്റ് വിതരണം ചെയ്തു.

## ആന്റപ്പൻ അമ്പിയായം മെമ്മോറിയൽ പ്രസംഗമത്സരം

ആന്റപ്പൻ ആസിയായം മെമ്മോറിയൽ പ്രസംഗമത്സരം ജൂൺ 2 ശനിയാഴ്ച രാവിലെ 10:30 മുതൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തുന്നു. യുവാക്കൾക്കും, യുവതികൾക്കും പ്രത്യേകമത്സരം ഉണ്ടായിരിക്കും.

## പ്രാർത്ഥനാപഠന പരിശീലന ക്യാമ്പുകൾ ആരംഭിക്കുന്നു

2018 വർഷത്തെ പ്രാർത്ഥനാ പഠനപരിശീലനക്യാമ്പുകൾ ജൂൺ 1, 2, 3 തീയതികളിൽ ആരംഭിക്കും. എടത്വാ നെടുംകുന്നം എന്നീ ഫൊറോനാകളുടെ ക്യാമ്പുകളാണ് ആദ്യം നടക്കുക.

## 14–ാമതു നിരണം തീർത്ഥാടനം

14–ാമതു നിരണം തീർത്ഥാടനം 2018 ജൂലൈ 1 ഞായറാഴ്ച രാവിലെ 8:30 ന് ചങ്ങനാശേരി കത്തീഡ്രലിലെ കബറിടപള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും.

## ജൂൺ മാസത്തിലെ പരിപാടികൾ

| | | |
|---|---|---|
| ജൂൺ 1, 2, 3 | – | പ്രാർത്ഥനാ പരിശീലന ക്യാമ്പുകൾ എടത്വാ, നെടുംകുന്നം |
| ജൂൺ 2 | – | ആന്റപ്പൻ അമ്പിയായം പ്രസംഗമത്സരം |
| ജൂൺ 9 | – | പരിസ്ഥിതി ദിനാചരണം, മണിമല |
| ജൂൺ 10 | – | സെനറ്റ് |
| മെയ് 15 | – | YTP പുതിയ ബാച്ച് ആരംഭം |
| ജൂൺ 15, 16, 17 | – | ക്യാമ്പ് |
| ജൂൺ 24 | – | വി. തോമസ് മൂർ ദിനാചരണം, നെടുങ്കുന്നം |
| ജൂലൈ 1 | – | നിരണം തീർത്ഥാടനം |

# ജീവകാരുണ്യനിധി – ട്രസ്റ്റ്

**കളർ എ ഹോം** ഭവന നിർമ്മാണ പദ്ധതിയിൽ 2017 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും മെയ് 25-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 179 | വള്ളംചിറ | 15630 | 6252 |
| 180 | തോട്ടക്കാട് | 83750 | 33500 |
| 181 | വെട്ടിമുകൾ | 89520 | 35500 |
| 182 | പൊങ്ങ | 28350 | 11340 |
| 183 | മുണ്ടുപാലം | 76235 | 30493 |
| 184 | മണ്ണഞ്ചേരി | 21375 | 8550 |
| 185 | മുഹമ്മ | 132845 | 53138 |

# എ.കെ.സി.സി.

## അതിരൂപതാ പ്രതിനിധിസഭായോഗം

എ.കെ.സി.സി. അതിരൂപതാ ഭാരവാഹികൾ, പ്രതിനിധി സഭാംഗങ്ങൾ, ഫൊറോന പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവരുടെ സംഗമവും അർദ്ധവാർഷിക കൗൺസിൽ യോഗവും 2018 ജൂൺ 24 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 03.30 മുതൽ ചങ്ങനാശേര് മെത്രാപ്പോലീത്തൻ പള്ളിയിലുള്ള കേന്ദ്ര ഓഫീസിൽ നടത്തുന്നതാണ്.

## യൂണിറ്റ് സന്ദർശനം

2018 ജൂൺ-ജൂലൈ മാസങ്ങളിൽ ഫൊറോനാതല യൂണിറ്റ് സന്ദർശനം നടത്തുന്നതാണ്.

## യൂണിറ്റ് പ്രസിഡന്റ്-സെക്രട്ടറി സംഗമം

യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറിമാരുടെ ഫൊറോനാ സംഗമങ്ങൾ ജൂൺ-ജൂലൈ മാസങ്ങളിൽ നടത്തുന്നതാണ്.

# ആവേ മരിയ

**ലീജിയൻ ഓഫ് മേരി**

സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥയായ അമലോത്ഭവ കന്യാമറിയത്തിന്റെ പ്രബലമായ നേതൃത്വത്തിൽ തിരുസഭയുടെ അംഗീകാരത്തോടുകൂടിയാണ് ഈ മരിയ സൈന്യം രൂപവൽകൃതമായിരിക്കുന്നത്.

ചങ്ങനാശേരി കമ്മീസിയത്തിന്റെ 778-ാമതും കൂരിയായുടെ 1017-ാമതും സമ്മേളനം 13.5.2018 ഞായറാഴ്ച 2.30 പി.എം.ന് പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടുംകൂടി ആരംഭിച്ചു. ജ്ഞാനവായന 'പ്രസീദിയം സ്ഥിരനിഷ്ഠയ്ക്കു മാതൃകയായിരിക്കണം' എന്ന ഭാഗം പേജ് 159 മുതൽ 160 വരെ പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്ര സഭയിൽ വായിച്ചു. സെക്രട്ടറിയുടെ അഭാവത്തിൽ വൈസ് പ്രസിഡന്റ് മിനിറ്റ്സ് അവതരിപ്പിച്ചു പാസാക്കി. വൈസ്പ്രസിഡന്റ് സി. വത്സമ്മ ജോസ് കൂട്ടുമ്മേൽ ഹാജർ രേഖപ്പെടുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു. സെനാത്തുസിൽ നിന്നുള്ള കത്ത് പ്രസിഡന്റ് സഭയിൽ വായിച്ചു. ഖജാൻജി സി. എൽസമ്മ കോട്ടപ്പുറം കണക്ക് അവതരിപ്പിച്ചു, പാസാക്കി, സമാധാനത്തിന്റെ രാജ്ഞി വാഴപ്പള്ളി പ്രസിഡീയം വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സൈനിക ജപ ശൃംഗല ചൊല്ലി. രഹസ്യധന ശേഖരണം നടത്തി.

**പ്രഭാഷണം**

എല്ലാ മാസമുള്ള മീറ്റിംഗ് കൂടുന്നതിനു മുൻപായി കമ്മീസിയം ഭാരവാഹികൾ അച്ചനെ അറിയിച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും അടുത്ത പ്രാവശ്യം നടത്തേണ്ട കാര്യത്തേക്കുറിച്ച് ശരിയായ തീരുമാനം എടുക്കുകയും വേണം. സെനാത്തൂസുമായി ബന്ധപ്പെട്ടാണ് കമ്മീസിയം പ്രവർത്തിക്കുന്നത് പാലായിൽ നടക്കുന്ന സെനാത്തൂസ് മീറ്റിംഗിൽ കമ്മീസിയം ഭാരവാഹികളിൽ ആരെങ്കിലും പോയിരിക്കണം. പ്രവർത്തനങ്ങൾ ഉത്തരവാദിത്വത്തോടുകൂടി മുന്നോട്ടു കൊണ്ടുപോകണം. അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂൺ 2-ന് ശനിയാഴ്ച 3.30-ന് ചേരാൻ തീരുമാനിച്ചു. ജൂൺ 16 ന് രാവിലെ 10.30 ന് വാർഷിക ധ്യാനം ഫാ. പുരയ്ക്കൽ ഹാളിൽ നടത്തുവാനും തീരുമാനിച്ചു.

അവസാന പ്രാർത്ഥനയ്ക്കുശേഷം ഫ്രാങ്ക്ഡഫിനെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനുള്ള പ്രാർത്ഥനയും ചൊല്ലി. ചായ സൽക്കാരത്തിനു ശേഷം ബഹു. അച്ചന്റെ ആശീർവ്വാദത്തോടെ യോഗം സമംഗളം പര്യവസാനിച്ചു.

എന്ന് കമ്മീസിയത്തിനുവേണ്ടി,

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. വത്സമ്മ ജോസ് കൂട്ടുമ്മേൽ**
കമ്മീസിയം വൈസ് പ്രസിഡന്റ്

# ഫ്രാൻസിസ്ക്കൻ അല്മായസഭ

(Secular Franciscan Order-SFO)

**"സമാധാനം – സൗഭാഗ്യം"**

സ്നേഹമുള്ള സഹോദരീ സഹോദരന്മാരെ,

പുതിയ അദ്ധ്യയന വർഷം കൂടി കടന്നുവരുകയാണല്ലോ. നമ്മുടെ മക്കളുടെ പഠനാവശ്യങ്ങൾക്കുള്ള കരുതലുകൾ നടത്തുന്നതോടൊപ്പം നമ്മുടെ ഇടവകകളിലും, ചുറ്റുപാടുകളിലുമുള്ള നിർദ്ധനരായ വിദ്യാർത്ഥികളുടെ പഠനകാര്യങ്ങളിലും, അവർക്കു വേണ്ട വിദ്യാഭ്യാസ സഹായത്തോടൊപ്പം പ്രോത്സാഹനങ്ങളും സാമ്പത്തിക സഹായങ്ങളും ചെയ്യുന്നതിനുള്ള കർമ്മ പരിപാടികൾ ആലോചിച്ച് ഓരോ ഭ്രാതൃത്വവും സജീവമായി പ്രവർത്തിക്കുവാനും അതൊടൊപ്പം പരിസ്ഥിതിയുടെ മദ്ധ്യസ്ഥനായ വി. ഫ്രാൻസീസ് അസ്സീസിയെ പ്രത്യക്ഷ സ്മരിക്കേണ്ട ദിവസം കൂടിയാണ് ജൂൺ മാസം 5.

പ്രകൃതിയും പ്രകൃതിയിലെ സകല ജീവജാലങ്ങളും ദൈവത്തിന്റെ മനോഹര സൃഷ്ടികളാണ്. ഈ പ്രകൃതിയിൽ സമാധാനത്തോടും സന്തോഷത്തോടും കൂടി ജീവിക്കേണ്ടവരാണ് സൃഷ്ടികളുടെ മകുടമായ മനുഷ്യർ. ഇവിടെ പക്ഷികളും, കാടും മേടും, പുൽത്തോപ്പുകളും, മലർവാടികളും, കാട്ടരുവികളും, കാട്ടാറുകളെല്ലാം ശുചിത്വമുള്ള അന്തരീക്ഷത്തിൽ നിർവിഘ്നം അവയുടെ സൃഷ്ടാവിന്റെ ഇച്ഛയനുസരിച്ച് ജീവിക്കുവാൻ അനുവദിക്കേണ്ടത് മനുഷ്യനാണ്. പ്രകൃതിയോടൊത്ത് ദൈവത്തിന്റെ ഇഷ്ടവും പദ്ധതിയും അനുസരിച്ച് സകല സൃഷ്ടിജാലങ്ങളോടും കൂടി ദൈവത്തെ സ്തുതിച്ചാരാധിക്കുവാനും പ്രകൃതിയോടു ചേർന്നു വിശ്വസാഹോദര്യത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ എന്നുമുള്ള യാഥാർത്ഥ്യമാണ് വി. ഫ്രാൻസിസ് അസ്സീസി ഈ ദിവസങ്ങളിൽ നമ്മെ ഓർമ്മപ്പെടുത്തുന്നത്. ഈ മാസങ്ങളിൽ പരിസ്ഥിതി പ്രവർത്തനങ്ങൾ ഭ്രാതൃത്വ തലത്തിൽ സംഘടിപ്പിക്കുകയും പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുക.

**SFO ഇന്റർനാഷണൽ സ്പിരിച്ച്വൽ ജനറൽമാരുടെ സന്ദർശനവും മീറ്റിംഗും**

സെന്റ് ജോസഫ് പ്രോവിൻസിന്റെ കീഴിലുള്ള ചങ്ങനാശ്ശേരി, പാലാ, കോട്ടയം, കോതമംഗലം, കാഞ്ഞിരപ്പള്ളി, ഇടുക്കി എന്നീ രൂപതകളിലെ SFO റീജണൽ മിനിസ്റ്റർമാരെ നേരിൽ കാണുവാനും SFO യുടെ റീജണൽ മിനിസ്റ്റർമാരെ നേരിൽ കാണുവാനും SFO യുടെ റീജണൽ തലത്തിലും, രൂപതാ തലത്തിലുമുള്ള പ്രവർത്തനങ്ങളെകുറിച്ചും അറിയുന്നതിന് 2018 മെയ് 16-ന് സെന്റ് ജോസഫ് കപ്പൂച്ചിൻ പ്രോവിൻഷ്യലേറ്റിൽ വെച്ച് രാവിലെ 10 മണിക്ക് മീറ്റിംഗ് നടത്തി. റോമിൽ നിന്നും SFO യുടെ ഇന്റർനാഷണൽ സ്പിരിച്ച്വൽ ജനറൽ റവ. ഫാ. ഫ്രാൻസീസ് ബി. ഡോറും SFO യുടെ പ്രോവിൻസ് സ്പിരിച്ച്വൽ കൗൺസിലർ റവ. ഫാ. മൈക്കിൾ പാറുശ്ശേരിയും വിവിധ രൂപതകളിലെ SFO സ്പിരിച്ച്വൽ അസിസ്റ്റന്റുമാരായ റവ. ഫാ. ആന്റണി വെച്ചൂർ OFM Cap. പാല, റവ. ഫാ. വർഗീസ് വാഴയിൽ OFM Cap ഇടുക്കി, റവ. ഫാ. ആഞ്ചലേ

ചുള്ളിക്കൽ OFM Conv എന്നിവരും സന്നിഹിതരായിരുന്നു. ബഹു. ഫാ. ആന്റണി വെച്ചൂർ OFM Cap പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി തുടർന്ന് ബഹു. സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ജോസഫ് പുത്തൻപുര OFM Cap അച്ചനുവേണ്ടി. പ്രൊവിൻഷ്യൽ കൗൺസിലർ റവ. ഫാ. ജെയിംസ് വാഴചരിയിൽ OFM Cap അംഗങ്ങളെ സ്വാഗതം ചെയ്തു സംസാരിച്ചു. SFO സീറോമലബാർ സമിതി സ്റ്റേറ്റ് പ്രസിഡന്റ് SFO നാഷണൽ കൗൺസിലറുമായ ബ്ര. സിബിച്ചൻ സ്രാങ്കൻ അദ്ധ്യക്ഷനായിരുന്നു. റീജണൽ മിനിസ്റ്റർമാരും SFO അതിരൂപതാ പ്രസിഡന്റു മാരും പരിചയപ്പെടുത്തിക്കഴിഞ്ഞ് തങ്ങളുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ടിംഗ് നടത്തി. തുടർന്ന് കോമൺ ഡിസ്ക്കഷൻ നടത്തി. ചർച്ചകൾക്കൊടുവിൽ SFO സ്പിരിച്വൽ ജനറൽ മറുപടി പ്രസംഗം നടത്തി. അടുത്ത ഒക്ടോബർ മാസം നടക്കാൻ പോകുന്ന SFO നാഷണൽ ഇലക്ടീവ് ചാപ്റ്റർ നടത്തുമെന്നും അതി നായി എല്ലാവരും ഒരുങ്ങുവാനും അദ്ദേഹം ആഹ്വാനം ചെയ്തു. SFO പാലാ രൂപതാ പ്രസിഡന്റ് ബ്ര. ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ യോഗത്തിനു നന്ദി പറഞ്ഞു. സ്നേഹവിരുന്നോടുകൂടി യോഗം സമാപിച്ചു. തുടർന്ന് ഉച്ച കഴിഞ്ഞ് 4 മണിക്ക് റോമിൽനിന്നും വന്ന ബഹു. വൈദികർ എടത്വായിലെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടം സന്ദർശിച്ചു പ്രാർത്ഥ നകൾ നടത്തി.

### SFO ചങ്ങനാശ്ശേരി അതിരൂപതക്ക് പുതിയ സ്പിരിച്വൽ അസിസ്റ്റന്റ്

SFO ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് പുതിയ സ്പിരിച്വൽ ഡയറക്ടറെ ബഹു. പ്രൊവിൻഷ്യൽ ജോസഫ് പുത്തൻപുര OFM Cap നിയമിച്ചു. റവ. ഫാ, തോമസ് വെട്ടിക്കാലായിൽ OFM Cap ആയിരിക്കും SFO ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് ഇനിയും വേണ്ടതായ ആദ്ധ്യാത്മിക ഉപദേശനിർദ്ദേശങ്ങൾ നൽകുന്നത്. അദ്ദേഹം ഉടൻതന്നെ ചാർജെടുക്കുന്നതായിരിക്കും അദ്ദേഹത്തി നുവേണ്ടിയും രോഗാവസ്ഥയിൽ ചാർജ് ഒഴിയുന്ന ബഹു. ജോമോൻ ആശാംപ റമ്പിൽ OFM Cap അച്ചനുവേണ്ടിയും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### നിര്യാതരായി

SFO തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഭ്രാതൃത്വത്തിലെ സീനിയർ അംഗവും ഫോർമേറ്ററുമായ പറപ്പള്ളിൽ പി. ജെ. ചെറിയാൻ (83), ചങ്ങംങ്കരി സെന്റ് ജോസഫ് ഭ്രാതൃത്വ പ്രസിഡന്റ് ബ്ര. ബാബു തോമസ് മാമ്പ്രയുടെ മാതാവ് അച്ചാമ്മ തോമസ് (87), എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗ ങ്ങൾ പരേതരുടെ ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും പ്രാർത്ഥി ക്കുകയും ശവസംസ്ക്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമേ!

ശ്ലീഹന്മാരിൽ ഇറങ്ങി വസിച്ച പരിശുദ്ധാത്മാവിന്റെ പന്തക്കുസ്താനുഭവവും പരിസ്ഥിതി മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയുടെ വിശ്വസാഹോദ ര്യവും സമൃദ്ധമായി ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

# ചാസ്

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ!**

കഴിഞ്ഞ മെയ് മാസം പുരുഷന്മാരുടെ SHG സംഗമവും പുതിയ SHG അംഗങ്ങളുടെ പരിശീലനവും മേഖലാതലത്തിൽ പലയിടത്തും നടത്തപ്പെടുകയുണ്ടായി. അതോടൊപ്പം വിവിധ തൊഴിൽ പരിശീലനപരിപാടികളും യൂണിറ്റ് അടിസ്ഥാനത്തിൽ ക്രമീകരിക്കുകയും ഇക്കാര്യത്തിൽ ഖാദി (KVIC) വിഭാഗത്തിന്റെ സഹകരണവുമുണ്ടായിരുന്നു. വിവിധ സംഘങ്ങളുടെയും, വ്യക്തികളുടെയും നേതൃത്വത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാനും സാധിച്ചു. നേതൃത്വം നൽകിയ എല്ലാവരെയും അഭിനന്ദിക്കുന്നു. പുരുഷ SHG സംഗമങ്ങളിലും, പുതിയ SHG കളുടെ പരിശീലനത്തിലും മുഴുവൻ അംഗങ്ങളെയുമാണ് പ്രതീക്ഷിക്കുന്നത് എന്ന കാര്യം ഓർമ്മപ്പെടുത്താൻകൂടി ഈ അവസരം ഉപയോഗിക്കുകയാണ്.

ജൂൺ 5-ാം തീയതി ലോകപരിസ്ഥിതി ദിനമാണല്ലോ. ദിനാചരണവുമായി ബന്ധപ്പെട്ട പരിപാടികളിൽ ചാസുമായി കണ്ണിചേരുന്ന എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ കാര്യങ്ങൾ ക്രമീകരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. സംഘം, യൂണിറ്റ്, മേഖലാതലങ്ങളിൽ വികേന്ദ്രീകൃതമായി ഈ വർഷം നടത്തുന്ന പരിസ്ഥിതിദിനാചരണത്തിന്റെ മുഖ്യപ്രമേയം പ്ലാസ്റ്റിക്ക് മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളാണ്. "Say no to plastic and Save Life" എന്നതാണ് നമ്മുടെ മുദ്രാവാക്യം.

ജൂൺ 30-ാം തീയതി CHASS-SAFP സഹകരണത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. എണ്ണായിരത്തിലധികം കുടുംബങ്ങളെ ആത്മാഭിമാനത്തോടെ ജീവിക്കാൻ പ്രാപ്തമാക്കിയതിന്റെ ചാരിതാർത്ഥ്യത്തിലാണ് നമ്മൾ. നാളിതുവരെ SAFP യുടെ കുടുംബോദ്ധാരണ പരിപാടികൾ വിജയകരമായി മുമ്പോട്ടുകൊണ്ടുപോകാൻ പ്രയത്നിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഒപ്പം ചാസ് സുവർണ്ണ ജൂബിലി സ്മാരകമായി നമ്മൾ ആരംഭിച്ച കെയർ എ ഫാമിലി പ്രോഗ്രാമിന് ഏവരുടെയും പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. കെയർ എ ഫാമിലി പ്രോഗ്രാമിലേയ്ക്ക് കൂടുതൽ Benefactors നെ കണ്ടെത്താൻ ഏവരും സഹകരിക്കണമെന്ന് താത്പര്യപ്പെടുന്നു.

ആശംസകളോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

**സേവ് എ ഫാമിലി പ്ലാൻ ജൂബിലി ആഘോഷം**

CHASS-SAFP സഹകരണത്തിന്റെ 50-ാം വാർഷികം ജൂൺ 30-ാം തീയതി

ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 pm ന് പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചിരിക്കുന്നു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് അദ്ധ്യക്ഷതവഹിക്കും. കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസ് ശ്രീ. ആന്റണി ഡൊമിനിക്ക് മുഖ്യാതിഥിയായിരിക്കും. SAFP ഇൻഡ്യ ഡയറക്ടർ റവ. ഫാ. മാർഷൽ മേലേപ്പള്ളി മുഖ്യ പ്രഭാഷണം നടത്തും. SAFP കുടുംബോദ്ധാരണ പദ്ധതിയിലെ അംഗങ്ങൾ, സ്പോൺസേഴ്സ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ ജൂബിലി ആഘോഷപരിപാടിയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അപേക്ഷ ക്ഷണിച്ചു**

കേന്ദ്രസർക്കാർ സ്ഥാപനമായ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ നൽകി വരുന്ന തൊഴിൽ പരിശീലനങ്ങളുടെ ഭാഗമായി ചാസിന്റെ സഹകരണത്തോടെ ഉടൻ ആരംഭിക്കുന്ന ഗ്ലാസ് പെയിന്റിംഗ്, ഫാബ്രിക്ക്, ബ്ലോക്ക്, വെജിറ്റബിൾ പെയിന്റിംഗ്സ്, ലിക്വിഡ് എംബ്രോയിഡറി, എന്നീ പരിശീലനങ്ങൾക്ക് 16-50 പ്രായപരിധിയിലുള്ള സ്ത്രീകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ചാസ് കേന്ദ്ര ഓഫീസിൽ വച്ച് നടത്തുന്ന രണ്ടാഴ്ചത്തെ പ്രസ്തുത കോഴ്സിൽ ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് മാത്രം പ്രവേശനം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര ഗവ. സർട്ടിഫിക്കറ്റും സ്വന്തമായി യൂണിറ്റ് തുടങ്ങുവാൻ സബ്സിഡിയോടുകൂടിയ വായ്പയും ക്രമീകരിക്കും. താത്പര്യമുള്ളവർ ചാസ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9495110143, 0469-2682118.

**ചാസ് ഖാദി വിദ്യാലയത്തിൽ ഉടൻ ആരംഭിക്കുന്ന കോഴ്സുകൾ**

| | |
|---|---|
| സെമി ഓട്ടോമാറ്റിക് ലൂം വീവിങ്ങ്-കോട്ടൻ | കാലാവധി 6 മാസം |
| ബ്യൂട്ടീഷ്യൻ കോഴ്സ് | കാലാവധി 2 മാസം |
| ടെയിലറിംഗ് & എംബ്രോയിഡറി | കാലാവധി 3 മാസം |
| ബേക്കറി ട്രയിനിംങ്ങ് | കാലാവധി 2 മാസം |

# അറിയിപ്പുകൾ

## പരിസ്ഥിതി ദിനാചരണം ജൂൺ 5 ന് മേഖലാതലത്തിൽ

മുഖ്യപ്രമേയം : "Say no to plastic and Save Life"

**ലീഗൽ സർവീസ് സെല്ലിന്റെ പരിസ്ഥിതി ദിനാചരണം ചാസിൽ**

ചങ്ങനാശ്ശേരി താലൂക്ക് ലീഗൽ സർവീസ് സെല്ലുമായി സഹകരിച്ച് ചാസ് ജൂൺ 5 ന് കേന്ദ്ര ഓഫീസിൽ വച്ച് പരിസ്ഥിതിദിനാചരണ പരിപാടി ഉച്ചയ്ക്ക് 1.30 ന് സംഘടിപ്പിക്കും.

| മേഖല | യൂണിറ്റ് | മേഖല | യൂണിറ്റ് |
|---|---|---|---|
| ചങ്ങനാശ്ശേരി, തുരുത്തി- പാറേൽ | | എടത്വാ | പച്ച-ചെക്കിടിക്കാട് |
| കുട്ടനാട് | കായൽപുറം | നെടുംകുന്നം | ചമ്പക്കര |
| കോട്ടയം | കൂരോപ്പട | കുറുമ്പനാടം | മാടപ്പള്ളി |
| അതിരമ്പുഴ | ചെറുവാണ്ടൂർ | ആലപ്പുഴ | മുഹമ്മ |
| കുടമാളൂർ | കുടമാളൂർ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| മണിമല | കടയനിക്കാട് | | |

## ഊർജ്ജിതം - 2018

**പുരുഷ SHG മേഖലാ സംഗമങ്ങൾ**

| തീയതി | മേഖല |
|---|---|
| ജൂൺ 10 | എടത്വാ |
| ജൂൺ 11 | നെടുംകുന്നം |
| ജൂൺ 17 | കുടമാളൂർ |
| ജൂൺ 24 | മണിമല |

**പുതിയ SHG മേഖലാതല പരിശീലനം**

| തീയതി | മേഖല |
|---|---|
| ജൂൺ 12 | ചങ്ങനാശ്ശേരി & തുരുത്തി |
| ജൂൺ 15 | ആലപ്പുഴ |
| ജൂൺ 19 | തൃക്കൊടിത്താനം |
| ജൂൺ 22 | കോട്ടയം |
| ജൂൺ 26 | അതിരമ്പുഴ |

**2018 ജൂൺ മാസത്തെ മേഖല/യൂണിറ്റുതല പ്രത്യേക പരിപാടികൾ**

| തീയതി | മേഖല | യൂണിറ്റ് | പരിപാടികൾ |
|---|---|---|---|
| 02 | ആലപ്പുഴ | ആറാട്ടുവഴി | ജലജാഗ്രത സദസ് |
| 02 | അതിരമ്പുഴ | തെള്ളകം | കുടനിർമ്മാണ പരിശീലനം |
| 04 | കുറുമ്പനാടം | മാമ്മൂട് | കുടനിർമ്മാണ പരിശീലനം |
| 07 | എടത്വാ | പാണ്ടി | ചക്കസംസ്ക്കരണ പരിശീലനം |
| 07 | മണിമല | കരിമ്പനക്കുളം | തയ്യൽ പരിശീലനം ഉദ്ഘാടനം |
| 07 | കോട്ടയം | ചേപ്പുംപാറ | തയ്യൽ പരിശീലനം ഉദ്ഘാടനം |
| 08 | തൃക്കൊടിത്താനം | തൃക്കൊടിത്താനം | റീജിയണൽ എക്സിക്യൂട്ടീവ് മീറ്റിംഗ് |
| 08 | അതിരമ്പുഴ | നാൽപ്പാത്തിമല | മെഡിക്കൽക്യാമ്പ് |
| 09 | നെടുംകുന്നം | നെടുംകുന്നം | ബേക്കറി നിർമ്മാണ പരിശീലനം |
| 10 | തൃക്കൊടിത്താനം | മുണ്ടുപാലം | ആശാകിരണം - കാൻസർ ബോധവത്ക്കരണം |
| 12 | കുറുമ്പനാടം | അസംപ്ഷൻ | ആശാകിരണം - കാൻസർ ബോധവത്ക്കരണം |
| 12 | കുട്ടനാട് | പള്ളിക്കൂട്ടുമ്മ | മേഖലാ എക്സിക്യൂട്ടീവ് |
| 12 | കോട്ടയം | ലൂർദ്ദ് | സ്വയംതൊഴിൽ പരിശീലനം |
| 14 | എടത്വാ | മരിയാപുരം | ബേക്കറി നിർമ്മാണ പരിശീലനം |
| | | കോയിൽമുക്ക് | ആരോഗ്യസെമിനാർ |
| 15 | കുട്ടനാട് | പുന്നക്കുന്നം | തയ്യൽ പരിശീലനം ഉദ്ഘാടനം |
| 15 | അമ്പൂരി | തേക്കുപാറ | സോപ്പ് സോപ്പുപൊടി നിർമ്മാണം |
| 16 | ആലപ്പുഴ | മണ്ണഞ്ചേരി | ഹരിതവർഷം-ഹരിതഗ്രാമം - ബോധവത്ക്കരണം |
| 16 | കുട്ടനാട് | രാമങ്കരി | ആശാകിരണം - കാൻസർബോധവത്ക്കരണം |
| 16 | കോട്ടയം | ചേപ്പുംപാറ | മേഖല എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| 16 | അമ്പൂരി | ഡാൽമുഖം | സോപ്പ് സോപ്പുപൊടി നിർമ്മാണം |
| 17 | കുട്ടനാട് | കൈനകരി | കാൻസർരോഗ നിർണ്ണയ ക്യാമ്പ് |
| 17 | കുറുമ്പനാടം | കുറുമ്പനാടം | മേഖല എക്സിക്യൂട്ടീവ് |
| 18 | ചങ്ങനാശ്ശേരി | വെരൂർ | മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് |
| 18 | കുട്ടനാട് | പള്ളിക്കൂട്ടുമ്മ | സെമിനാർ -വളർത്തുകൂട്ടം |
| 18 | കൊല്ലം | ആയൂർ | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |
| 18 | അമ്പൂരി | പച്ചക്കാട് | സോപ്പ് സോപ്പുപൊടി നിർമ്മാണം |
| 19 | നെടുംകുന്നം | കൂത്രപ്പള്ളി | ബേക്കറി നിർമ്മാണ പരിശീലനം |
| 19 | എടത്വാ | പച്ച-ചെക്കിടിക്കാട് | മേഖല എക്സിക്യൂട്ടീവ് |
| 19 | കുട്ടനാട് | പള്ളാത്തുരുത്തി | ബേക്കറി നിർമ്മാണ പരിശീലനം |
| 19 | മണിമല | മണിമല | സ്വയംതൊഴിൽ പരിശീലനം |
| 22 | കുട്ടനാട് | പുല്ലങ്ങാടി | കാർപറ്റ് നിർമ്മാണ പരിശീലനം |
| 22 | നെടുംകുന്നം | പനയമ്പാല | തയ്യൽ പരിശീലനം ഉദ്ഘാടനം |
| 23 | കൊല്ലം | ആര്യങ്കാവ് | കാർഷിക സെമിനാർ |
| 25 | ആലപ്പുഴ | പുറക്കാട് | കാർപറ്റ് നിർമ്മാണ പരിശീലനം |
| 25 | നെടുംകുന്നം | നെടുംകുന്നം | ബ്യൂട്ടീഷൻ കോഴ്സ് |
| 25 | എടത്വാ | കരുവാറ്റ | കാർപറ്റ് നിർമ്മാണ പരിശീലനം |
| 26 | ആലപ്പുഴ | തത്തംപള്ളി | കാർപറ്റ് നിർമ്മാണ പരിശീലനം |
| 26 | ചങ്ങനാശ്ശേരി | വടക്കേക്കര | റീജിയണൽ എക്സിക്യൂട്ടീവ് മീറ്റിംഗ് |
| 26 | നെടുംകുന്നം | ചമ്പക്കര | മേഖല എക്സിക്യൂട്ടീവ് |
| 28 | കുട്ടനാട് | മങ്കൊമ്പ് | മെഡിക്കൽക്യാമ്പ് |
| | | പള്ളിക്കൂട്ടുമ്മ | മേഖല എക്സിക്യൂട്ടീവ് |
| 28 | മണിമല | കടയനിക്കാട് | മേഖല എക്സിക്യൂട്ടീവ് |
| 28 | നെടുംകുന്നം | നെടുംങ്ങാടപ്പള്ളി | ബേക്കറി നിർമ്മാണ പരിശീലനം |
| 28 | കുടമാളൂർ | കുടമാളൂർ | EAP |
| 29 | മണിമല | മണിമല | മെഡിക്കൽക്യാമ്പ് |
| 29 | അതിരമ്പുഴ | അതിരമ്പുഴ | റീജിയണൽ എക്സിക്യൂട്ടീവ് മീറ്റിംഗ് |
| 29 | കുടമാളൂർ | മുടിയൂർക്കര | നാട്ടുചന്ത മീറ്റിംഗ് |
| 30 | കുട്ടനാട് | പുന്നക്കുന്നം | ആശാകിരണം- കാൻസർ ബോധവത്ക്കരണം |
| 30 | കൊല്ലം | ഫിൽഗിരി | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2018 മെയ് മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 364. എം.പി. വാസുദേവൻ കൂട്ടക്കര | പങ്ങട | മൈത്രി | കോട്ടയം |
| 365. ജെയ്നമ്മ സാജു തായിപ്രാൽ | അനുഗ്രഹ | പനയമ്പാല | നെടുംകുന്നം |

(2) **മ്യൂച്വൽ ബെനിഫിറ്റ് സ്കീം**

• **മരണാനന്തരസഹായം**

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 158. തോമസ് തോമസ് പൊട്ടുകുളം | ളായിക്കാട് | ചങ്ങനാശ്ശേരി |
| 159. അച്ചാമ്മ കുഞ്ഞൂഞ്ഞ്, കാട്ടുങ്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 160. ജോസഫ് ദേവസ്യാ, മധുപുറം | മാന്നില | കുറുമ്പനാടം |
| 161. ഏലിയാമ്മ ജോസഫ്, അത്തിയാലിൽ | കുളത്തൂർ | മണിമല |
| 162. ജോർജ്ജ് ജോസഫ്, വെള്ളക്കല്ലിൽ | മണിമല | മണിമല |
| 163. നാസർ വി.എ., വെട്ടുകുഴി | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 164. പി.ജെ. ജോസഫ്, കരോട്ട് ഇടയാടിയിൽ | കുമാരനല്ലൂർ | കുടമാളൂർ |

• **ചികിത്സാസഹായം**

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 70. ഫ്രാൻസിസ് ചെറിയാൻ, തുണ്ടുപറമ്പിൽ | പച്ച-ചെക്കിക്കാട് | എടത്വാ |
| 71. ഗ്രെയ്സി ജോർജ്ജ്, നെടിയകാലായിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 72. സുബി ജെഫിൻ, തകടിയേൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 73. മാത്യു ജോസഫ്, കൈതയ്ക്കൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 74. ലാലി ജോർജ്ജ്, വടക്കേചാവേലിൽ | വെട്ടിമുകൾ | അതിരമ്പുഴ |

(4) **ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2018 മെയ് മാസം 1** കുടുംബത്തിന് ചികിത്സാചെലവായി 5550/- രൂപ അനുവദിച്ചു.

| **പേര്** | **യൂണിറ്റ്** | **തുക** |
|---|---|---|
| മാത്യു സെബാസ്റ്റ്യൻ, മുര്യൻകാവുങ്കൽ | കുറുമ്പനാടം | 5550 |

(5) **ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 മെയ് മാസം 23 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 64 അപേക്ഷകർക്ക് 81000/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

### ക്രെഡിറ്റ് യൂണിയൻ സെൻട്രൽ യൂണിറ്റ് വാർഷികം

ചാസ് കേന്ദ്രയൂണിറ്റിന്റെ വാർഷികം ചാസ് കോൺഫ്രൻസ് ഹാളിൽ മെയ് 10 ന് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഓഡിറ്റർ ശ്രീ. കെ.സി. ജോർജ്ജ് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. 96 അംഗങ്ങൾ പങ്കെടുത്തു.

### ചങ്ങാതിക്കൂട്ടം 'കിളിക്കൂട്-2018'

ചാസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ചങ്ങാതിക്കൂട്ടം കുട്ടികൾക്കു വേണ്ടി മെയ് 17, 18 തീയതികളിൽ ചാസ് കേന്ദ്ര ഓഫീസിൽ 'കിളിക്കൂട്-2018' ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചു. എസ് ബി. കോളേജ് MSW, HOD ഡോ. ജോളി

കെ.ജെയിംസ് ഉദ്ഘാടനം നിർവഹിച്ചു. 'ഡി ഫോർ ഡാൻസ്' ഫെയിം ശ്രീ. അജിത്ത് പി. അശോക് സമാപനസമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു. നേതൃത്വ പരിശീലനം, വ്യക്തിത്വ വികസനം, ആശയവിനിമയം, ഗ്രൂപ്പ് ചർച്ചകൾ, വിവിധ കലാകായിക പരിപാടികൾ തുടങ്ങിയവ ക്യാമ്പിന്റെ പ്രത്യേകതകളായിരുന്നു. സെന്റ് ഗ്രിഗോറിയോസ് കോളേജ്, പരുമല, ജെംസ് ആർട്ട്സ് & സയൻസ് കോളേജ് മലപ്പുറം, മാർ അഗസ്റ്റിനോസ് കോളേജ് രാമപുരം എന്നീ കോളേജുകളിലെ MSW വിദ്യാർഥികൾ ക്യാമ്പിന് നേതൃത്വം നൽകി. 38 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**കോഴിക്കൂടും നാടൻ മുട്ടക്കോഴികുഞ്ഞുങ്ങളും വിതരണം ചെയ്തു**

മെയ് 21 ന് ചാസ് കേന്ദ്ര ഓഫീസിൽ വച്ച് 60 ദിവസം പ്രായമായ നാടൻ മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും 25 കോഴികളെ വളർത്താവുന്ന ഹൈടെക് കോഴിക്കൂടും വിതരണം ചെയ്തു. ആവശ്യക്കാർക്ക് ഓർഡർ അനുസരിച്ച് കോഴിക്കൂടും കോഴിക്കുഞ്ഞുങ്ങളെയും സംലഭ്യമാക്കുന്നതാണ്.

**ചാസ് ഖാദി ബ്യൂട്ടീഷൻ കോഴ്സ് സമാപിച്ചു**

കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഖാദി ഗ്രാമവ്യവസായകമ്മീഷൻ ചാസിന്റെ സഹകരണത്തോടെ മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ രണ്ടുമാസം ദീർഘിച്ച ചാസിന്റെ കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച ബ്യൂട്ടീഷ്യൻ കോഴ്സ് സമാപിച്ചു. സ്വയം തൊഴിൽ ആരംഭിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഗവൺമെന്റ് നിരക്ക് ഫീസും കേന്ദ്ര ഗവ. സർട്ടിഫിക്കറ്റും സ്വയം തൊഴിൽ വായ്പയും ഈ കോഴ്സിന്റെ പ്രത്യേകതയാണ്. കോഴ്സിന്റെ അടുത്ത ബാച്ച് 28.05.2018 തിങ്കളാഴ്ച ആരംഭിക്കുമെന്ന് മാനേജർ അറിയിച്ചു. താല്പര്യമുള്ളവർ ബന്ധപ്പെടുക: 9446860737.

## മേഖലാവാർത്തകൾ

**ഭവന നിർമ്മാണത്തിന് സർക്കാർ സഹായം ലഭ്യമാക്കി**

ന്യൂനപക്ഷ സമുദായങ്ങളിലെ വിധവകൾ, വിവാഹ മോചിതർ എന്നിവർക്കായി നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയായ 'ഇമ്പിച്ചി ബാവ' ഭവന നിർമ്മാണ പദ്ധതിവഴി ചാസ് കാവാലം യൂണിറ്റിന്റെ ശ്രമഫലമായി യൂണിറ്റ് അംഗങ്ങളായ 6 വിധവകൾക്ക് ഭവനനിർമ്മാണത്തിന് രണ്ടര ലക്ഷം രൂപ വീതം 15 ലക്ഷം രൂപയും വീടിന്റെ പുനരുദ്ധാരണത്തിന് 4 പേർക്ക് 50,000/- രൂപ വീതം 2 ലക്ഷം രൂപയും ഗ്രാന്റായി ലഭിച്ചു.

**യൂണിറ്റ്/സംഘ/ ഫാർമേഴ്സ് ക്ലബ്/ചങ്ങാതിക്കൂട്ടം വാർഷികങ്ങൾ**

**വെട്ടിമുകൾ** യൂണിറ്റിന്റെയും ജ്യോതിസ് മഹിളാസമാജത്തിന്റെയും സംയുക്ത വാർഷികം ഏപ്രിൽ 24 നും **കോട്ടയ്ക്കപ്പുറം** യൂണിറ്റിലെ മരിയ, സ്നേഹ, നവോദയ എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം ഏപ്രിൽ 26, 27 തീയതികളിലും, **കുളത്തൂർ** യൂണിറ്റിലെ സ്വാശ്രയസംഘങ്ങൾ, ക്രെഡിറ്റ് യൂണിയൻ എന്നിവയുടെ സംയുക്തവാർഷികം ഏപ്രിൽ 28 നും, **കൊടുപ്പുന്ന** യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഹരിതാ ഫാർമേഴ്സ് ക്ലബിന്റെ വാർഷികപൊതുയോഗം മെയ് 6 നും, **കുടമാളൂർ** യൂണിറ്റിൽ പ്രവർത്തിക്കുന്ന പുലരി ചങ്ങാതിക്കൂട്ടത്തിന്റെ വാർഷികം മെയ് 6 നും സംഘടിപ്പിച്ചു.

**വൃക്കരോഗ നിർണ്ണയക്യാമ്പ്**

തൃക്കൊടിത്താനം യൂണിറ്റിന്റെ നേതൃത്വത്തിൽ മെയ് 13 ന് വൃക്കരോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ഫൊറോന ഡയറക്ടർ വെരി. റവ. ഫാ. വർഗ്ഗീസ് കാലായിൽ ഉദ്ഘാടനം നിർവഹിച്ചു. 112 പേർ പങ്കെടുത്തു.

**കാൻസർരോഗ നിർണ്ണയ ക്യാമ്പ്**

**പാറേൽ** ചാസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എറണാകുളം കാൻസർ കെയർ സൊസൈറ്റിയുമായി സഹകരിച്ച് മെയ് 20 ഞായറാഴ്ച രാവിലെ 10.30 മുതൽ പാറേൽ ജെ.എം. എൽ.പി. സ്കൂളിൽ കാൻസർ സ്ക്രീനിംഗ് ക്യാമ്പ് സംഘടിപ്പിച്ചു. 52 പേർ പങ്കെടുത്തു.

**സൗജന്യ നേത്രപരിശോധനാ ക്യാമ്പ്**

തിരുവല്ല ചൈതന്യ ഐ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ കിഴക്കേ മിത്രക്കരി (ഏപ്രിൽ 26), പള്ളാത്തുരുത്തി (മെയ് 6), പനയമ്പാല (മെയ് 12) യൂണിറ്റുകളിൽ സൗജന്യ നേത്രപരിശോധനാക്യാമ്പ് സംഘടിപ്പിച്ചു. ഒരോയൂണിറ്റിലും 98, 91, 60 പേർ പങ്കെടുത്തു.

**മത്സ്യകൃഷി ഉദ്ഘാടനം**

ഏറ്റുമാനൂർ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'മാവേലി' പുരുഷ സ്വയം സഹായസംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച മത്സ്യകൃഷി മെയ് 20 ഞായറാഴ്ച ചാസ് ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും സംഘാംഗവുമായ ശ്രീ. സജി തടത്തിൽ അദ്ധ്യക്ഷതവഹിച്ചു.

**തയ്യൽ മെഷീൻ വിതരണം ചെയ്തു**

**കുടമാളൂർ** യൂണിറ്റിലെ സെന്റ് മേരീസ് സ്വാശ്രയസംഘത്തിലെ അംഗങ്ങൾ സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സംഘാംഗത്തിന് സൗജന്യമായി തയ്യൽ മെഷീൻ വിതരണം ചെയ്തു.

**സ്വാശ്രയസംഘസംഗമം**

**പള്ളാത്തുരുത്തി** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 24 ന് സ്വാശ്രയസംഘസംഗമം നടത്തി. കുടുംബ ബജറ്റിനെക്കുറിച്ച് ശ്രീ. ടോംസ് ആന്റണി ക്ലാസ് നയിച്ചു. 82 അംഗങ്ങൾ പങ്കെടുത്തു.

**കരുവാറ്റ** യൂണിറ്റിൽ ഏപ്രിൽ 27 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയെക്കുറിച്ച് ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. 55 അംഗങ്ങൾ പങ്കെടുത്തു.

**ചേന്നങ്കരി** യൂണിറ്റിൽ ഏപ്രിൽ 27 ന് സ്വാശ്രയസംഘസംഗമം നടത്തി. നേതൃത്വ ഗുണങ്ങളെക്കുറിച്ച് കോ-ഓർഡിനേറ്റർ ബിനു ജോസഫ് ക്ലാസ് നയിച്ചു. 57 അംഗങ്ങൾ പങ്കെടുത്തു.

## ഊർജ്ജിതം–2018

### പുതിയ SHG കളുടെ പരിശീലന പരിപാടി

| തീയതി | മേഖല | യൂണിറ്റ് | പങ്കെടുത്തവർ |
|---|---|---|---|
| മെയ് 4 | നെടുംകുന്നം | പനയമ്പാല | 46 |
| മെയ് 8 | കുട്ടനാട് | കാവാലം | 158 |
| മെയ് 17 | കുടമാളൂർ | കുടമാളൂർ | 48 |
| മെയ് 18 | കൊല്ലം | മീൻകുളം | 96 |
| മെയ് 22 | മണിമല | കരിമ്പനക്കുളം | 154 |

### പുരുഷസ്വാശ്രയസംഘ സംഗമം

| തീയതി | മേഖല | യൂണിറ്റ് | പങ്കെടുത്തവർ |
|---|---|---|---|
| മെയ് 6 | അതിരമ്പുഴ | അതിരമ്പുഴ | 55 |
| മെയ് 11 | ആലപ്പുഴ | ആറാട്ടുവഴി | 44 |
| മെയ് 20 | കോട്ടയം | പങ്ങട | 94 |

### സ്വാശ്രയ സംഘരൂപീകരണം

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 30.04.2018 | ഗ്ലോറിയ | നാൽപ്പാത്തിമല | 10 |
| 16.05.2018 | പ്രിയദർശിനി | കുളത്തൂർ | 17 |
| 16.05.2018 | സ്നേഹജീവൻ | മുട്ടാർ ഓൾഡ് | 11 |
| 16.05.2018 | സഹൃദയ | എ മുട്ടാർ ഓൾഡ് | 16 |
| 16.05.2018 | അർച്ചന | മുട്ടാർ ഓൾഡ് | 14 |
| 16.05.2018 | ജീവാലയ | മുട്ടാർ ഓൾഡ് | 15 |
| 22.05.2018 | റോസ് | തൃക്കൊടിത്താനം | 20 |
| 22.05.2018 | വിമല | കൊടിനാട്ടുകുന്ന് | 15 |

### ജലസംരക്ഷണ ബോധവത്ക്കരണ സെമിനാർ

തൃക്കൊടിത്താനം യൂണിറ്റും തണൽ റസിഡൻഷ്യൽ അസ്സോസിയേഷനും സംയുക്തമായി ജലസംരക്ഷണത്തെക്കുറിച്ച് മെയ് 24 ന് സെമിനാർ നടത്തി. ശ്രീ. ജോസ് തോമസ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി ക്ലാസ് നയിച്ചു. ചാസ് എൻആർഎം ഇൻചാർജ്ജ് ശ്രീ. ബൈജു സേവ്യർ ജലസംഭരണ മാർഗ്ഗങ്ങളെക്കുറിച്ച് വിശദീകരിച്ചു. റസിഡൻഷ്യൽ അസ്സോസിയേഷൻ ഭാരവാഹികൾ നേതൃത്വം നൽകി.

### സർട്ടിഫിക്കറ്റ് വിതരണം

ചാസ് ഖാദി ഗ്രാമവ്യവസായ വകുപ്പുമുഖേന സ്വയംതൊഴിൽ പരിശീലനത്തിന്റെ ഭാഗമായി കരിമ്പനക്കുളം യൂണിറ്റിൽ നടത്തിവന്ന ബേക്കറി നിർമ്മാണ പരിശീലനം പൂർത്തിയാക്കിയ 24 അംഗങ്ങൾക്ക് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

### കൂരോപ്പട 'സൂര്യ' SHG യുടെ 1000–മത് സമ്മേളനം

കൂരോപ്പട യൂണിറ്റിൽ പ്രവർത്തിക്കുന്ന 'സൂര്യ' SHG യുടെ ആയിരാമത്തെ

ആഴ്ച സമ്മേളനം ചാസ് ഡയറക്ടറുടെ സാന്നിധ്യത്തിൽ കൂടി. കഴിഞ്ഞ 20 വർഷമായി പ്രവർത്തിക്കുന്ന സംഘത്തിൽ നാനാജാതി മതസ്ഥരായ സ്ത്രീകൾ അംഗങ്ങളാണ്. യൂണിറ്റ്, മഹിളാസമാജം ഭാരവാഹികളും മെയ് 25 വെള്ളിയാഴ്ച കൂരോപ്പടയിൽ വച്ച് കൂടിയ മീറ്റിംഗിൽ പങ്കെടുത്തു.

### ആശാകിരണം
### സ്പർശം

**വെട്ടിമുകൾ** യൂണിറ്റിൽ ഏപ്രിൽ 24 ന് ആശാകിരണം സ്പർശം പദ്ധതി യുടെ ഭാഗമായി 2500/- രൂപവീതം 5 അംഗങ്ങളിൽനിന്നും വിഗ് നിർമ്മിക്കുന്ന തിനായി 12500/- രൂപ സംഭാവന ലഭിച്ചു.

**കുളത്തൂർ** യൂണിറ്റിൽ ഏപ്രിൽ 28 ന് ആശാകിരണം സ്പർശം പദ്ധതി യുടെ ഭാഗമായി 8500/- രൂപ 6 സ്വാശ്രയസംഘങ്ങളിൽനിന്നും വിഗ് നിർമ്മിക്കു ന്നതിനായി സംഭാവന ലഭിച്ചു.

### കാൻസർ ബോധവത്ക്കരണം

| തീയതി | സ്ഥലം | ക്ലാസ് നയിച്ചത് | പങ്കെടുത്തവർ |
|---|---|---|---|
| 27.04.2018 | കരുവാറ്റ | ശ്രീമതി ബിന്ദു തോമസ് | 58 |

### തയ്യൽ പരിശീലനം

**പച്ച ചെക്കിടിക്കാട്** യൂണിറ്റിൽ ഏപ്രിൽ 23 നും നാൽപ്പാത്തിമല യൂണി റ്റിൽ മെയ് 14 നും 4 മാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനം ആരംഭിച്ചു. യഥാക്രമം 40, 24, വനിതകൾ പങ്കെടുത്തുവരുന്നു.

## മറ്റ് പരിശീലന പരിപാടികൾ

### കുടനിർമ്മാണം

| *തീയതി* | *യൂണിറ്റ്* | *പരിശീലക* | *അംഗങ്ങൾ* |
|---|---|---|---|
| മെയ് 5 | പാമ്പാടി | ഗ്രേയ്സമ്മ ജോസഫ് | 25 |
| മെയ് 7 | കൊടിനാട്ടുകുന്ന് | സജി ഷാജി | 16 |
| മെയ് 10 | ചെറുവാണ്ടൂർ | സജി ഷാജി | 25 |

### തേനീച്ച വളർത്തൽ

| | | | |
|---|---|---|---|
| മെയ് 15 | പെരുങ്കാവ് | ശ്രീ. ഡൊമിനിക്ക് (ബീ കീപ്പിംഗ് എക്സ്റ്റൻഷൻ ഓഫീസർ) | 25 |

### കാർപ്പറ്റ് നിർമ്മാണം

| | | | |
|---|---|---|---|
| മെയ് 8 | കൊടുപ്പുന്ന | ശ്രീമതി ആൻസി ലോനിച്ചൻ | 35 |

### ജാം നിർമ്മാണം

| | | | |
|---|---|---|---|
| മെയ് 18 | നാലുകോടി | ശ്രീമതി സജി ഷാജി | 17 |

# ആത്മതാകേന്ദ്രം

**മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം**

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ. ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്നവിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്ന കാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

**ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം**

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലുടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുപ്ലേച്ചംകളം, ഫാ. തോമസ് താന്നിയത്ത്, എന്നിവരുടെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസപിറ്റൽ എം.ഡി. ഡോ. എസ്. ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന് നല്കി വരുന്നു. അടുത്ത **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം** 2018 ജൂൺ 21 മുതൽ ജൂൺ 24 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല**
**ഫോൺ നമ്പർ : 0469 2693413, 2690414, 9495193406**

**ഫാ. തോമസ് താന്നിയത്ത്**
ഡയറക്ടർ

*NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാതലത്തിലും, ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : 0481 2411819 / 8921505386*

# ദലിത് കത്തോലിക്കാ മഹാജനസഭ

### യുവജന ത്രിദിന ക്യാമ്പ്

DCYL അതിരൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ യുവജന വിദ്യാർത്ഥി ക്യാമ്പ് 2018 മെയ് 11, 12, 13 തീയതികളിലായ് കുന്നന്താനം സെഹിയോൻ ധ്യാന കേന്ദ്രത്തിൽ നടന്നു. 11.5.2018 വെള്ളിയാഴ്ച 7 പി. എം. ന് അഭിവന്ദ്യ പിതാവ് മാർ തോമസ് തറയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 13-ാം തീയതി 2.30 പി. എം.ന് ക്യാമ്പ് സമാപിച്ചു.

DCYL അതിരൂപതാ കമ്മറ്റിയുടെ തെരഞ്ഞെടുപ്പു ക്യാമ്പിനോടനുബന്ധിച്ചു നടന്നു. 12-ാം തീയതി 7 പി. എം. നു അതിരൂപതാ ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരിയുടെ നേതൃത്വത്തിലാണ് തെരഞ്ഞെടുപ്പു നടന്നത്.

| | |
|---|---|
| പ്രസിഡന്റ് | - **ശ്രീ. ഷൈജു ജോസഫ് ചീരന്തറ ചമ്പക്കുളം** |
| വൈ. പ്രസിഡന്റ് | - **കുമാരി അനുമോൾ ഫിലിപ്പ് അരുവിക്കുഴി** |
| സെക്രട്ടറി | - **ലിബിൻ ജോസഫ് കായൽപ്പുറം** |
| ജോ. സെക്രട്ടറി | - **ജിബിൻ സാബു** |
| ഖജാൻജി | - **സോബിൻ ജോർജ് ഇരവിനല്ലൂർ** |

കമ്മറ്റിയംഗങ്ങളായി ജിത്തു ജോസഫ്, ഷൈൻ പീറ്റർ, ജിത്തു ലൂയീസ്, പയസ് കെ. ജെയിംസ്, ആരോമൽ പീറ്റർ, സ്വാതി സി.എം., റോസമ്മ ജോയി, ആതിര മാത്യു, ജിസ്മി കെ., പ്രിയങ്ക ബെന്നി എന്നിവരെയും തെരഞ്ഞെടുത്തു.

### DCMS പ്രഥമ കൗൺസിൽയോഗം

DCMS അതിരൂപത പ്രഥമ കൗൺസിൽ യോഗം 13.5.18 ഞായറാഴ്ച ഉച്ച കഴിഞ്ഞു 2.30 പി. എം. ന് ഡയറക്ടർ ഫാ. ജെസ്റ്റിൻ കായംകുളത്തുശ്ശേരിയുടെ നേതൃത്വത്തിലും പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കലിന്റെ അദ്ധ്യക്ഷതയിലും സന്ദേശനിലയം ഹാളിൽ നടന്നു. ഈ സമ്മേളനത്തിൽവെച്ച് DCMS ന്റെ സംസ്ഥാന പ്രസിഡന്റായ് തെരഞ്ഞെടുക്കപ്പെട്ട ജെയിംസ് ഇലവുങ്കലിനെ പൊന്നാട അണിയിച്ചു ആദരിച്ചു. 4.30 പി. എം. നു യോഗം അവസാനിച്ചു.

### ദലിത് ശക്തീകരണപോളിസി

2016 ഏപ്രിൽ 27 മുതൽ 29 വരെ ബാംഗ്ലൂരിൽ നടന്ന സിബിസിഐ യുടെ സമ്മേളനത്തിൽവെച്ചു സിബിസിഐ അംഗീകരിച്ച ദലിത് ശക്തീകരണ നയ രേഖ ശുപാർശകൾ അതിരൂപതാ തലത്തിൽ നടപ്പാക്കുന്നതിനെ സംബന്ധിച്ച സെമിനാർ 2018 ജൂൺ 17-ാം തീയതി നടക്കും.

### DCMS യൂണിറ്റു സന്ദർശനം

യൂണിറ്റുതലം മുതലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായ് അതിരൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ 2018 ജൂലൈ 1-ാം തീയതി മുതലുള്ള ഞായറാഴ്ചകളിൽ ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കും.

**വിദ്യാർത്ഥി ക്യാമ്പ്**

7, 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന ദലിത് കത്തോലിക്കരായ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് മെയ് 24,25,26 തീയതികളിലായ് ത്രിദിന വിദ്യാർത്ഥി ക്യാമ്പ് പാസ്റ്ററൽ സെന്ററിൽ നടക്കും.

**എൻട്രൻസ് കോച്ചിംഗ്**

DCMS യൂണിറ്റുകളിലെ +2 സയൻസ് പാസ്സായ വിദ്യാർത്ഥികളെ കണ്ടെത്തി എൻട്രൻസ് കോച്ചിംഗ് നൽകുന്നതിന് അതിരൂപതാ വൈസ് പ്രസിഡന്റ് സിജോ ജേക്കബ്, മിനി റോയി എന്നിവരെ ചുമതലപ്പെടുത്തി.

**ഫൊറോനാ തിരഞ്ഞെടുപ്പ്**

DCMS ന്റെ ഫൊറോന തിരഞ്ഞെടുപ്പ് നടക്കാനിരുന്ന അതിരമ്പുഴ, പുളിങ്കുന്ന് ഫൊറോനകളിലെ തെരഞ്ഞെടുപ്പ് അടുത്തമാസം നടത്തും.

സ്നേഹപൂർവ്വം,

**മാത്യു ജോസഫ്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ 2018 ജൂൺ മാസത്തിലെ പ്രോഗ്രാം

| | | | |
|---|---|---|---|
| ജൂൺ | 4–6 | : | വിവാഹ ഒരുക്കധ്യാനം |
| ,, | 8–10 | : | ആന്തരികസൗഖ്യ ധ്യാനം (വെള്ളി 8:00 a.m. - ഞായർ 3.00 p.m.) |
| ,, | 11–14 | : | കെരിഗ്മാ കോഴ്സ് (തിങ്കൾ 2:00 p.m. - വ്യാഴം 4:00 p.m.) |
| ,, | 13 | : | നിശാരാധന (6:00 p.m. - 10:00 p.m.) |
| ,, | 18–21 | : | കെരിഗ്മാ കോഴ്സ് (തുടർച്ച തിങ്കൾ 9:00 a.m. - വ്യാഴം 4:00 p.m.) |
| ,, | 21 | : | അഖണ്ഡ ജപമാല (10:00 a.m. - 2:00 p.m.) |
| ,, | 22 | : | ജാഗരണ പ്രാർത്ഥന |
| ,, | 24–28 | : | വിശ്വാസാനുഭവധ്യാനം (ഞായർ 5:00 p.m. - വ്യാഴം 2:00 p.m.) |

**ഫാ. മാത്യു താന്നിയത്ത്**
*(ഡയറക്ടർ)* 9446903631

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

സി.സി. യുടെ 64-ാമതു വാർഷിക സമ്മേളനം ഓരോ വിൻ സെൻഷ്യൻ അംഗങ്ങളുടെയും സാന്നിദ്ധ്യംകൊണ്ടും, സഹകരണംകൊണ്ടും പ്രാർത്ഥന കൊണ്ടും വിജയപ്രദമാക്കിയതിനുള്ള നന്ദി ആദ്യമെതന്നെ അറിയിച്ചുകൊള്ള ട്ടെ. തീർച്ചയായും പരിശുദ്ധാരൂപിയുടെ കൃപയും, നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കാരുണ്യവും, പിതാവായ ദൈവത്തിന്റെ അനുഗ്രഹവും ആദ്യന്തം നമ്മുടെകൂടെയുണ്ടായിരുന്നു. നമുക്കു നമ്മുടെ പ്രവർത്തനത്തെ ത്തന്നെ പരിശോധിച്ചിട്ട്, കുറവുകൾ മനസിലാക്കി മുമ്പോട്ടു പോകുവാനുള്ള മികവ് സർവ്വശക്തൻ പ്രദാനം ചെയ്യട്ടെയെന്നു പ്രാർത്ഥിക്കുന്നു. "ഭൂമിയിൽ ദരി ദ്രർ എന്നുമുണ്ടായിരിക്കും. ആകയാൽ നിന്റെ നാട്ടിൽ വസിക്കുന്ന അഗതിയും, ദരിദ്രനുമായ നിന്റെ സഹോദരനുവേണ്ടി കൈയയച്ചു കൊടുക്കുക എന്നു ഞാൻ നിന്നോടു കൽപ്പിക്കുന്നു"(നിയമാവർത്തനം 15:11).

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പുനഃപരിശോധന നടത്തു വാൻ ആഗ്രഹിച്ചു. ദേശീയമായ വ്യാഖ്യാനങ്ങളിലോ, മാർഗ്ഗനിർദ്ദേശങ്ങളിലോ ആണ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ദൗത്യവും അരൂപിയും പ്രാദേ ശിക ഭാഷയിൽ പുനർനിർവ്വചിക്കുന്ന പ്രഖ്യാപനം പരാമർശിക്കപ്പെടുക. യഥാർത്ഥത്തിൽ സൊസൈറ്റിയുടെ അംഗങ്ങൾ, തങ്ങൾ സഹായിക്കുന്ന പാവ ങ്ങളുടെ സേവനത്തിൽ അനുദിനം നിർവ്വഹിക്കുന്ന പ്രവർത്തനം ഈ പ്രകട മായ ശൈലിയിലായിരിക്കും. ഓരോ വിൻസെന്റ് ഡി പോൾ പ്രവർത്തകർക്കും അതു ഹൃദയഹാരിയായിരിക്കും. കാലത്തിനും പ്രദേശത്തിനുമനുസിച്ചു അതു മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ അതിനു പ്രചോദനം നൽകുന്ന ആത്മീയത വഴി അതിന്റെ സവിശേഷത എന്നും നിലനിർത്തുന്നു.

പാവപ്പെട്ടവരുമായി വ്യക്തിബന്ധം പുലർത്തിയപ്പോൾ ഉപവി നീതിയുടെ അവകാശങ്ങളിൽനിന്നും വേർതിരിക്കാനാകാത്തതെന്നു മനസിലാക്കുവാൻ സാധിച്ചു. പാവങ്ങൾക്കു നീതി ലഭിക്കുവാൻ വേണ്ടി കഴിവിന്റെ പരമാവധി പരി ശ്രമിക്കണം. എന്നാൽ എപ്പോഴും നീതി ലഭ്യമാവുക സാധ്യമായെന്നു വരിക യില്ല. എങ്കിലും നമ്മുടെ കഴിവിനനുസരിച്ചു പ്രവർത്തിക്കുക എന്നതു നമ്മുടെ ധർമ്മമാണെന്നു മാത്രം മനസിലാക്കുക.

**പ്രചോദനവും ലക്ഷ്യവും**

വിൻസെൻഷ്യൻ ദൈവവിളിയുടെ ഉറവിടം മാനുഷീകവും ദൈവീകവുമാ ണ്. മറ്റു മനുഷ്യരുടെ ദുരിതങ്ങൾ കാണുമ്പോൾ അനുഭവപ്പെടുന്ന മനോ വ്യഥയും സ്വാഭാവീകമായുണ്ടാകുന്ന അനുകമ്പയുടെ പ്രതികരണവും, നമ്മുടെ സഹോദരന്മാർ അനീതിക്കിരയാകുന്നതു കാണുമ്പോൾ ഉള്ളിൽ ജ്വലിക്കുന്ന രോഷവുമാണത്. ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി മാനവസാഹോദര്യത്തിന്റെ പ്രത്യാശ നിറഞ്ഞ സന്ദേശത്തിന്റെ വാഹകരായ അവർ ദാരിദ്ര്യവും പീഡന ങ്ങളുമനുഭവിക്കുന്നവർ, ക്രിസ്തുവിന്റെ സാന്നിദ്ധ്യമുണ്ടെന്ന രഹസ്യത്തിൽ വിശ്വസിച്ചുകൊണ്ട് അവരുടെ കുരിശു വഹിക്കുന്നു.

ഈ ദൈവവിളി വിവിധ മാർഗ്ഗങ്ങളിലും വ്യത്യസ്ഥരൂപങ്ങളിലും പ്രകടമാക്കാം. പ്രത്യക്ഷമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുക, ആദ്ധ്യാത്മീകമായ ധ്യാനങ്ങളിൽ പങ്കുചേരുക, വ്യത്യസ്ഥവും മാറിക്കൊണ്ടിരിക്കുന്നതുമായ ലോകത്തോട് ഇണങ്ങിചേരുക, ഇവയെല്ലാം ഓരോ വിൻസെൻഷ്യരുടെയും ജീവിതനയങ്ങളാണ്. ആരംഭത്തിൽ ഓസാനാമിന്റെ കാലത്ത് ദരിദ്രരെ അവരുടെ ഭവനങ്ങളിൽ ചെന്നാണ് ഇത് പ്രകടമാക്കിയിരുന്നത്. അത് വിൻസെൻഷ്യൻ പ്രവർത്തനങ്ങളുടെ മൂലരൂപമാണ്. ദുരിതമനുഭവിക്കുന്നവരുമായി അത് ഏതു തരത്തിലുമുള്ളതാണെങ്കിലും, മേധാവിത്വമനോഭാവത്തിന്റെ ലാഞ്ചനപോലുമില്ലാതെ, പരസ്പരവിശ്വാസത്തിന്റെ മനോഭാവത്തിൽ വ്യക്തികളോടും, ഭവനങ്ങളോടും ആദരവു പങ്കിട്ടുകൊണ്ട് സ്നേഹത്തോടെ പെരുമാറുക.

**ദളിത് ഭവനനിർമ്മാണ പദ്ധതി**

അഭിവന്ദ്യ മുരിക്കൻ പിതാവിന്റെ നിർദ്ദേശപ്രകാരം, അതിരൂപതയുടെ സഹകരണത്തോട് രണ്ടു ഭവനങ്ങളുടെ നിർമ്മാണചുമതല നാം ഏറ്റെടുത്തിട്ടുണ്ട്. ഓരോ കോൺഫ്രൻസുകളും 1500 രൂപാ വീതം ആയതിലേക്കു നൽകണമെന്നു നിർദ്ദേശിച്ചിരുന്നു. ജൂനിയർ കോൺഫ്രൻസുകളെ ഒഴിവാക്കിക്കൊണ്ട് ബാക്കി ഏതെങ്കിലും കോൺഫ്രൻസുകൾ ആ തുക നൽകുവാനുണ്ടെങ്കിൽ എ. സി. പ്രസിഡന്റുമാർ മുഖേന ഉടനെതന്നെ കൊടുക്കണമെന്നു താല്പര്യപ്പെടുന്നു.

**ഓഖിദുരന്തം**

നമ്മുടെ അതിരുപതയോടു ചേർന്ന് കിടക്കുന്ന പ്രദേശത്തെ സാധാരണക്കാർ പ്രകൃതിക്ഷോഭത്തിനിരയാകുമ്പോൾ അതു കണ്ടില്ലെന്നു നടിക്കുക പ്രയാസമുള്ള കാര്യമാണ്. യഥാർത്ഥത്തിൽ അവരുടെ വിഷമതകൾ നേരിൽ കാണുമ്പോൾ, നാം ചിന്തിക്കുന്നതിൽനിന്ന് പത്തിൽമടങ്ങ് വലുതാണെന്നു മനസ്സിലാക്കുവാൻ സാധിക്കും. നാളിതുവരെ ലഭിച്ച 123000/- (ഒരു ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ അർഹിക്കുന്ന സഹായകാംഗങ്ങൾക്ക് ഏല്പിച്ചുകൊടുത്തിട്ടുണ്ട്. ഒരു ഞായറാഴ്ചത്തെ രഹസ്യപ്പിരിവാണ് ഓരോ കോൺഫ്രൻസുകളോടും അതിനായി ആവശ്യപ്പെട്ടിരുന്നത്. ഏതെങ്കിലും കോൺഫ്രൻസുകൾ കാര്യഗൗരവം മനസിലാക്കാതെ കൊടുക്കുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ, എ. സി. പ്രസിഡന്റുമാർ മുഖാന്തിരം അതുകൂടി കൊടുക്കണമെന്നു നിർദ്ദേശിക്കുന്നു.

**സി. സി മീറ്റിംഗ്**

അടുത്ത സി. സി. മീറ്റിംഗ് 2018 ജൂലൈ മാസം 14-ാം തീയതി (രണ്ടാം ശനി) നടത്തപ്പെടുന്നതാണ്. എല്ലാ സി. സി. ഭാരവാഹികളുടെയും എ. സി. പ്രസിഡന്റുമാരുടെയും സാന്നിദ്ധ്യം തദവസരത്തിൽ ഉണ്ടാകണം.

കാരുണ്യവാനായ ദൈവം നമ്മുടെ ഓരോരുത്തരുടെയും പ്രവർത്തനങ്ങൾക്ക് കൂടുതൽ മികവേകുന്നതുവഴി നമ്മെ ഓരോരുത്തരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

എന്ന്, ഈശോയിൽ സ്നേഹത്തോടെ,

**ബ്രദർ. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**

സി. സി. പ്രസിഡന്റ്

## കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത-അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതലകൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേകസ്മാരകമായി തുടക്കംകുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2018 മാർച്ച് മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരുംമാസങ്ങളിലെ പ്രധാന പരിപാടികളും.

**പാലിയേറ്റീവ് കെയർ വാർഷികവും സന്നദ്ധപ്രവർത്തക സംഗമമവും**

മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിക്ഷേക സ്മാരകമായി 2017-ൽ തുടക്കം കുറിച്ച മാർ കാവുക്കാട്ട് പാലിയേറ്റീവ് ഫാമിലി ഹെൽത്ത് കെയറിന്റെ പ്രഥമവാർഷികവും പാലിയേറ്റീവ് സന്നദ്ധപ്രവർത്തക സംഗമവും 2018 ഏപ്രിൽ 28 ശനി രാവിലെ മുതൽ സന്ദേശനിലയത്തിൽ വച്ച് നടന്നു. പാലിയേറ്റീവ് കെയർ പദ്ധതികളെ ഇടവകയിലെ പ്രതിനിധികൾ, പദ്ധതി നടത്താൻ ആഗ്രഹിക്കുന്ന ഇടവകകളിലെ പ്രതിനിധികൾ, വിവിധ സംഘടനാ പ്രതിനിധികൾ ഉൾപ്പെടെ 130 ഓളം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു. ഡോ. വിജയാ പുതുശ്ശേരിൽ എംഎംഎസ് ന്റെ നേതൃത്വത്തിൽ പദ്ധതി അവലോകനവും പരിശീലനവും നടന്നു. 12 മണിക്ക് നടന്ന വാർഷികസമ്മേളനത്തിൽ മാർ തോമസ് തറയിൽ ഉദ്ഘാടനവും നിർവ്വഹിച്ച് സന്ദേശം നൽകി. കാരുണ്യത്തിന്റെ സന്ദേശം മറ്റുള്ളവരിലേയ്ക്ക് എത്തിക്കാനും അത് പ്രവർത്തിപഥത്തിൽ കാണിച്ചുകൊടുക്കാനും എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. സഭയ്ക്കുള്ളിലും പുറത്തും ഉണ്ടാകുന്ന എല്ലാ പ്രതിസന്ധികളും അതിജീവിക്കാൻ കാരുണ്യപ്രവർത്തികൾ വഴിയുള്ള ദൈവാനുഗ്രഹം ഏറെ പ്രയോജനം ചെയ്യുമെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

**പെന്തക്കോസ്ത് - 2018**

കെയർ ഹോം ഫെല്ലോഷിപ്പ് CFCA യുടെയും മാർ കാവുകാട്ട് പാലിയേറ്റീവ് ആൻഡ് ഫാമിലി ഹെൽത്ത് കെയറിന്റെയും സംയുക്താഭിമുഖ്യത്തിൽ 2018 മെയ് 13 മുതൽ 20 വരെ പെന്തക്കോസ്ത് - 2018 എന്ന പേരിൽ ജീവകാരുണ്യ-പ്രേക്ഷിതത്വ സമർപ്പണവാരാചരണം സംഘടിപ്പിച്ചു. മെയ് 19 ന് നടന്ന അതിരൂപതാദിനാചരണത്തോടും പെന്തക്കോസ്ത തിരുനാളിനോടുമനുബന്ധിച്ച് കെയർ ഹോമുകളിലും പാലിയേറ്റീവ് യൂണിറ്റുകളും കേന്ദ്രീകരിച്ചാണ് പരിപാടികൾ സംഘടിപ്പിച്ചത്. പ്രാർത്ഥനാകൂട്ടായ്മകൾ, പതാക ഉയർത്തൽ, സമർപ്പണ പ്രാർത്ഥനായജ്ഞം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, സന്ദർശനങ്ങൾ തുടങ്ങി നിരവധി പരിപാടികൾ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ചു.

**സമരിറ്റൻ പ്രയർമീറ്റ്**

ചങ്ങനാശ്ശേരി അതിരൂപതയിലെ പാലിയേറ്റീവ് കെയർ-കെയർ ഹോം

ഫെല്ലോഷിപ്പ് ശുശ്രൂഷകളുടെ വിജയത്തിനും പ്രാർത്ഥനാ പിന്തുണയുമായി എല്ലാ മാസവും അഭിവന്ദ്യ തറയിൽ പിതാവിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പ്രത്യേക പ്രാർത്ഥനാകൂട്ടായ്മയാണ് സമരിറ്റൻ പ്രയർ മീറ്റ്. ഈ വർഷത്തെ 4-ാമത്തെ പ്രാർത്ഥനാകൂട്ടായ്മ 2018 മെയ് 23-ാം തീയതി ബുധനാഴ്ച 6:30 പി. എം. മുതൽ 8:30 പി. എം. വരെ പാറേൽ സേവാ നികേതൻ തിരുഹൃദയ നിവാസ് സ്കൂളിൽവച്ച് നടന്നു. പാറേൽ വികാരി റവ. ഫാ. ജേക്കബ് വാരിക്കാട്ട്, റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ, സി. ഫ്ളവർ ടോം തുടങ്ങിയവർ പ്രാർത്ഥനാ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകി. പ്രവർത്തനസഹകാരികളും കൂട്ടായ്മയിലെ അംഗങ്ങളുമായ 70 ഓളം പേർ കൂട്ടായ്മയിൽ പങ്കെടുത്തു.

### (CFCA) എക്സിക്യൂട്ടീവ് മീറ്റിംഗ്

CFCA യുടെ അതിരൂപത എക്സിക്യൂട്ടീവിന്റെ പ്രത്യേകയോഗം 2018 മെയ് 11-ാം തീയതി വെള്ളിയാഴ്ച അതിരൂപതാ ഓഫീസിൽ വച്ച് കൂടി. റിപ്പോർട്ട്, കണക്ക് അവതരിപ്പിച്ച് പാസ്സാക്കി. നിലവിലെ എക്സിക്യൂട്ടീവിന്റെ കാലാവധി അവസാനിപ്പിച്ചതിനാൽ അഭി. പിതാവിന്റെ നിർദ്ദേശപ്രകാരം പുതിയ എക്സിക്യൂട്ടീവ് രൂപീകരിക്കാനും കൂടുതൽ പ്രവർത്തനങ്ങൾ എല്ലാ മേഖലകളിലും നടപ്പിലാക്കാനും തീരുമാനിച്ചു. സ്ഥലം മാറി പോകുന്ന ട്രഷറർ സി. ക്രിസ്റ്റ എസ്ഡി യിക്ക് നന്ദി പ്രകടിപ്പിച്ചു. ഫാ. സോണി മുണ്ടുനടയ്ക്കൽ, സി. മാലിനി എൽഎസ്ഡിപി, ശ്രീ. ജോസഫ് പുതുജീവൻ, ശ്രീ. സണ്ണി ഇടിമണ്ണിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

### സി. ബി. സി. ഐ. മീറ്റിംഗ്

കെയർ ഹോംസ്, സ്പെഷ്യൽ സ്കൂൾ ദേശീയ കോൺഗ്രസുമായി ബന്ധപ്പെട്ട് തക്കലയിൽ വച്ച് സി. ബി. സി. ഐ. സംഘടിപ്പിച്ച ദ്വിദിന സമ്മേളനത്തിൽ സി. പ്രശാന്തി സിഎംസി പങ്കെടുത്തു.

### ഫ്രണ്ട്സ് ഓഫ് തിരുഹൃദയനിവാസ്

പാറേൽ തിരുഹൃദയനിവാസ് സ്പെഷ്യൽ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ അൽമായ സഹകരണവും പൊതുജനപങ്കാളിത്തവും ഉണ്ടാവുക എന്ന ലക്ഷ്യവുമായി ഫ്രണ്ട്സ് ഓഫ് തിരുഹൃദയനിവാസ് കൂട്ടായ്മ രൂപീകരിച്ചു. ഫാ. സോണി മുണ്ടുനടയ്ക്കൽ, ജോമോൻ തോമസ്, സി. ഫ്ളവർ ടോം തുടങ്ങിയവർ നേതൃത്വം നൽകി. കോ-ഓർഡിനേറ്റർമാരായി ശ്രീ. ജോമി മാത്യു പനംപറമ്പിൽ, ശ്രീ. ജോൺ മാറാട്ടുകളം തുടങ്ങിയവരെ തിരഞ്ഞെടുത്തു.

സ്നേഹത്തോടെ

**റവ. ഡോ. സോണി മുണ്ടുനടയ്ക്കൽ**
(ഡയറക്ടർ)

കൂടുതൽ വിവരങ്ങൾക്ക്: 9961049933, 9946000599

# കെ. സി. എസ്. എൽ.

ഈശോയിൽ സ്നേഹം നിറഞ്ഞ കെ.സി.എസ്.എൽ. അംഗങ്ങളേ,

സന്തോഷപ്രദമായ അവധിക്കാലത്തിനുശേഷം പുതിയ വിദ്യാലയവർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. എല്ലാ വിജയാശംസകളും പ്രാർത്ഥനാപൂർവ്വം ഏവർക്കും നേരുന്നു. അന്ധകാരത്തെ അകറ്റി പ്രകാശിതരാകാൻ വിദ്യാഭ്യാസ പ്രക്രിയയിൽ വളരെ സജീവമായി നമുക്കു പങ്കാളികളാകാം. വലിയ അവധിക്കാലം ഫലപ്രദമായി ഉപയോഗിച്ചു എന്നു കരുതുന്നു. എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കി മിന്നും പ്രകടനം കാഴ്ചവെച്ച എല്ലാ KCSL അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

2018-19 അദ്ധ്യയന വർഷത്തിലേക്കുള്ള 31 അംഗ KCSL സ്കൂൾ ഭാരവാഹികളെ ജൂൺ രണ്ടാമത്തെ ആഴ്ചയ്ക്കുമുമ്പായി തെരഞ്ഞെടുക്കേണ്ടതാണ്.

**ലീഡർഷിപ്പ് ക്യാമ്പ്:-** 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ലീഡർഷിപ്പ് ക്യാമ്പും, സ്റ്റുഡൻസ് കൗൺസിൽ തെരഞ്ഞെടുപ്പും ജൂൺ 22, 23, 24 (വെള്ളി, ശനി, ഞായർ) തീയതികളിൽ എസ്.ബി. എച്ച്.എസ്.എസ്.-ൽ വച്ച് നടത്തപ്പെടുന്നു. യു.പി., എച്ച്.എസ്., എച്ച്.എസ്.എസ് വിഭാഗങ്ങളിൽനിന്നും 2 കുട്ടികളെ വീതം ഓരോ സ്ക്കൂളിൽനിന്നും പങ്കെടുപ്പിക്കാം. പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ജൂൺ 15നു മുമ്പായി കെ.സി.എസ്.എൽ. ഓഫീസിൽ അറിയിക്കണം. 2018-19 അദ്ധ്യയനവർഷത്തെ അതിരൂപത കെ.സി.എസ്.എൽ. പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും ജൂൺ 29-ാം തീയതി ചങ്ങനാശ്ശേരി എസ്.ബി. എച്ച്.എസ്.എസ്. -ൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ആനിമേറ്റേഴ്സും, അതിരൂപത വിദ്യാർത്ഥി ഭാരവാഹികളും നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്. പ്രസ്തുത സമ്മേളനത്തിൽ 2018-19 അദ്ധ്യായനവർഷത്തെ പഠനവിഷയം പരിചയപ്പെടുത്തുന്നതാണ്. ആനിമേറ്റേഴ്സിനു ഉച്ചഭക്ഷണം ക്രമീകരിച്ചിരിക്കുന്നതുമാണ്. കുട്ടികൾ അവരുടെ ഭക്ഷണം കൊണ്ടുവരേണ്ടതാണ്.

**പ്രതിഭാസംഗമം:-** എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ ഉന്നതനിലയിൽ പാസ്സായ കഴിഞ്ഞ അദ്ധ്യയനവർഷത്തെ ഏറ്റവും മികച്ച ഒരു സജീവ അംഗത്തിന്റെ പേര് എല്ലാ സ്കൂളുകളും ജൂൺ 18നു മുൻപ് കെ.സി.എസ്.എൽ. ഓഫീസിൽ എത്തിക്കണം. പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ, ആനിമേറ്റേഴ്സ്, സ്റ്റുഡൻസ് ലീഡേഴ്സ് എന്നിവരുടെ പേരുകൾ എഴുതി ഓഫീസിൽ തരുവാനായി അതിനുള്ള ഫോം ഹെഡ്മാസ്റ്റർവഴി കൊടുത്തുവിട്ടിട്ടുണ്ട്. കിട്ടാത്തവർ ഓഫീസിൽനിന്നും നേരിട്ടുവാങ്ങുക. 2017-18 വർഷത്തെ മെമ്പർഷിപ്പ്, സ്റ്റഡിസർക്കിൾ, പ്രതിഭ എന്നീ ഇനങ്ങളിൽ കുടിശിക ഉള്ളവർ അടച്ചു തീർക്കാൻ ശ്രദ്ധിക്കുമല്ലോ. പ്രതീക്ഷാനിർഭരമായ ഒരു വിദ്യാലയവർഷം ആശംസിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
(അസി. ഡയറക്ടർ)

**ഫാ. മാത്യു വാരുവേലിൽ**
(ഡയറക്ടർ)

# റവ. ഫാ. ആന്റണി മാന്നല മെമ്മോറിയൽ
# 4-ാമത് അഖില കേരള ബൈബിൾ ക്വിസ് മത്സരം

എളിമയും ലാളിത്യവും മുഖമുദ്രയാക്കി ദൈവത്തെയും ദൈവജനത്തെയും ശുശ്രൂഷിച്ച് ഏവർക്കും പ്രിയങ്കരനായി ജീവിച്ച് നിത്യജീവിതത്തിലേക്ക് കടന്നുപോയ പുണ്യാത്മാവ് **ബഹു. ആന്റണി മാന്നലയച്ചന്റെ ശാശ്വത സ്മരണയ്ക്കായി 2018 ജൂലൈ 14-ാം തീയതി ശനിയാഴ്ച രാവിലെ 9.00 എ.എം. ന് നാലാമത് അഖില കേരള ബൈബിൾ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.**

**മത്സരവിഷയങ്ങൾ**

1. നിയമാ. 1 മുതൽ 6 വരെ അദ്ധ്യായങ്ങൾ
2. പ്രഭാ. 1 മുതൽ 6 വരെ അദ്ധ്യായങ്ങൾ
3. മത്താ. 10 മുതൽ 15 വരെ അദ്ധ്യായങ്ങൾ
4. വെളി. 10 മുതൽ 16 വരെ അദ്ധ്യായങ്ങൾ (അവലംബം പി. ഒ. സി. ബൈബിൾ)

   } – 70%
5. യു ക്യാറ്റ് (YOUCAT) – ഭാഗം 1, പേജ് 1 മുതൽ 30 വരെ – 20%
6. സഭാപരമായ പൊതുചോദ്യങ്ങളും മാന്നലയച്ചനെ കുറിച്ചുള്ള ചോദ്യങ്ങളും – 10%

**നിബന്ധനകൾ**

1. ഒരു സൺഡേസ്കൂളിൽനിന്നും 2018-19 വർഷം 5 മുതൽ 12 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽനിന്നും 2 പേർ വീതമുള്ള 2 ടീമുകൾക്ക് പങ്കെടുക്കാം.
2. 2018 ജൂലൈ 07-ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം.
3. രജിസ്ട്രേഷൻ ഫീസ് ടീം ഒന്നിന് 100 രൂപ
4. മത്സരത്തിനുമുമ്പ് ഡയറക്ടറുടെ/ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം ഹാജരാക്കണം.
5. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് യാത്രപ്പടി (ടി.എ.) നൽകുന്നതാണ്.

**സമ്മാനങ്ങൾ**

| | | |
|---|---|---|
| 1-ാം സമ്മാനം | – | 5000/- രൂപയും എവർ റോളിംഗ് ട്രോഫിയും |
| 2-ാം സമ്മാനം | – | 4000/- രൂപയും എവർ റോളിംഗ് ട്രോഫിയും |
| 3-ാം സമ്മാനം | – | 3000/- രൂപയും എവർ റോളിംഗ് ട്രോഫിയും |
| 4-ാം സമ്മാനം | – | 2000/- രൂപയും എവർ റോളിംഗ് ട്രോഫിയും |
| 5-ാം സമ്മാനം | – | 1000/- രൂപയും എവർ റോളിംഗ് ട്രോഫിയും |
| 6-ാം സമ്മാനം | – | 900/- രൂപയും എവർ റോളിംഗ് ട്രോഫിയും |
| 7-ാം സമ്മാനം | – | 800/- രൂപയും എവർ റോളിംഗ് ട്രോഫിയും |

കൂടാതെ മാർക്കിന്റെ അടിസ്ഥാനത്തിൽ 8 മുതൽ 10 വരെ സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 700 രൂപ, 600 രൂപ, 500 രൂപ എന്നിങ്ങനെ ക്യാഷ് അവാർഡും നൽകുന്നു. പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുന്നു.

**വിശദവിവരങ്ങൾക്ക് താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക**

| | | |
|---|---|---|
| റവ. ഫാ. ആന്റണി കാട്ടൂപ്പാറ | – | 9447039829 |
| ജോസ് മുണ്ടിയാനിക്കൽ | – | 9447418157 |
| ജോർജ് ഫിലിപ്പ് കിഴക്കയിൽ | – | 9495446603 |

# ചാരിറ്റി വേൾഡ് ട്രസ്റ്റ്

## 'എന്റെ ഗ്രാമം' പദ്ധതി ഒരുങ്ങുന്നു

വാഴപ്പള്ളി പഞ്ചായത്തിലെ 10, 11, 12 വാർഡുകൾ കൂടുന്ന ചീരഞ്ചിറ ഗ്രാമത്തെ ഒരു സ്വയം പര്യാപ്ത ഗ്രാമമാക്കുകയെന്ന ലക്ഷ്യത്തോടെ എന്റെ ഗ്രാമം എന്ന പേരിൽ ഒരു പദ്ധതിക്കു തുടക്കം കുറിച്ചിരിക്കുന്നു. ഗ്രാമീണ ജനതയുടെ മുന്നേറ്റത്തിലൂടെ ഗ്രാമത്തിന്റെ സമഗ്രവികസനമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ചാരിറ്റി വേൾഡ് ട്രസ്റ്റ്, മൂന്നു വാർഡിലെയും ജനപ്രതിനിധികൾ, ഗ്രാമത്തിലെ മത-സാമൂഹിക-രാഷ്ട്രീയ നേതൃത്വങ്ങൾ എന്നിവരടങ്ങിയ കമ്മിറ്റിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക.

### ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പരിപാടികൾ

1. ശുദ്ധജല സംരക്ഷണം, 2. മാലിന്യസംസ്ക്കരണം, 3. ജൈവകൃഷി പ്രോത്സാഹനം, 4. ആരോഗ്യ സംരക്ഷണം, 5. സ്വയം തൊഴിൽ സംരംഭങ്ങൾ, 6. മദ്യം, മയക്കുമരുന്ന് നിരുത്സാഹപ്പെടുത്തൽ, 7. പ്രകൃതി സംരക്ഷണം, 8. ശത്രുത രഹിത ഗ്രാമം, 9. പട്ടിണിരഹിത ഗ്രാമം, 10. ഭവന-ഭൂമിരഹിതരുടെ പുനഃരധിവാസം, 11. ഭിന്നശേഷിക്കാരുടെ പരിപാലനം, 12. രോഗീപരിചരണം, 13. സാമ്പത്തിക ചൂഷണത്തിൽ നിന്നുള്ള സംരക്ഷണം, 14. നൈപുണ്യ വികസനം (Skills Development), 15. കലാ സാംസ്ക്കാരിക പോഷണം, 16. കായിക മേഖലയുടെ പ്രോത്സാഹനം, 17. പ്ലാസ്റ്റിക് നിർമ്മാർജ്ജനം, 18. വിദ്യാഭ്യാസ ഉന്നമനം, 19. തൊഴിൽ ബാങ്ക്, 20. പൊതുവിപണന കേന്ദ്രം.

### അടിസ്ഥാന മനുഷ്യക്കൂട്ടം-ബി.എച്ച്.സി. രൂപീകൃതമായി

Basic Human Community – (B.H.C)

എന്റെ ഗ്രാമത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആദ്യം ചെയ്തത് വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ 10 -ാം വാർഡിലെ 500 ഓളം വരുന്ന കുടുംബങ്ങളെ 25 മുതൽ 30 വരെ കുടുംബങ്ങൾ അടങ്ങുന്ന ബി.എച്ച്.സികളാക്കി തിരിച്ചു. ഓരോ ബി.എച്ച്.സിക്കും ഒരു കൺവീനർ (പുരുഷൻ), സെക്രട്ടറി (വനിത), മൂന്ന് കമ്മറ്റിയംഗങ്ങൾ (ഒരാളെങ്കിലും വനിതയായിരിക്കണം) അങ്ങനെ 75 ലീഡേഴ്സ് ഒരു വാർഡിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

### 'മഴവെള്ളം കുടിവെള്ളം'

എന്റെ ഗ്രാമം പദ്ധതിയിലെ അടിസ്ഥാനമനുഷ്യക്കൂട്ടങ്ങളിലൂടെ (Basic Human Community) കണ്ടെത്തിയ 10-ാം വാർഡിലെ പ്രധാന പ്രശ്നം കുടിവെള്ള ദൗർല്ലഭ്യമാണ്. ഈ വർഷത്തെ മഴക്കാലത്ത് ഒരു തുള്ളി വെള്ളം പാഴാക്കാതെ സംരക്ഷിക്കുക വഴി കുടിവെള്ള പ്രശ്നം വളരെയേറെ പരിഹരിക്കുവാൻ സാധിക്കും. ഭൂമിയിലെ ജലനിരപ്പ് ഓരോ വർഷവും താഴുന്നതു കൊണ്ട് വെള്ളം ഉണ്ടെന്ന് അവകാശപ്പെടുന്ന കുടുംബങ്ങൾ പോലും ഭാവിയിൽ ദുഃഖിക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ ഇപ്പോഴേ എടുക്കേണ്ടതുണ്ട്. എല്ലാ കുടുംബങ്ങളും മഴവെള്ളസംരക്ഷണത്തിനായി താഴെ പറയുന്ന ഏതെങ്കിലും പരി

ഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുവാൻ തീരുമാനമെടുത്തിരിക്കുന്നു.

**I മഴക്കുഴികൾ**

10-ാം വാർഡിൽ 1500 മഴക്കുഴികൾ തൊഴിലുറപ്പു പദ്ധതിയിലൂടെ സൗജന്യമായി എടുത്തു കൊടുക്കുന്നു. സ്വന്തമായി പറമ്പുള്ളവരെല്ലാവരും മഴക്കുഴിയിലൂടെ പറമ്പിൽ വെള്ളം ഇറക്കും.

**II കിണർ നിറയ്ക്കൽ : മൂന്നു തരത്തിൽ**

**1. നല്ലതും സുരക്ഷിതവുമായ മാർഗ്ഗം :**

കിണറിന്റെ സമീപത്തായി 3 അടി വ്യാസവും 15 ഇഞ്ച് പൊക്കവുമുള്ള രണ്ടു റിംഗുകൾ ഒന്നിനുമേൽ ഒന്നായി രണ്ടടി താഴ്ത്തി വച്ച് സിമെന്റ് കൊണ്ടു യോജിപ്പിക്കണം. 5 കുട്ട (അടി) മുക്കാൽ ഇഞ്ച് മെറ്റൽ ഇട്ട് സിമെന്റ് അടപ്പുകൊണ്ട് മൂടണം. മേൽക്കൂരയിൽ പതിക്കുന്ന വെള്ളം പാത്തിയിലൂടെ മണ്ണിനു മുകളിലുള്ള 1/2 അടി റിംഗിൽ തുളയെടുത്ത് റിംഗിലുള്ള മെറ്റലിന് മുകളിലേയ്ക്ക് ഒഴുക്കുന്ന രീതി.

**2. കുഴിയിൽ തൊണ്ടു നിരത്തി വെള്ളമിറക്കുന്ന രീതി**

വെട്ടുകല്ല് പ്രദേശമാണെങ്കിൽ കിണറിന്റെ സമീപത്തായി 3 അടി വ്യാസത്തിൽ 3 അടി താഴ്ചയിൽ (ഇത് ചതുരമായാലും മതി) കുഴിയെടുത്ത് അവയിൽ പകുതിയോളം ഭാഗം തൊണ്ട് നിരത്തണം. അതിന് മുകളിലേയ്ക്ക്, പാത്തിയിലെ വെള്ളം ഒഴുകി വീഴത്തക്കവിധം പൈപ്പ് സ്ഥാപിക്കണം. കുഴിയുടെ വക്ക് ഇഷ്ടികയോ കല്ലോ കൊണ്ട് അല്പം പൊക്കികെട്ടി മഴവെള്ളം ഒലിച്ചു വീഴാതെ സംരക്ഷിക്കണം. മറ്റ് അഴുക്കുകൾ വീഴാതിരിക്കുവാനും പക്ഷിമൃഗാദികളുടെ ശല്യം ഒഴിവാക്കാനും അലൂമിനിയം ഷീറ്റുകൊണ്ട് കുഴിമൂടി സംരക്ഷിക്കണം.

**3. മുറ്റത്തു വീഴുന്ന വെള്ളം**

മുറ്റം നിരപ്പാക്കി ചരലിട്ട് മഴവെള്ളം അവിടെത്തന്നെ താഴ്ത്തണം. കിണർഭാഗത്തേയ്ക്ക് ചെരിവു കൊടുത്താൽ മുറ്റത്തു വീഴുന്ന അധിക വെള്ളം അങ്ങോട്ട് ഒഴുകുകയും കിണറിന്റെ സമീപത്തായിട്ടുള്ള മഴക്കുഴികളിൽ ശേഖരിക്കുകയും ചെയ്യാം.

**III മഴവെള്ളസംഭരണി**

- ഫെറോസിമെന്റിൽ നിർമ്മിക്കുന്ന മഴവെള്ളസംഭരണി സാധിക്കുന്ന എല്ലാ കുടുംബങ്ങളും സ്ഥാപിക്കുന്നതായിരിക്കും.
- 5,000 മുതൽ 3 ലക്ഷം ലിറ്റർ വരെ ജലം സംഭരിക്കാവുന്ന സംഭരണികളിൽ ഓരോ കുടുംബത്തിന്റെയും ആവശ്യാനുസരണം സ്ഥാപിക്കും.

ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് നല്ല ജനപങ്കാളിത്തമാണ് ലഭിക്കുന്നത്.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**

# കരിസ്മാറ്റിക് നവീകരണം

കരിസ്മാറ്റിക് നവീകരണത്തിന്റെ കൃപാ പ്രവാഹത്തിലായിരിക്കുന്ന നിങ്ങളോരോരുത്തരോടും ഞാൻ അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സെമിനാരികളിലും, ഇടവകകളിലും വിദ്യാലയങ്ങളിലുമൊക്കെ "പരിശുദ്ധാത്മാവിലുള്ള നവജീവിത സെമിനാറുകൾ" (LSS - Life in the Spirit Seminar) നടത്തുന്നു. പരിശുദ്ധാത്മാഭിഷേകവും നിങ്ങളുടെ മത ബോധനവും അവരുമായി പങ്കു വെക്കുക. ഇത് പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ ഫലമാണ്. ഇതിലൂടെ, യേശുവുമായി ഒരു കണ്ടുമുട്ടൽ സംഭവിക്കുകയും ജീവിതത്തിൽ കാതലായ വ്യതിയാനം സംഭവിക്കുകയും ചെയ്യുന്നുണ്ട്.

*ഫ്രാൻസിസ് മാർപ്പാപ്പ (മൂന്നാമത് അഖില ലോക വൈദിക ധ്യാനം*

**ക്രിസ്ടീൻ മിഷൻ ധ്യാനം:** കരിസ്മാറ്റിക് നവീകരണത്തിന്റെ ക്രിസ്ടീൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 12, 13, 14 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന ക്രിസ്ടീൻ മിഷൻ ധ്യാനത്തിൽ വിവിധ ഇടവകകളിൽ നിന്നായി. 216 കുട്ടികൾ പങ്കെടുത്തു. ഫാ. മാത്യു താന്നിയത്തിന്റെ (ഡയറക്ടർ) രക്ഷാകർതൃത്വത്തിൽ നടന്ന ധ്യാനം ക്രിസ്ടീൻ മിനിസ്ട്രി കോ ഓർഡിനേറ്റർ സണ്ണി കൊച്ചുപറമ്പിൽ ആണ് നയിച്ചത്. വിവിധ നേതൃ തലങ്ങളിലുള്ളവർ പിന്തുണ നൽകി.

**സോണൽ സബ്സോണൽ അംഗങ്ങളുടെ കൂട്ടായ്മയും ഉപദേശക സമിതി യോഗവും:** സോണൽ സബ്സോണൽ ടീമംഗങ്ങളുടെ ഏപ്രിൽ മാസത്തിലെ കൂട്ടായ്മ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ചു ഏപ്രിൽ പതിനാലാം തീയ്യതി ഡയറക്ടർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിലെ സോണൽ ഉപദേശക സമിതി (ZAC), ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച്, മെയ് 12 ന് ഫാ. ബിനു കൂട്ടുമ്മൽ-ന്റെ നേതൃത്വത്തിലും നടന്നു. ZAC മീറ്റിംഗ്-ൽ ഫാ. ലൂയിസ് വെള്ളാനിക്കൽ, ഷാജി വൈക്കത്തുകാരൻ എന്നിവർ ക്ലാസുകളെടുത്തു.

**സോണൽ സർവ്വീസ് ടീം മീറ്റിംഗ്:** ഏപ്രിൽ മാസത്തെ സേവന സമിതിയോഗം, തെങ്ങണയിലുള്ള ജെയിംസ് നടുവിലെപ്പറമ്പിലിന്റെ ഭവനത്തിലും മെയ് മാസത്തിലെ യോഗം സെഹിയോൻ ധ്യാനകേന്ദ്രത്തിലും യഥാക്രമം ഏപ്രിൽ 17, മെയ് 17 തീയതികളിൽ ചേരുകയുണ്ടായി. "ചങ്ങനാശേരി കരിസ്മാറ്റിക് കൺവൻഷൻ" ഡിസംബർ 27, 28, 29 തീയതികളിൽ നടത്താൻ തീരുമാനമായി. കുടുംബങ്ങളിലും സമൂഹത്തിലും പ്രാർത്ഥനയുടെ പ്രാധാന്യം കുറഞ്ഞു വരുന്നതായി നിരീക്ഷിച്ചുകൊണ്ട് **"പ്രാർത്ഥിക്കുക, നിലനിൽക്കുക"** എന്ന വിഷയമാണ് കൺവൻഷനുവേണ്ടി നാം സ്വീകരിച്ചിരിക്കുന്നത്.

**കപ്പിൾസ് മിനിസ്ട്രി:** ആദ്യ സോണൽ സർവീസ് ടീം മീറ്റിംഗ് സെൻട്രൽ ടീം ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ ഏപ്രിൽ 19-ന്, ഓഫീസിൽ നടന്നു. അടുത്ത യോഗം മെയ് 26-ന് ചേരാൻ തീരുമാനിച്ചു.

**പന്തക്കുസ്ത ദിനാചരണം:** കരിസ്മാറ്റിക് നവീകരണത്തിന്റെ ഭാഗമായ എല്ലാ സഹോദരങ്ങളും പന്തക്കുസ്താ ദിനത്തിന് വേണ്ടി പ്രാർത്ഥനാപൂർവ്വം ഒരുങ്ങുന്നുണ്ടായിരുന്നു. മെയ് 19-ാം തീയതി വൈകുന്നേരം എട്ടു മണി മുതൽ കുന്നന്താനത്തുള്ള സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച്, നടന്ന പെന്ത ക്കുസ്താ ജാഗരണം മുൻ കെ. എസ്. ടീ വൈസ് ചെയർമാൻ ഇടുക്കി തങ്കച്ചൻ നയിച്ചു. ഡയറക്ടർ ഫാ. മാത്യു താന്നിയത്ത് വി. കുർബാന അർപ്പിച്ചു.

**കെരിഗ്മ കോഴ്സ് (KERIGMA COURSE):** 'അടിസ്ഥാന സുവിശേഷ പ്രഘോഷണ പരിശീലന പരിപാടി' ആയ കെരിഗ്മ കോഴ്സ്, ജൂൺ മാസത്തിൽ കുന്നന്താനം സെഹിയോൻ ധ്യാന കേന്ദ്രത്തിൽ വച്ചു നടക്കുന്നു. ജൂൺ 11 മുതൽ 14 വരെയും 18 മുതൽ 21 വരെയും രണ്ടു ഭാഗങ്ങളായി നടക്കുന്ന ഈ പരിശീലന പരിപാടിയുടെ കൂടുതൽ വിവരങ്ങൾ, താഴെ കൊടുത്തിരിക്കുന്ന കോണ്ടാക്ട്കളിൽ നിന്നും അറിയാൻ കഴിയും.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
ഫോൺ: 9446903631

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
(കോ-ഓർഡിനേറ്റർ)
ഫോൺ: 9061954230

130

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതനും പുരോഹിത ശുശ്രൂഷയും
### (തിരുവചനഭാഗം: ശ്ലീഹ 4,1-37)

പത്രോസും യോഹന്നാനും ജറുസലേം ദൈവാലയത്തിന്റെ സുന്ദരകവാടത്തിങ്കൽ നടത്തിയ അത്ഭുതവും അതേത്തുടർന്ന് പത്രോസ് നടത്തിയ പ്രസംഗവും അനേകരെ ആകർഷിച്ചു. സഭാംഗങ്ങളാകുവാൻ അത് അനേകർക്കു പ്രചോദനമായി. തുടക്കത്തിൽ മൂവായിരമായിരുന്ന സഭാംഗങ്ങളുടെ സംഖ്യ അയ്യായിരമായി എന്നാണ് ഈ അദ്ധ്യായത്തിൽ നാം വായിക്കുന്നത്: "അവരുടെ വചനം കേട്ടവരിൽ അനേകർ വിശ്വസിച്ചു. അവരുടെ സംഖ്യ അയ്യായിരത്തോളമായി" (4,4). സഭയുടെ വളർച്ചയുടെ ആരംഭദശയിൽ ശ്ലീഹന്മാർക്ക് രാഷ്ട്രീയ അധികാരികളിൽനിന്നുണ്ടായ എതിർപ്പും അതിന്റെ ഫലമായി പത്രോസും യോഹന്നാനും അറസ്റ്റു ചെയ്യപ്പെടുകയും ഭീഷണിപ്പെടുത്തപ്പെടുകയും ചെയ്തപ്പോൾ, അവർ വിശ്വാസികളുടെ സമൂഹവുമായി ബന്ധപ്പെടുകയും അവർ പ്രാർത്ഥിച്ച് ശ്ലീഹന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങളാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. അഞ്ചു ഭാഗങ്ങളായി ഈ അദ്ധ്യായത്തെ തിരിക്കാം.

1. 4,1-4 ശ്ലീഹന്മാരെ അറസ്റ്റു ചെയ്യുന്നു
2. 4,5-12 സാൻഹെദ്രീൻസംഘത്തിനുമുമ്പിൽ ശ്ലീഹന്മാരുടെ സാക്ഷ്യം
3. 4,13-22 അധികാരികളുടെ നിസ്സഹായാവസ്ഥ
4. 4,23-31 പ്രാർത്ഥനയിൽ ശക്തി പ്രാപിക്കുന്ന സമൂഹം
5. 4,32-37 ഒരു ഹൃദയവും ഒരാത്മാവുമായ സമൂഹം

ശ്ലൈഹികശുശ്രൂഷയുടെയും സഭാഗാത്രനിർമ്മാണത്തിന്റെയും തുടർച്ചയാണ് പൗരോഹിത്യശുശ്രൂഷ. അതുകൊണ്ട് ഈ ഭാഗത്തെ ആധാരമാക്കിയുള്ള വചനവിചിന്തനങ്ങൾ പൗരോഹിത്യശുശ്രൂഷയ്ക്ക് പ്രചോദനമാകും.

#### 1. പുരോഹിതശുശ്രൂഷയും രക്തസാക്ഷിത്വവും

"*അവർ ജനത്തോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പുരോഹിതന്മാരും ദൈവാലയ സേനാധിപനും സദുക്കായരും അവർക്കെതിരേ ചെന്നു. ... അവർ അവരെ പിടികൂടി, സന്ധ്യയായതുകൊണ്ട്, അടുത്ത ദിവസംവരെ കാരാഗൃഹത്തിൽ സൂക്ഷിച്ചു.*" (4,1.3).

ദൈവാലയകവാടത്തിൽ മുടന്തനെ സുഖപ്പെടുത്തിയ അത്ഭുതത്തെത്തുടർന്ന് പത്രോസും യോഹന്നാനും ജനത്തോടു സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നു. മരിച്ചവരുടെ ഉത്ഥാനമായിരുന്നു അവരുടെ പ്രസംഗത്തിന്റെ പ്രധാനവിഷയം. അത് ഈശോയുടെ ഉത്ഥാനത്തിന്റെ അടിസ്ഥാനത്തിലുമായിരുന്നു (4,2): "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). സുവിശേഷപ്രഘോഷണത്തിന്റെയും അതിന്റെ ഫലമായി സംജാതമാകുന്ന സഭാവിശ്വാസത്തിന്റെയും അടിസ്ഥാനം മിശിഹായുടെ ഉത്ഥാനവും നമ്മുടെ ഉത്ഥാനവുമാണ്. മിശിഹാ ഉത്ഥാനംചെയ്തു എന്നതിന്റെ തെളിവാണ്, അവിടുത്തെ നാമത്തിൽ അഥവാ അരൂപിയിലൂടെ അവിടുത്തോടുള്ള ഐക്യത്തിൽ ശ്ലീഹന്മാരിലൂടെ നടക്കുന്ന അത്ഭുതങ്ങൾ. അതുപോലെതന്നെ ഈശോ പാപത്തെയും അതിന്റെ ഫലമായ മരണത്തെയും ജയിച്ച് നമ്മെ രക്ഷിച്ചതുകൊണ്ട് നമുക്കും പാപത്തെയും മരണത്തെയും ജയിച്ച് രക്ഷ പ്രാപിക്കാൻ കഴിയുമെന്നുള്ള ഉറപ്പും ഉത്ഥിതനായ മിശിഹാ നമുക്കു നല്കുന്നു (1 കൊറി 15,15-16). ഈ സുവിശേഷപ്രഘോഷണമാണ് സഭയോടുചേരാൻ അനേകർക്കു പ്രചോദനമായത് (ശ്ലീഹ 4,4). നമ്മുടെ പുരോഹിതശുശ്രൂഷയുടെ പ്രഥമദൗത്യവും ഈ സുവിശേഷപ്രഘോഷണം തന്നെയാണ്.

ഇപ്രകാരമുള്ള സുവിശേഷപ്രഘോഷണം അനേകരെ മിശിഹായിലുള്ള വിശ്വാസത്തിലേക്കും സഭാംഗത്വത്തിലേക്കും ആകർഷിക്കുന്നുവെന്നു കണ്ടപ്പോൾ പുരോഹിതന്മാരും ദൈവാലയ സേനാധിപനും സദുക്കായരും ശ്ലീഹന്മാർക്കെതിരേ ചെന്നു (4,1). ഈ സാഹചര്യം അവരെ വളരെ അസ്വസ്ഥരാക്കി (4,2). അതുകൊണ്ട് അവർ ശ്ലീഹന്മാരെ പിടികൂടി, കാരാഗൃഹത്തിലടച്ചു (4,2-3). സുവിശേഷപ്രഘോഷണവും അതിലൂടെയുള്ള സഭാവളർച്ചയും വിശ്വാസികളല്ലാത്ത രാഷ്ട്രീയ അധികാരികളുടെ എതിർപ്പിനും പീഡനത്തിനും കാരണമാകുമെന്നുള്ളതിന് ചരിത്രം സാക്ഷിയാണ്. സഭയുടെ ആരംഭം മുതൽ ഇന്നുവരെയുള്ള ചരിത്രം അത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. പത്രോസും യോഹന്നാനും ഇത് പ്രതീക്ഷിച്ചിരുന്നിരിക്കണം. കാരണം ഈശോയിൽനിന്നും അവർ ഇതു കേട്ടിരുന്നു (യോഹ 15,18-21). ശിഷ്യത്വത്തിലേക്കുള്ള വിളി രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണ്. പത്രോസിനോടും യോഹന്നാനോടും ഈശോ പറഞ്ഞ വാക്കുകൾ ഇതു സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ 21,18-23). മരണത്തിലൂടെയുള്ള പത്രോസിന്റെ രക്തസാക്ഷിത്വമാണ് ഈശോ പ്രവചിച്ചതെങ്കിൽ ജീവിതത്തിലൂടെയുള്ള യോഹന്നാന്റെ രക്തസാക്ഷിത്വമാണ് അവിടുന്നു പ്രവചിച്ചത്. പുരോഹിതന്റെ വിളി ശിഷ്യത്വത്തിലേക്കുള്ള വിളിയാണ്. അത് അവശ്യം രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണ്. പുരോഹിതശുശ്രൂഷയിൽ എതിർപ്പുകളെ നേരിടേണ്ടിവരുമ്പോൾ ഈ ബോദ്ധ്യം നമ്മെ ശക്തിപ്പെടുത്തണം.

## 2. പുരോഹിതശുശ്രൂഷയും ആധികാരികതയും

*"ശ്ലീഹന്മാരെ അവർ തങ്ങളുടെ മധ്യത്തിൽ നിർത്തി ഇങ്ങനെ ചോദിച്ചു: എന്തധികാരത്താലാണ്, അഥവാ ആരുടെ നാമത്തിലാണ് നിങ്ങൾ ഇതു പ്രവർത്തിച്ചത്? അപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പത്രോസ് അവരോടു പറഞ്ഞു: .... നിങ്ങളും ഇസ്രായേൽജനം മുഴുവനും ഇതറിഞ്ഞിരിക്കട്ടെ. നിങ്ങൾ കുരിശിൽ തറച്ചുകൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത നസറായനായ ഈശോമിശിഹായുടെ നാമത്തിലാണ് ഈ മനുഷ്യൻ സുഖംപ്രാപിച്ച് നിങ്ങളുടെ മുമ്പിൽ നില്ക്കുന്നത്"* (4,7-8.10).

ഈശോയെ വിസ്തരിക്കുകയും മരണത്തിനു വിധിക്കുകയും ചെയ്ത യഹൂദ ഉന്നതാധികാര സമിതിതന്നെയാണ് പത്രോസിനെയും യോഹന്നാനെയും തങ്ങളുടെ മധ്യത്തിൽ നിർത്തി ചോദ്യം ചെയ്തത് (4,5-7). മുടന്തന് അത്ഭുത കരമായ രോഗശാന്തി നല്കിയതിനെപ്പറ്റിയാണ് അവർ ശ്ലീഹന്മാരെ ചോദ്യം ചെയ്തത്: "എന്തധികാരത്താലാണ്, അഥവാ ആരുടെ നാമത്തിലാണ് നിങ്ങൾ ഇതു പ്രവർത്തിച്ചത്?" (4,7). അപ്പോൾ പത്രോസ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവരോടു മറുപടി പറയുന്നു (4,8). ഉത്ഥിതനായ ഈശോ ശ്ലീഹന്മാർക്ക് വാഗ്ദാനം ചെയ്ത ആധികാരികതയോടുകൂടിയും അതേപ്പറ്റിയുമാണ് പത്രോസ് അവർക്കു മറുപടി കൊടുക്കുന്നത്: "പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷി കളായിരിക്കുകയും ചെയ്യും" (1,8). അവർ കുരിശിൽ തറച്ചുകൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത ഈശോമിശിഹായുടെ നാമത്തിലാണ് അവർ ഈ അത്ഭുതം പ്രവർത്തിച്ചതെന്ന് പത്രോസ് വ്യക്ത മായി പറഞ്ഞു (4,10).

'ഈശോയുടെ നാമത്തിൽ' എന്നു പറഞ്ഞാൽ 'ഈശോയുമായുള്ള ഐക്യ ത്തിൽ' എന്നാണർത്ഥം. പ്രാർത്ഥനയെപ്പറ്റി ഈശോ ശിഷ്യന്മാരോടു പറയുന്ന വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്. "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യ പ്പെടുന്നതെന്തും പിതാവു പുത്രനിൽ മഹത്ത്വപ്പെടാൻവേണ്ടി ഞാൻ പ്രവർ ത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" എന്ന് യോഹ 14,13-14 ൽ പറയുമ്പോൾ, യോഹ 15,7 ൽ ഇപ്രകാരം പറയുന്നു: "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും". അരൂപിയിലൂടെ ഈശോയുമായി ഐക്യം പുലർത്തു മ്പോഴാണ് നമുക്ക് ഈശോയുടെ നാമത്തിൽ സംസാരിക്കാനും പ്രവർത്തിക്കാ നുമുള്ള ആധികാരികത ലഭിക്കുന്നത്. പുരോഹിതന് തന്റെ ശുശ്രൂഷയിലുണ്ടാ യിരിക്കേണ്ട ആധികാരികത ഇപ്രകാരമുള്ള ഒന്നാണ്. ഉത്ഥിതനായ, ജീവിക്കുന്ന മിശിഹായുമായി മനസ്സിന്റെയും ഹൃദയത്തിന്റെയും ഐക്യത്തിൽ ജീവിച്ചു കൊണ്ട്, അവിടുത്തെ ആധികാരികതയോടുകൂടെ പുരോഹിതശുശ്രൂഷ

നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ പുരോഹിതനു കഴിയണം.

### 3. പുരോഹിതശുശ്രൂഷ: ദൈവത്തെ അനുസരിക്കുന്ന ശുശ്രൂഷ

"*അവർ അവരെ വിളിച്ച് ഈശോയുടെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ അരുതെന്നു കല്പിച്ചു. പത്രോസും യോഹന്നാനും അവരോടു മറുപടി പറഞ്ഞു: ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നതു ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾത്തന്നെ വിധിക്കുവിൻ*" (4,18-19).

സുഖംപ്രാപിച്ച മനുഷ്യൻ അവരുടെ സമീപത്തു നില്ക്കുന്നതുകൊണ്ട് അധികാരികൾക്ക് പത്രോസിനോടും യോഹന്നാനോടും ഒന്നും എതിർത്തു പറയുവാനോ ചെയ്യുവാനോ കഴിഞ്ഞില്ല (4,14). അടയാളങ്ങളോടുകൂടി സുവിശേഷപ്രഘോഷണം നടത്തേണ്ടതിന്റെ ആവശ്യകതയാണ് ഇതു വ്യക്തമാക്കുന്നത്. സുവിശേഷത്തിൽ അത്ഭുതങ്ങളെയാണ് പ്രധാനമായും അടയാളങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്. അത്ഭുതങ്ങളെ 'അടയാളങ്ങൾ' എന്നു വിശേഷിപ്പിക്കുവാൻ കാരണം അവ അദൃശ്യനായ ദൈവത്തിന്റെ സാന്നിദ്ധ്യവും സ്നേഹവും വെളിപ്പെടുത്തുന്നതുകൊണ്ടാണ്. ഈശോയുടെ അത്ഭുതങ്ങളെല്ലാം സ്നേഹസ്പർശനങ്ങളായിരുന്നു. കേവലം അസാധാരണത്വമല്ല, മറിച്ച്, മനുഷ്യസാധാരണമല്ലാത്ത, ദൈവികമായ അസാധാരണസ്നേഹമാണ് ഈശോയുടെ അത്ഭുതങ്ങളെ അടയാളങ്ങളാക്കിത്തീർത്തത്. അപ്രകാരമുള്ള അടയാളങ്ങളാണ് സുവിശേഷപ്രഘോഷണത്തോടൊപ്പം ഉണ്ടായിരിക്കുമെന്ന് ഈശോ വാഗ്ദാനം ചെയ്തതും (മർക്കോ 16,17-18.20). സഭാസമൂഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം ഇപ്രകാരമുള്ള അടയാളങ്ങളാണ്; ആവണം. അപ്രതിരോധ്യമായ സുവിശേഷപ്രഘോഷണത്തിന്റെ അടയാളങ്ങളാവണം.

പ്രതിരോധിക്കാൻ കഴിയാത്ത ഒരു നിസ്സഹായാവസ്ഥ ഉണ്ടായപ്പോൾ യഹൂദനേതൃത്വം പത്രോസിനെയും യോഹന്നാനെയും വിളിച്ച് ഈശോയുടെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ അരുതെന്നു കല്പിച്ചു (4,18). അപ്പോൾ പത്രോസും യോഹന്നാനും മറുപടിയായി അവരോടു പറഞ്ഞു: "ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നതു ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾതന്നെ വിധിക്കുവിൻ. എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ചു സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (4,19-20). ശ്ലീഹന്മാരുടെ മിശിഹാനുഭവമാണ് മനുഷ്യരെക്കാളുപരി ദൈവത്തെ അനുസരിക്കുവാൻ അവരെ പ്രാപ്തരാക്കിയത്. തന്റെ ശ്ലൈഹികമായ അനുഭവം യോഹന്നാൻ വിവരിക്കുന്നത് ഇപ്രകാരമാണ്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1 യോഹ 1,1). അതുകൊണ്ട് ശ്ലീഹന്മാർക്കടുത്ത മിശിഹാനുഭവത്തെത്തന്നെയാണ് പത്രോസ്ശ്ലീഹാ ഇവിടെ പരാമർശിക്കുന്നത്. പുരോഹിതരുടെ മിശിഹാനുഭവമായിരിക്കണം മനുഷ്യരെക്കാളുപരി ദൈവത്തെ അനുസരിക്കുന്നവരായി പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ

അവരെ പ്രാപ്തരാക്കേണ്ടത്. മിശിഹാരഹസ്യമാണല്ലോ പുരോഹിതൻ അനുദിനം പരികർമ്മം ചെയ്യുന്നത്. ദിവ്യരഹസ്യങ്ങൾ പരികർമ്മംചെയ്യുന്ന അവസരങ്ങളെല്ലാം പുരോഹിതർക്ക് മിശിഹാനുഭവത്തിൽ വളരുവാനുള്ള അവസരങ്ങളാണ്. വിശ്വാസത്തോടും ഭക്തിയോടും ശ്രദ്ധയോടുംകൂടി അവ പരികർമ്മം ചെയ്ത് മിശിഹാനുഭവത്തിൽ വളരുവാൻ ഓരോ പുരോഹിതനും ശ്രമിക്കണം.

### 4. പുരോഹിതശുശ്രൂഷയും സഭാസമൂഹത്തോടുള്ള പ്രതിബദ്ധതയും

"*മോചിതരായ അവർ സ്വസമൂഹത്തിലെത്തി പുരോഹിതപ്രമുഖന്മാരും ജനപ്രമാണികളും പറഞ്ഞ കാര്യങ്ങൾ അവരെ അറിയിച്ചു. അതുകേട്ടപ്പോൾ അവർ ഏകമനസ്സോടെ ഉച്ചത്തിൽ ദൈവത്തോടപേക്ഷിച്ചു: നാഥാ, ആകാശത്തിന്റെയും ഭൂമിയുടെയും സമുദ്രത്തിന്റെയും അവയിലുള്ള സകലത്തിന്റെയും സ്രഷ്ടാവേ, ... പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി ദൈവവചനം ധൈര്യപൂർവം പ്രസംഗിച്ചു*" (4,23-24.31).

മോചിതരായ പത്രോസും യോഹന്നാനും നേരെ പോയത് അവരുടെ സഭാസമൂഹത്തിലേയ്ക്കാണ്. അവർക്ക് പുരോഹിതപ്രമുഖന്മാരിൽനിന്നും ജനപ്രമാണികളിൽ നിന്നുമുണ്ടായ അനുഭവങ്ങൾ അവരുമായി പങ്കുവച്ചു (4,23). യാക്കോബ്ശ്ലീഹായുടെ വധത്തെത്തുടർന്ന് കാരാഗൃഹത്തിലടയ്ക്കപ്പെട്ട പത്രോസ് അത്ഭുതകരമായി അവിടെനിന്നു പുറത്തുവന്നപ്പോഴും ആദ്യം പോയത് പ്രാർത്ഥനയിൽ കഴിഞ്ഞിരുന്ന സഭാസമൂഹത്തിലേയ്ക്കാണ് (12,12). സഭാസമൂഹത്തോടുള്ള ശ്ലീഹന്മാരുടെ ഐക്യവും പ്രതിബദ്ധതയുമാണ് ഇവിടെ പ്രകടമാകുന്നത്. അധികാരികളിൽനിന്നുണ്ടായ തിക്താനുഭവം അവരുമായി പങ്കുവച്ചപ്പോൾ അവർ ഏകമനസ്സോടെ ഉച്ചത്തിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവർക്കു നേരിടേണ്ടിവന്ന പ്രതികൂല സാഹചര്യങ്ങളിൽ വചനം പൂർണ്ണധൈര്യത്തോടെ പ്രസംഗിക്കാനുള്ള അനുഗ്രഹമാണ് അവർ പ്രാർത്ഥനയിൽ യാചിച്ചത് (4,30). പ്രാർത്ഥന കഴിഞ്ഞപ്പോൾ പന്തക്കുസ്താനുഭവത്തിന്റെ ഒരു നവീകരണാനുഭവമുണ്ടാകുകയും, അതിന്റെ ഫലമായി സഭയൊന്നായി വചനം ധൈര്യപൂർവം പ്രസംഗിക്കുകയും ചെയ്തു.

പുരോഹിതശുശ്രൂഷയിൽ സഭാസമൂഹത്തോടുണ്ടായിരിക്കേണ്ട പ്രതിബദ്ധതയെയാണ് ഈ സംഭവം പ്രത്യേകം എടുത്തുകാണിക്കുന്നത്. അജപാലനശുശ്രൂഷ ഫലപ്രദമാകണമെങ്കിൽ അജപാലകനും അജഗണങ്ങളും തമ്മിൽ കൂട്ടായ്മയിൽ വർത്തിക്കണം. എല്ലാം പരസ്പരം പങ്കുവയ്ക്കുന്ന സ്നേഹത്തിന്റേതായ പ്രതിബദ്ധത അജപാലകന് അജഗണങ്ങളോടും അജഗണങ്ങൾക്ക് അജപാലകനോടും ഉണ്ടാകണം. ജീവിതത്തിൽ പരസ്പരമുള്ള ഈ പ്രതിബദ്ധതയുണ്ടാകണമെങ്കിൽ പ്രാർത്ഥനയിൽ അത് വളർത്തിയെടുക്കണം. അജപാലകൻ അജഗണങ്ങളോടൊന്നിച്ച് പ്രാർത്ഥിക്കുവാൻ അവസരങ്ങൾ ഉണ്ടാക്കണം. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചുജീവിക്കും. ഇപ്രകാരം പ്രാർത്ഥനയിലും കൂട്ടായ്മയിലും സഭാസമൂഹത്തെ വളർത്തണമെങ്കിൽ അവരെ ശരി

യായി പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം. പ്രാർത്ഥനയുടെ കളരി സഭയുടെ ലിറ്റർജിയാണ്. അതുകൊണ്ട് പുരോഹിതൻ സഭയുടെ യാമപ്രാർത്ഥനകൾ കൃത്യനിഷ്ഠയോടെ ചൊല്ലുന്നവനും അതു ചൊല്ലുവാൻ ജനങ്ങളെ പഠിപ്പിക്കുന്നവനുമായിരിക്കണം. സഭയുടെ ലിറ്റർജിക്കൽ പ്രാർത്ഥനകൾ ശരിയായ ആഭിമുഖ്യമുള്ള പ്രാർത്ഥനകളായതുകൊണ്ട് അവയിൽ പരിശീലിപ്പിക്കപ്പെട്ടാൽ സഭാസമൂഹം ദൈവത്തോടും അജപാലകനോടും പരസ്പരവും, കൂട്ടായ്മയിലും പ്രതിബദ്ധതയിലും വളരുന്ന ഒരു സമൂഹമായിത്തീരും.

### 5. പുരോഹിതശുശ്രൂഷയും സഭാകൂട്ടായ്മയും

"*വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. ... അവരുടെയിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരുമുണ്ടായിരുന്നില്ല. കാരണം, പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റുകിട്ടിയ തുക ശ്ലീഹന്മാരുടെ കാല്ക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു*" (4,32.34-35).

ആദിമസഭാസമൂഹത്തിന്റെ കൂട്ടായ്മാസ്വഭാവം വ്യക്തമാക്കുന്ന ഒരു ഭാഗമാണിത്. വീരോചിതമായ സാഹോദര്യജീവിതം നയിക്കുന്ന ഒരു സമൂഹമായിരുന്നു ആദിമസഭ. "ഒരു ഹൃദയവും ഒരാത്മാവും" എന്ന വിശേഷണമാണ് ആദിമസഭയ്ക്ക് നല്കിയിരിക്കുന്നത്. "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുള്ളതെല്ലാം പൊതുവായി കരുതുകയും ചെയ്തു" (2,44) എന്ന സ്ഥിതിവിശേഷമാണ് ഈ വിശേഷണംകൊണ്ട് ഉദ്ദേശിക്കുന്നത്. ഈശോയുടെ മാതൃകയിൽനിന്നുരുത്തിരിഞ്ഞ പരസ്പരസ്നേഹമായിരുന്നു ആദിമസഭാസമൂഹത്തിന്റെ മുഖമുദ്ര (യോഹ 13,34-35). ബാഹ്യമായ എന്തെങ്കിലും നിയമനിർമ്മാണത്തിന്റെ ഫലമായിട്ടുണ്ടായ ഒരു സ്ഥിതിവിശേഷമല്ലായിരുന്നു ഇത്. അഞ്ചാം അദ്ധ്യായത്തിൽ പത്രോസ്ശ്ലീഹാ അനനിയാസിനോടു പറയുന്ന വാക്കുകളിൽനിന്നും (5,3-4) ഇതു വ്യക്തമാകുന്നുണ്ട്. ഈശോയുടെ സ്നേഹം മാത്രമാണ് ഇപ്രകാരം എല്ലാം പങ്കുവയ്ക്കാൻ ആദിമക്രൈസ്തവരെ പ്രേരിപ്പിച്ചത്. സഭാകൂട്ടായ്മ എന്നും ഇപ്രകാരം ഒരു കൂട്ടായ്മയായി കെട്ടിപ്പടുക്കപ്പെടണം എന്നതാണ് ഈശോയുടെ ആഗ്രഹം. എങ്കിൽമാത്രമേ സഭ മിശിഹായുടെ സ്നേഹത്തിനു സാക്ഷ്യം നല്കുന്ന ഒരു സമൂഹമായി ലോകത്തിൽ നിലകൊള്ളുകയുള്ളു. ഈശോ സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചപ്പോഴും ഇതു മാത്രമാണ് പ്രാർത്ഥിച്ചത്: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും, അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,21). ഇപ്രകാരം സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനുള്ള ശുശ്രൂഷയാണ് പുരോഹിതശുശ്രൂഷ. പരസ്നേഹത്തിന്റെ കല്പനയെക്കുറിച്ചും ദാരിദ്ര്യചൈതന്യത്തിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള ബോധവൽക്കരണം സഭാസമൂഹത്തിനു നല്കണം. പൊതുവായ

ആവശ്യങ്ങൾ സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി, അവ പരിഹരിക്കാൻ ആവശ്യകമായവ പങ്കുവയ്ക്കാൻ അവസരമൊരുക്കി സഭാകൂട്ടായ്മയെ കെട്ടിപ്പടുക്കുവാൻ പുരോഹിതൻ നിരന്തരമായി ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. മിശിഹാശിഷ്യത്വത്തിലേക്കുള്ള വിളി രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണെന്ന ബോദ്ധ്യത്തോടെയാണോ ഞാൻ പൗരോഹിത്യത്തിലേക്കുള്ള എന്റെ വിളിക്ക് പ്രത്യുത്തരം നല്കുന്നത്?
2. ഉത്ഥിതനായ ഈശോയുമായി അരൂപിയിലുള്ള ഐക്യത്തിലാണോ എന്റെ പുരോഹിതശുശ്രൂഷയുടെ ആധികാരികത ഞാൻ കാണുന്നത്?
3. മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കുന്ന ഒരു ശൈലിയാണോ അജപാലനശുശ്രൂഷയിൽ എനിക്കുള്ളത്?
4. പ്രാർത്ഥനയിലും ശുശ്രൂഷയിലും ഞാൻ സഭാസമൂഹത്തോട് എത്രമാത്രം പ്രതിബദ്ധത പുലർത്തുന്നുണ്ട്?
5. ഒരു ഹൃദയവും ഒരാത്മാവുമുള്ള സമൂഹമായി ഇടവകയെ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**2018 ഏപ്രിൽ 26 – 26 മെയ്**

26 രാവിലെ കുന്നന്താനത്ത് വിശ്വാസാനുഭവധ്യാനത്തിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. കൂരോപ്പടയിൽ വിവാഹം ആശീർവ്വദിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം എടത്വാ കേളമംഗലം പള്ളിയിൽ നവീകരിച്ച *മദ്ബഹ* കൂദാശ ചെയ്തു പുനഃസമർപ്പിച്ചു.

27 രാവിലെ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനപള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് കൊടിയുയർത്തി, സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിലെ കുരിയ സമ്മേളനത്തിനുശേഷം, സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ആര്യങ്കാവ് മലങ്കര കത്തോലിക്കാ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

28 രാവിലെ മീഡിയാ വില്ലേജിൽ നടത്തപ്പെട്ട ഒരു മാസത്തെ ഡിപ്ലോമാ കോഴസിൽ പങ്കെടുത്തവരെ സന്ദർശിച്ച് സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ സംബന്ധിച്ചു. ഉച്ച കഴിഞ്ഞ് അതിരൂപതാ മതബോധനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന 'Salt & Light' മതാദ്ധ്യാപകർക്കുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവരെ സന്ദർശിച്ച് സന്ദേശം നൽകി. വൈകുന്നേരം മീഡിയാ വില്ലേജിൽ സെമിനാറിൽ പങ്കെടുക്കുന്നവരെ സന്ദർശിച്ച്, സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു. തുടർന്ന് ഫാത്തിമാപുരത്തുള്ള അൽ–ഫലാഹ് (Al - Falah) പെൺകുട്ടികൾക്കായുള്ള സ്ഥാപനത്തിന്റെ ജൂബിലി ആഘോഷത്തിൽപങ്കെടുത്തു.

29 പാറമ്പുഴ ബെത്‌ലേഹം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

30 രാവിലെ മുട്ടാർ സെന്റ് തോമസ് ഇടവകപള്ളിയിൽ ഡീ. സേവ്യർ കൈപ്പടശ്ശേരി SVD യ്ക്കു പൗരോഹിത്യ പട്ടം നൽകി. ഉച്ചയ്ക്ക് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിക്കുകയും തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ സംഘടിപ്പിച്ച മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

**2018 മെയ്**

1 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ DFC യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കർഷക ജാഥയുടെ ഭാഗമായി നടത്തുന്ന ഒപ്പുശേഖരണത്തിന്റെ തുടക്കം കുറിച്ച് ഒപ്പിട്ടു നൽകി. പള്ളിക്കൂട്ടുമ്മ ഫാത്തിമാ മാതാ പള്ളിയിൽ കളത്തിൽ ബഹു. ജോർജ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വി. കുർബാനയർപ്പിച്ച് കാർമ്മികത്വം വഹിച്ചു.

2 ചെത്തിപ്പുഴ പള്ളിയിൽ വിവാഹവാഗ്ദാന കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ, കെ.എൽ.എം.

ന്റെ ആഭിമുഖ്യത്തിൽ നടന്ന മെയ്ദിന റാലി ഉദ്ഘാടനം ചെയ്തു. സി.ബി. സി.ഐ. സ്റ്റാൻഡിംഗ് കമ്മിറ്റി സമ്മേളനത്തിൽ പങ്കെടുക്കേണ്ടതിന് ബാംഗ്ലൂരിലേക്കു യാത്രയായി.

2–4 ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ നടന്ന സി.ബി.സി.ഐ. സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ പങ്കെടുത്തു.

5 രാവിലെ വെരൂർ സെന്റ് ജോസഫ് ഇടവകയിൽ കുട്ടികളുടെ ആഘോഷമായ കുർബാന സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. തുരുത്തി ഇടവകയിൽ വിവാഹവാഗ്ദാന കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം വാഴപ്പള്ളി ഗദ്സെമിനി കപ്പൂച്ചിൻ ആശ്രമത്തിന്റെ ജൂബിലി ആഘോഷസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു.

6 രാവിലെ പറാൽ സെന്റ് ആന്റണീസ് ഇടവകപള്ളിയിൽ വി. കുർബാനയർപ്പിച്ചു. കൈനകരി കുട്ടമംഗലം സെന്റ് ജോസഫ് പള്ളിയിലെ ഇടവകത്തിരുനാളിൽ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതയിലെ സൺഡേസ്കൂൾ പ്രഥമാദ്ധ്യാപകർക്കായി കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന കോൺഫറൻസിൽ പങ്കെടുത്തവർക്കായി സന്ദേശം നൽകി. തുടർന്ന് മനയ്ക്കച്ചിറയിൽ നവീകരിച്ച *മദ്ബഹ* പുനർകൂദാശ ചെയ്തു. പള്ളിക്കുട്ടുമ്മ ഫാത്തിമാമാതാ ഇടവകയിൽ കളപ്പുരയ്ക്കൽ തോമ്മാച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

7 രാവിലെ എടത്വാ സെന്റ് ജോർജ് ഫൊറോനാപള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ചെത്തിപ്പുഴ ആശുപത്രിയിൽ നവീകരിച്ച ഒ.പി. കെട്ടിടത്തിന്റെ വെഞ്ചിരിപ്പ് നടത്തി. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കുറിച്ചി മൈനർ സെമിനാരിയിൽ മേജർ സെമിനാരി വൈദികാർത്ഥികളുടെ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

8 രാവിലെ വില്ലൂന്നിയിൽ ജോസഫൈൻ സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനത്തിൽ കാർമ്മികത്വം വഹിച്ചു. ഉച്ച കഴിഞ്ഞ് പാലമറ്റം SST സന്യാസിനികളുടെ ഭവനം സന്ദർശിച്ചു.

9 വൈകുന്നേരം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പെർമെനന്റ് സിനഡിൽ സംബന്ധിച്ചു.

10 രാവിലെ കുറിച്ചി മൈനർ സെമിനാരിയിൽ മേജർ സെമിനാരി പരിശീലനം നേടുന്നവർക്കായി നടന്ന ക്യാമ്പിനോടനുബന്ധിച്ച് ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് ഇത്തിത്താനം കർമ്മല മഠത്തിൽ സി.എം.സി. സന്യാസാർത്ഥിനികളുടെ സഭാവസ്ത്രസ്വീകരണത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു തുടർന്ന് SD സന്യാസസമൂഹ സ്ഥാപകൻ, പയ്യപ്പള്ളി ബഹു. വർഗീസ് അച്ചന്റെ ധന്യപദവി പ്രഖ്യാപനത്തിന്റെ ഭാഗമായി SD പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ആഘോഷസമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം അരമനയിലെ വൈദികർക്കായി നടത്തപ്പെട്ട മാസധ്യാനത്തിൽ സന്ദേശം നൽകി.

11 രാവിലെ കുറിച്ചി സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് വൈദിക വസ്ത്രവും, ചെറുപട്ടങ്ങളും (Minor Orders) നൽകി. തുടർന്ന് നടന്ന സമ്മേളനങ്ങളിൽ പങ്കെടുത്തു. ഉച്ചയ്ക്ക് കർഷകസമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം റബ്ബർ ബോർഡിന്റെ കവാടത്തിങ്കൽ നടന്ന ധർണ്ണ ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അമല തിയളോജിക്കൽ കോളേജിൽ പഠനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റു വിതരണവും അടുത്ത വർഷത്തെ കോഴ്സിന്റെ ഉദ്ഘാടനവും നിർവഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. AKCC ഗ്ലോബൽ സമ്മേളനത്തിനൊരുക്കമായി ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ നേതൃത്വത്തിലുള്ള ദീപശിഖാപ്രയാണം ചങ്ങനാശ്ശേരി കത്തീഡ്രൽ കബറിടപള്ളിയിൽ വച്ച് ഭാരവാഹികൾക്കു കൈമാറി. വാഴപ്പള്ളി ആരാധനമഠത്തിൽ സി. റോസ്‌ലിൻ SABS ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരമ്പുഴ കൺവൻഷനിൽ സന്ദേശം നൽകി.

12 രാവിലെ പുന്നത്തുറ സെന്റ് തോമസ് ഇടവകയിൽ കുട്ടികളുടെ ആഘോഷമായ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് പുന്നത്തുറയിൽ നടന്ന കുടുംബ വാർഷികയോഗത്തിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷികസമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് നേഴ്സസ് ദിനത്തോടനുബന്ധിച്ച് ചെത്തിപ്പുഴ ആശുപത്രിയിലെ ആഘോഷത്തിൽ പങ്കെടുത്തു.

13 രാവിലെ പ്രീസ്റ്റ് ഹോമിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. മങ്കൊമ്പ് 10-ാം പീയൂസ് പള്ളിയിൽ, അത്തിക്കളം കുടുംബയോഗത്തിന്റെ 10-ാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. കുമരകം നവനസ്രത്ത് പള്ളിയിൽ SH സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഓട്ടോ ഡ്രൈവേഴ്സിന്റെ 'സാരഥി'യുടെ വാർഷികയോഗം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം തൃശ്ശൂർ മാർ കുണ്ടുകുളം നഗറിൽ (ശക്തൻ നഗർ) എ.കെ.സി.സി.യുടെ ഗ്ലോബൽ മീറ്റിൽ പങ്കെടുത്ത് സംസാരിച്ചു.

14 രാവിലെ പാലാ രൂപതയിലെ പാദുവാ പള്ളിയിൽ വിവാഹവാഗ്ദാനകർമ്മം ആശീർവ്വദിച്ചു. ഉച്ചയ്ക്ക് കായൽപ്പുറം ക്ലാരമഠത്തിൽ ബഹു. സി. ജോയ്സ് വലിയവീട്ടിൽ FCC യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ച കഴിഞ്ഞ് കൈതവന ഇടവകയിൽ ഡീ. സേവ്യർ വന്യംപറമ്പിലിന് പൗരോഹിത്യ പട്ടം നൽകി. വൈകുന്നേരം എസ്.ബി. ഹൈസ്ക്കൂളിൽ CLT, MTC കോഴ്സുകളിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

15 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. പുതിയതായി വൈദികവസ്ത്രം സ്വീകരിച്ച വൈദികാർത്ഥികളെ പുന്നത്തുറയിലെ വീട്ടിൽ സ്വീകരിച്ചു.

16 ഉച്ച കഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിന്റെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

17 രാവിലെ ചീരൻചിറയിൽ ASMI സന്യാസഭവനത്തിൽ സന്യാസിനികളുടെ

നിത്യവ്രത വാഗ്ദാന കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു. ഉച്ച കഴിഞ്ഞ് ഇരവുചിറയിൽ അതിരൂപതാ യുവദീപ്തി സമിതിയുടെയും ഇടവകയുടെയും ആഭിമുഖ്യത്തിൽ നിർമ്മിച്ച രണ്ടു ഭവനങ്ങളുടെ വെഞ്ചരിപ്പു നിർവ്വഹിച്ചു.

18 ഉച്ചകഴിഞ്ഞ് എസ്.ബി. കോളേജിൽ ചങ്ങനാശ്ശേരി പൗരസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട അനുമോദന സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം പുന്നപ്ര ദനഹാലയിൽ നടന്ന ഒരു മാസത്തെ ഫോർമേറ്റേഴ്സ് കോഴ്സിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്ത് ആശംസ നൽകി.

19 തുരുത്തി ഫൊറോനയിൽ നടന്ന അതിരൂപതാദിനാഘോഷത്തിൽ അദ്ധ്യക്ഷത വഹിച്ച് ആദ്യാന്തം സംബന്ധിച്ചു. സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കപ്പെട്ട മനയ്ക്കച്ചിറ സെന്റ് ജോസഫ് പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

20 പൊങ്ങ മാർ സ്ലീവാ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച് കുട്ടികളെ എഴുത്തിനിരുത്തി. വൈകുന്നേരം ഹോം മിഷന് സഹായിക്കുന്ന ബഹു. സിസ്റ്റേഴ്സിനായുള്ള ക്യാമ്പിൽ പങ്കെടുക്കുന്നവരെ സന്ദർശിച്ച് സംസാരിച്ചു. അതിരൂപതാ കേന്ദ്രത്തിൽ ഈ വർഷം വൈദിക വസ്ത്രം സ്വീകരിച്ചവർക്കായി നൽകിയ സ്വീകരണ സമ്മേളനത്തിൽ പങ്കെടുത്തു.

21 ചങ്ങനാശേരി എസ്.എച്ച്. സ്റ്റഡിഹോം ചാപ്പലിൽ *മദ്ബഹ* പുനഃപ്രതിഷ്ഠ നടത്തി. വെട്ടിത്തുരുത്ത് സിസിലി വലിയപറമ്പിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ പുതുതായി ചേരുവാൻ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. മാർത്തോമ്മാ വിദ്യാനികേതൻ ദൈവശാസ്ത്ര പരിശീലന കേന്ദ്രത്തിലെ പ്രഥമ ബാച്ചുകാരുമായി സമയം ചെലവഴിച്ചു. ആഗ്രാ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ആൽബർട്ട് ഡിസൂസ പിതാവിനെ അരമനയിൽ സ്വീകരിച്ചു.

22 രാവിലെ പുന്നപ്രയിലെ ദനഹാലയിൽ ഇറ്റാവാ മൈനർ സെമിനാരിയിൽ പരിശീലനം നേടുന്ന വൈദികാർത്ഥികൾക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് വൈദികാർത്ഥികളെ ബാച്ചടിസ്ഥാനത്തിലും, വൈദികാർത്ഥികളെയും മാതാപിതാക്കളെയും ഒരുമിച്ചും കണ്ടു സംസാരിച്ചു. എടത്വാ സെന്റ് അലോഷ്യസ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതുതായി നിർമ്മിച്ച ബ്ലോക്കിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. എടത്വാ സോണിലെ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. പാറേൽ പള്ളിയിൽ നടത്തിയ ചങ്ങനാശേരി ഫൊറോനായിലെ ആഘോഷമായ കുർബാന സ്വീകരണം നടത്തിയ കുട്ടികളുടെ സംഗമം, എയ്ഞ്ചൽസ് മീറ്റിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ ലിറ്റർജിക്കൽ അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ ദൈവാലയ ശുശ്രൂഷകർക്കായി നടത്തിയ ഏകദിന സെമിനാറിൽ പങ്കെടുത്തവരെ കണ്ടു

സംസാരിച്ചു. ദീപിക ഫ്രണ്ട്സ് ക്ലബ് DFC യുടെ ആഭിമുഖ്യത്തിൽ പെരുന്ന ബസ്സ്റ്റാൻഡിൽ നടന്ന കർഷകറാലിയെ അഭിസംബോധന ചെയ്തു സംസാരിക്കുകയും, സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

23 തലശ്ശേരിയിൽ കുടുംബയോഗത്തിൽ പങ്കെടുത്തു.

24 തുരുത്തിയിലെ കാനായിൽ ഒരു വർഷത്തെ ദൈവശാസ്ത്ര കോഴ്സ് പൂർത്തിയാക്കിയവർക്കായി അതിരൂപതാ കേന്ദ്രത്തിൽ നൽകിയ സ്വീകരണ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

25 രാവിലെ പാസ്റ്ററൽ സെന്ററിൽ DCMS ന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി നടത്തിയ ത്രിദിന ക്യാമ്പിൽ പങ്കെടുത്തവർക്കായി വി. കുർബാനയർപ്പിച്ചു. ലിറ്റർജിക്കൽ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ ദൈവാലയ ശുശ്രൂഷകർക്കായി നടത്തിയ ഏകദിന സെമിനാറിൽ പങ്കെടുത്തവർക്കായി സന്ദേശം നൽകി സംസാരിച്ചു. കത്തീഡ്രൽ പള്ളിയിൽ ശ്രീ. ബാബു പുതുപ്പറമ്പിൽ-ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

## മാർ തോമസ് തറയിൽ

**2018 ഏപ്രിൽ**

26 കിടങ്ങറ സ്നേഹതീരത്തിൽ ബഹു. സി. മേരി എസ്.എ.ബി.എസ്. ന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ സന്ദേശംനൽകി അനുമോദനമറിയിച്ചു. കേളമംഗലം ദൈവാലയത്തിൽ വി.കുർബാനയർപ്പിച്ചു. കാവാലം ലിസ്യു ദൈവാലയത്തിൽ വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ചു ഇടവക ദിനാഘോഷത്തിൽ മുഖ്യ സന്ദേശവും സമ്മാനദാനവും നടത്തി.

27 കണ്ണാടി സെന്റ് ജോസഫ് ദൈവാലയത്തിൽ വി.കുർബാനയർപ്പിച്ചു സന്ദേശം നൽകി.

28 രാമങ്കരി സെന്റ് ജോസഫ് ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ കുർബ്വാന സ്വീകരണത്തിനു മുഖ്യ കാർമ്മികത്വം വഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്തു. സന്ദേശനിലയത്തിൽ നടന്ന പാലിയേറ്റീവ് കെയർ വാർഷികയോഗത്തിൽ സന്ദേശം നൽകി.

29 വാളിയോട് സെന്റ് ജോർജ് ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബ്വാന സ്വീകരണത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. തിരുവനന്തപുരം ലൂർദ്ദ് ഫൊറോനപള്ളിയിൽ കുട്ടികളുടെ ആഘോഷമായ കുർബ്വാന സ്വീകരണത്തിനു മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

30 തോട്ടയ്ക്കാട് സെന്റ് ജോർജ് ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബ്വാന സ്വീകരണത്തിനു മുഖ്യ കാർമ്മികത്വം വഹിച്ചു സന്ദേശം നൽകി. ചങ്ങനാശേരി റേഡിയോ മീഡിയ വില്ലേജ് സംഘടിപ്പിച്ച സാഹിത്യസംഗമത്തിൽ അദ്ധ്യക്ഷപദം അലങ്കരിക്കുകയും എഴുത്തുകാരെ ആദരിക്കുകയും ചെയ്തു.

**2108 മെയ്**

1 പുളിങ്കുന്ന് സെന്റ്മേരീസ് ഫൊറോന ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ബഹു. കാലായിൽ ജോസഫ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. കേരള ലേബർ മൂവ്മെന്റ് സംഘടിപ്പിച്ച മെയ്ദിന റാലിയുടെ സമാപനയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സമ്മാനങ്ങൾ വിതരണം ചെയ്തു.

2 ചങ്ങനാശേരി എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ വി.കുർബാനയർപ്പിച്ചു സന്ദേശം നൽകി. ആര്യാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിന്റെ പുതിയ ഹാൾ വെഞ്ചരിച്ചു.

3 വൈശ്യംഭാഗം സെന്റ് ആന്റണീസ് ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

4 എടത്വാ സെന്റ് ജോർജ് ഫൊറോനപള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു വി.കുർബാനയർപ്പിച്ചു. ആനക്കുളം സെന്റ് ജോസഫ് ദൈവാ

ലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ചു, തുടർന്നു കുട്ടികളുടെ കലാപരിപാടികൾ ആസ്വദിച്ചു.

5 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തിയ പ്രധാന മതാധ്യാപകരുടെ ധ്യാനത്തിൽ സന്ദേശം നൽകി.

6 അടൂർ മാർസ്ലീവാ ദൈവാലയത്തിൽ നവീകരിച്ച *മദ്ബഹ* വെഞ്ചരിച്ചു. വാഴപ്പള്ളിഗത്സമനി കപ്പൂച്ചിൻ ആശ്രമദൈവാലയത്തിന്റെ സുവർണ്ണജൂബലി ആഘോഷങ്ങൾക്കു സമാപനത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

8 വായ്പ്പൂർ സെന്റ് മേരീസ് ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

9 കുറിച്ചി മൈനർ സെമിനാരിയിൽ മേജർ സെമിനാരി ഗ്യാതറിങ്ങിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് വൈദികവിദ്യാർത്ഥികളുമായി സംവദിച്ചു. അതിരമ്പുഴ ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

10 നെടുംങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോന ദൈവാലയത്തിൽ സി. റെജി സി.എച്ച്.എഫ്. ന്റെ ജൂബിലി കുർബാനയിൽ സന്ദേശം നൽകി. തുരുത്തി യൂദാപുരം സെന്റ് ജൂഡ് ദൈവായത്തിൽ അഭി. ജോർജ് ആലഞ്ചേരിപിതാവിന്റെ സഹോദരൻ ഫിലിപ്പോസ് ആലഞ്ചേരിയുടെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

11 കുറിച്ചി മൈനർ സെമിനാരിയിൽ ബ്രദേഴ്സിന്റെ *ഹെവ്പദിയാക്കോന, കാറോയ* പട്ടങ്ങൾക്കു സഹകാർമ്മികത്വം വഹിച്ചു.കുറിച്ചി മൈനർ സെമിനാരിയിൽ മേജർ സെമിനാരി അദ്ധ്യാപകരുടെ യോഗത്തിൽ പങ്കെടുത്തു, പുത്തനച്ചൻമാരുടെ യോഗത്തിൽ സംസാരിച്ചു. നെടുമുടി തിരുഹൃദയ ദൈവാലയത്തിൽ തിരുനാൾ സന്ദേശം നൽകി, തുടർന്ന് വൈദികമന്ദിരം വെഞ്ചരിച്ചു. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ DCMS ത്രിദിന യുവജന ക്യാമ്പ് ഉദ്ഘാടനം ചെയ്തുസന്ദേശം നൽകി. ഫാ. ഡൊമിനിക്ക് വാളന്മനാലിന്റെ പിതാവ് അഗസ്തി വാളന്മനാലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ കുർബാന സ്വീകരണത്തിനു മുഖ്യ കാർമ്മികത്വം വഹിച്ചു സന്ദേശം നൽകി. കൂത്രപ്പള്ളി ആരാധന മഠാംഗവും ചങ്ങനാശേരി അസംഷൻ കോളേജ് മുൻപ്രിൻസിപ്പലുമായിരുന്ന ബഹു. സി. റോസിലിൻ തുണ്ടിയിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

13 അഞ്ചൽ മേരിമാതാ ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ കുർബ്ബാന സ്വീകരണത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു സന്ദേശം നൽകി. ചെങ്ങന്നൂർ മേരിമാതാ ദൈവാലയത്തിൽ പുതിയ ദൈവാലയത്തിന്റെ കല്ലിടൽ കർമ്മം നിർവഹിച്ചുസന്ദേശം നൽകി.

14 മുട്ടാർ സെന്റ് ജോർജ് ദൈവാലയത്തിൽ ബഹു. ജോർജ്ജ് സ്രാമ്പി

ക്കലച്ചന്റെ ഓർമ്മകുർബാനയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. കായൽപ്പുറം സെന്റ് ജോസഫ് ദൈവാലയത്തിൽ സി. ജോയിസ് എഫ്.സി.സി.യുടെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തകഴി സെന്റ് റീത്താസ് ദൈവാലയത്തിൽ നവീകരിച്ച പാരീഷ് ഹാളിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു സന്ദേശം നൽകി. എസ്.ബി. ഹൈസ്കൂളിൽ നടന്ന സി.എൽ.റ്റി അവാർഡ്ദാന ചടങ്ങിൽ അദ്ധ്യക്ഷതവഹിച്ചു.

15 കുന്നംന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ വി. കുർബാനയർപ്പിച്ചു. പ്രെസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

16 മുട്ടാർ സെന്റ് തോമസ് ദൈവാലയത്തിൽ സി. റിറ്റി വെട്ടിക്കൽ എസ്.എ.ബി.എസ്. ന്റെ ജൂബിലിക്ക് കുർബാനയർപ്പിച്ചു സന്ദേശം നൽകി.

17 മനയ്ക്കച്ചിറ സെന്റ് ജോസഫ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ചു വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

18 ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ ബഹു. അച്ചന്മാരെ സന്ദർശിച്ചു. തുരുത്തി മർത്ത് മറിയം ദൈവാലയത്തിൽ അതിരൂപതാദിനത്തോടനുബന്ധിച്ചു നടത്തിയ ദീപശിഖ ഛായചിത്രപ്രയാണത്തിനു സ്വീകരണം നടത്തി സന്ദേശം നൽകി.

19 തുരുത്തി മർത്ത് മറിയം ദൈവാലയത്തിൽ നടത്തപ്പെട്ട 131 -ാംമതു അതിരൂപതാദിനാഘോഷങ്ങൾക്കു സ്വാഗതം നേർന്നു സംസാരിച്ചു. രാജമറ്റം ഡി.എസ്.ജെ. മഠത്തിൽ ബഹു. സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളിൽ വി.കുർബാനയർപ്പിച്ചു സന്ദേശം നൽകി.

20 കട്ടച്ചിറ സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ വി.കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഇരവുചിറ സെന്റ് മേരീസ് ദൈവാലയത്തിൽ ഇടവക ദിനത്തിൽ നവീകരിച്ച ഹാൾ വെഞ്ചരിച്ചു തുടർന്നു വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻ പാരീഷ് ഹാളിൽ സി. മരിയ ആര്യങ്കാല എസ്.എ.ബി.എസ്. ന്റെ ജൂബിലി ആഘോഷത്തിൽ ആശംസകൾ നേർന്നു സംസാരിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജ് കാവുകാട്ടു ഹാളിൽ നടന്ന 28-ാമത് മണക്കുന്നേൽ കുടുംബ യോഗ വാർഷികത്തിലും കുടുംബചരിത്ര പുസ്തക പ്രകാശനത്തിലും പങ്കെടുത്തു. അരുവിക്കുഴി ലൂർദ്ദ്ഭവന്റെ പുതിയ ചാപ്പലിന്റെ വെഞ്ചരിപ്പു കർമ്മത്തിനു നേതൃത്വം നൽകി. ഏറ്റുമാനൂർ ക്രിസ്തുരാജ ദൈവാലയത്തിൽ ഇടവക ദിനാഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നൽകി.

21 അമ്പൂരി സെന്റ് ജോർജ്ജ് ഫൊറോന ഇടവക ഹാളിൽ നടത്തിയ അദ്ധ്യാപക പരിശീലന പരിപാടിയിൽ സംസാരിച്ചു. മായം സെന്റ് മേരീസ് ദൈവാലയത്തിന്റെ ഇടവകദിനാഘോഷങ്ങളിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി, വിവിധ അവാർഡുകൾ വിതരണം ചെയ്തു.

22 സന്ദേശനിലയത്തിൽ നടത്തിയ ദൈവാലയശുശ്രൂഷികളുടെ സംഗമം ഉദ്ഘാടനം ചെയ്തു.

23 ദീപിക ഫ്രണ്ടസ് ക്ളമ്പിന്റെ നേതൃത്വതിൽ നടത്തിയ കേരള കർഷകജാഥയുടെ സമാപന റാലിയിൽ പങ്കെടുത്തു. തുടർന്നു സെക്ര ട്ടറിയേറ്റിന്റെ മുന്നിൽ നടന്ന സമാപനയോഗത്തിൽ മുഖ്യപ്രഭാഷണം നട ത്തി.

24 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ജീസസ് യൂത്തിന്റെ ക്യാമ്പിൽ വിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ DCMS എഡ്യൂക്കേഷണൽ ക്യാമ്പിൽ വിദ്യാർത്ഥികളു മായി സംവദിച്ചു.

## മാർ ജോസഫ് പവ്വത്തിൽ

**2018 മാർച്ച്**

23 കുറിച്ചി മൈനർ സെമിനാരിയിൽ മേജർ സെമിനാരിക്കാരുടെ കൂട്ടായ്മയിൽ പങ്കെടുത്തു സന്ദേശം നല്കി

24 കത്തീഡ്രൽ പള്ളിയിൽ *മ്ശംശാന* പട്ടശുശ്രൂഷകളുടെമധ്യേ സന്ദേശം നല്കി. കോർപറേറ്റ് മാനേജ്മെന്റിലെ വിവിധ സ്കൂളുകളിൽ നിന്നും വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനം എസ്.ബി. സ്കൂളിൽ ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി. മാമ്മൂട് ഇടവക പാലാക്കുന്നേൽ ശോശാമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

25 തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് ദൈവാലയത്തിൽ ഓശാന തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വടക്കേക്കരയിൽ തുരുത്തി ഫൊറോനാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി.

27 മാവേലിക്കര സെയിന്റ് അൽഫോൻസാ പള്ളിയിൽ പെസഹാ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**2018 ഏപ്രിൽ**

03 അതിരൂപതാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നല്കി.

04 കുറിച്ചി മൈനർ സെമിനാരിയിൽ നടത്തപ്പെട്ട ദൈവവിളി ക്യാമ്പിൽ പങ്കെടുത്തവരെ സന്ദർശിച്ചു സന്ദേശം നല്കി.

08 പുന്നപ്ര മാർ ഗ്രിഗോറിയോസ് ദൈവാലയത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

12 ചങ്ങനാശേരി സി.എം.സി. ഹോളി ക്വീൻസ് പ്രോവിൻസിന്റെ ശതോത്തരരജതജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പാലാ അരുണാപുരം പാസ്റ്ററൽ സെന്ററിൽ ഡോ. എ.ടി. ദേവസ്യയുടെ നവതിയാഘോഷത്തിൽ പങ്കെടുത്തു, പ്രഥമ നവതി പുരസ്ക്കാരം ഏറ്റുവാങ്ങി.

13 തൈപ്പറമ്പിൽ ബ. ജോസഫ് അച്ചന്റെ ജ്യേഷ്ഠന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. എ.കെ.സി.സി. കുടമാളൂർ, കോട്ടയം ഫൊറോനകൾ സംയുക്തമായി സംഘടിപ്പിച്ച ന്യൂനപക്ഷാവകാശ സെമിനാർ ഉദ്ഘാടനം ചെയ്തു.

14 മങ്കൊമ്പ് നസ്രത്ത് ഇടവകയിൽ ചമ്പക്കുളം ഫൊറോനാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ പ്രവർത്തനവർഷോദ്ഘാടനം നിർവഹിച്ചു സന്ദേശം നല്കി. പൊടിപ്പാറ തിരുക്കുടുംബ ദൈവാലയത്തിൽ നടുവിലേഴം ബ. ജോസഫ് അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയോടനുബന്ധിച്ച് കൃതജ്ഞതാബലിമധ്യേ സന്ദേശം നല്കി.

15 മുഹമ്മ സെന്റ് ജോർജ്ജ് ഇടവകയുടെ ദ്വിശതാബ്ദി ആഘോഷങ്ങളും ഇടവകദിനവും ഉദ്ഘാടനം ചെയ്തു. കുരിശുംമൂട് മീഡിയാ

വില്ലേജിൽ മീഡിയാ ക്യാംമ്പ് ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി.

17 കോർപറേറ്റ് മാനേജ്മെന്റിൽ പുതുതായി നിയമിതരായ അദ്ധ്യാപകർക്കായി എസ്.ബി. സ്കൂളിൽ നടത്തപ്പെട്ട പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു.

30 പ്രീസ്റ്റ് ഹോമിൽ കളത്തിൽ ബഹു. ജോർജ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**മെയ് 2018**

01 കെ.എൽ.എം. സംഘടിപ്പിച്ച മെയ്ദിന റാലിയുടെ സമാപനസമ്മേളനം കാവുകാട്ടു ഹാളിൽ ഉദ്ഘാടനം ചെയ്തു. മാമ്മൂട് ലൂർദ്ദ് മാതാ ഇടവകയുടെ ഇടവകദിനവും വികാരി തെക്കുംമുറിയിൽ ബഹു. തോമസച്ചന്റെ പൗരോഹിത്യ രജതജൂബിലിയും സംയുക്തമായി കൊണ്ടാടിയ വേളയിൽ കൃതജ്ഞതാബലിക്കുശേഷം ദൈവാലയത്തിൽ സന്ദേശം നൽകി.

04 ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് സി.എം.സി. കോൺവെന്റിൽ വയോധികരായ സന്യാസിനിമാരെ സന്ദർശിച്ചു.

08. കുറിച്ചി മൈനർ സെമിനാരിയിൽ നടത്തപ്പെട്ട കൂട്ടായ്മയിൽ മേജർ സെമിനാരിക്കാർക്ക് ക്ലാസ്സെടുത്തു.

10 യൂദാപുരം ഇടവക ആലഞ്ചേരി ഫിലിപ്പോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12 മനയ്ക്കച്ചിറ സെന്റ് ജോസഫ് ദൈവാലയത്തിന്റെ സ്വതന്ത്ര ഇടവക പ്രഖ്യാപനത്തോടും കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തോടുമനുബന്ധിച്ച് ദൈവാലയത്തിൽ വി. കുർബാന മദ്ധ്യേ സന്ദേശം നൽകി. എസ്.ബി. സ്കൂൾ ചാപ്പലിൽ തേവലക്കര മാത്യു-ഏലിയാമ്മ ദമ്പതികളുടെ 60-ാം വിവാഹവാർഷികാഘോഷത്തിൽ കൃതജ്ഞതാബലിക്കുശേഷം സന്ദേശം നൽകി. വാഴപ്പള്ളി ആരാധനാമഠത്തിൽ അസംപ്ഷൻ കോളേജ് മുൻ പ്രിൻസിപ്പൽ റവ. സി. റോസ്‌ലിൻ എസ്.എ.ബി.എസി.ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പാലായിൽ ആർച്ച് എപ്പാർക്കിയൽ സിവിൽ സർവീസ് അക്കാഡമിയിലെ വിജയികളുടെ അനുമോദനയോഗത്തിൽ പങ്കുചേർന്ന് ആശംസകളറിയിച്ചു.

16 പുതുതായി വൈദികവസ്ത്രം സ്വീകരിച്ച ബ്രദേഴ്സിനെ ഭവനത്തിൽ സ്വീകരിച്ചു.

18 മാതൃവേദി - പിതൃവേദിയുടെ ആഭിമുഖ്യത്തിൽ കണ്ണാടി സെന്റ് റീത്താസ് പള്ളിയിലേക്ക് നടത്തിയ പുളിങ്കുന്ന് ഫൊറോനയിലെ തീർത്ഥാടന സമാപനവേളയിൽ സന്ദേശം നൽകി. ചങ്ങനാശ്ശേരി എസ്.ബി. കോളേജിനു ലഭിച്ച നേട്ടങ്ങൾക്കു പൗരാവലിയൊരുക്കിയ അനുമോദന സമ്മേളനത്തിലും പ്രിൻസിപ്പൽ റവ. ഡോ. ടോമി പടിഞ്ഞാറേവീട്ടിലിന്റെ യാത്രയയപ്പിലും സന്ദേശം നൽകി.

19 തുരുത്തി മർത്ത് മറിയം ഫൊറോനാപള്ളിയിൽ നടത്തപ്പെട്ട 131-ാമത്

അതിരൂപതാദിനത്തിൽ സന്ദേശം നൽകി, ഭവനനിർമാണ പദ്ധതിയുടെ താക്കോൽദാനം നിർവഹിച്ചു.

21 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന പള്ളിയിലെ സമർപ്പിത സംഗമത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

22 ഹോം മിഷനുള്ള സിസ്റ്റേഴ്സിന്റെ പരിശീലന ക്യാമ്പിൽ സന്ദേശം നൽകി.

25 സന്ദേശനിലയത്തിൽവച്ചു നടത്തപ്പെട്ട ദൈവാലയശുശ്രൂഷകരുടെ സമ്മേളനത്തിൽ സന്ദേശം നൽകി.

26 എസ്.ബി. ഹൈസ്ക്കൂളിൽ കോർപ്പറേറ്റ് മാനേജ്മെന്റിലെ പ്രധാന അദ്ധ്യാപകരുടെ സമ്മേളനത്തിൽ സന്ദേശം നൽകി. സന്ദേശനിലയത്തിൽവച്ചു നടത്തപ്പെട്ട മതാദ്ധ്യാപകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

27 കൈനകരി അറുനൂറ്റുംപാടം തിരുഹൃദയ ദൈവാലയത്തിൽ ഇടവകദിന സന്ദേശം നൽകി. ചുങ്കപ്പാറ ചെറുപുഷ്പ ദൈവാലയത്തിൽ ഇടവകദിനത്തോടനുബന്ധിച്ച് സന്ദേശം നൽകി.

28 എസ്.ബി. ഹൈസ്ക്കൂളിൽ നടത്തപ്പെട്ട കോർപ്പറേറ്റ് മാനേജ്മെന്റിലെ അദ്ധ്യാപകരുടെ സോണൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

# ENGAGEMENTS — 2018 JUNE

## Mar Joseph Perumthottam
**Metropolitan Archbishop of Changanacherry**

| | |
|---|---|
| 1 | **10.00 a.m.** Finance Council<br>**02.45 p.m. - 04.00 p.m.** Visitors' Time<br>**07.00 p.m.** Cemetery Blessing @ Mavelikkara |
| 2 | **07.30 a.m.** Venerable Mar Thomas Kurialasserry:- Anniversary:- *Qurbana* @ Cathedral |
| 3 | **02.30 p.m.** Episcopal Ordination of Rt Rev. Msgr Paul Antony Mullasserry @ Kollam |
| 4 | **10.30 a.m.** New Admissions to Etawah Minor Semiary @ Kurichy.<br>**05.30 p.m.** *Iphtar Sangamam* @ Town Hall, Changanacherry |
| 5-7 | KCBC @ POC, Palarivattom |
| 8 | **03.00 p.m.** Engaged |
| 9 | **10.00 a.m.** Forane Level *Pradhinidhi Yogam* @ Kollam - Ayoor<br>**02.30 p.m.** Laity Theological Course Inauguration @ Kaduvakulam |
| 10 | Pastoral Visit @ Mariapuram, Edathua |
| 11 | **02.45 p.m. - 04.00 p.m.** Visitors' Time |
| 12 | **11.30 a.m.** Forane Priests Conference @ Athirampuzha<br>**05.45 p.m.** Forane Priests Conference @ Thrickodithanam |
| 13-14 | **03.00 p.m.** Engaged<br>**06.30 p.m.** Regency Brothers' Monthly Recollection @ Archbishop's house |
| 15 | **03.00 p.m. - 04.00 p.m.**Visitors' Time |
| 16 | **11.00 a.m.** Engaged<br>**06.30 p.m.** Pastoral Council Executive Meeting @ Archbishop's House |
| 17 | Pastoral Visit @ Mundupalam |
| 18 | **06.30 a.m.** *Qurbana* & Meeting with First Year Students @ Kurichy Seminary<br>**12.00 p.m.** Prolife meet @ Cathedral, CHY. |
| 19 | **10.00 a.m.** Forane Priests Conference @ Kudamaloor<br>**02.30 p.m.** On-going Course for Priests @ Archbishop's House<br>**06.30 p.m.** Forane Priests Conference @ Thuruthy |
| 20 | **02.30 p.m.** Final Profession of DSJ Sisters @ Rajamattom |

| | |
|---|---|
| 21 | **06.15 a.m.** *Qurbana* @ SVD Seminary, Parel<br>**06.00 p.m.** Interdepartmental Meeting |
| 22 | **02.45 p.m.** Visitors' Time |
| 24 | Pastoral Visit @ Nedumkunnam Forane Parish |
| 25 | **02.30 p.m.** On-going Course for Priests @ Archbishop's House<br>**06.30 p.m.** Forane Priests Conference @ Manimala |
| 26 | **06.15 a.m.** *Qurbana* @ Vadavathoor Seminary Commission Visit |
| 27 | **06.00 p.m.** Engaged |
| 28 | **02.30 p.m.** On-going Course for Priests @ Priests Home, Ithithanam<br>**06.00 p.m.** Monthly Recollection @ Archbishop's House |
| 30 | **10.00 a.m.** Homily @ Purakkadu, Jubileee Celebration of Rev Fr Gregory Kuttickal Shamshabad<br>**02.30 p.m.** CHASS Celebration @ Indoor Stadium |

# ENGAGEMENTS

## 2018 JUNE

**Mar Thomas Tharayil**
**Auxiliary Bishop**

| | |
|---|---|
| 01 - 14 | Treatment @ Pothupara, Kanjirappally |
| 19 -20 | On-going Formation for Priests @ Sandesanilayam |
| 26 - 27 | On-going Formation for Priests @ Sandesanilayam |
| 28 | On-going Formation for Priests @ Priest Home |

# ENGAGEMENTS

## 2018 JUNE

**Mar Joseph Powathil**
**Archbishop Emeritus**

| | |
|---|---|
| **03** | **11.15 a.m.** Parish Day @ Ayarkunnam |
| | **03.00 p.m.** Bio- medical Ethics Class Inauguration @ Mudiyoorkara |
| **07** | **10.30 a.m.** *Prathibhasangamam* @ Kottayam Lourdes F |
| **09** | **03.00 p.m.** Thrikodithanam Forane Council Inaguration |
| **15** | **10.00 a.m.** Angels Meet @ Rajamattam |
| | **11.30 a.m.** Sandeshnilayam |
| **22** | **11.00 a.m.** Course Inauguration @ Denahalaya |